VII ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-2001 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ.

VIII നിയമസഭാ സമ്മേളനത്തിൽ ഹാജരാകാതിരിക്കാൻ അനുവാദം

മി. സ്പീക്കർ : ശ്രീ. ചെർക്കളം അബ്ദുള്ള, നിയമസഭയുടെ നടപടിക്രമവും കാര്യ-നിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 170-(1) അനുസരിച്ച് അസംബ്ലിയുടെ ഈ സമ്മേളനക്കാലത്ത് യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയുടെ പ്രസക്തഭാഗം ഇപ്രകാരമാണ്. ഞാൻ ഉമ്റ നിർവഹിക്കുന്നതിനായി മെക്കയിലേക്ക് പോകുന്നതിനാൽ ഡിസംബർ 18-ന് ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിൽ സംബന്ധിക്കാൻ എനിക്ക് സാധിക്കുകയില്ലെന്ന് ഇതിനാൽ അറിയിക്കുന്നു. എനിക്ക് ലീവ് അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു. ശ്രീ.ചെർക്കളം അബ്ദുള്ളയ്ക്ക് ഈ സമ്മേളനക്കാലത്ത് സഭയിൽ ഹാജരാകാതിരിക്കാനുള്ള അനുവാദം സഭയുടെ അനുമതിയോടുകൂടി നൽകുന്നു. ഓർഡർ, ഓർഡർ.

IX നിയമനിർമ്മാണകാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സ്പോർട്സ് ബിൽ (പരിഗണന തുടർച്ച) †

മി.സ്പീക്കർ : പ്രധാനപ്പെട്ട ഭാഗത്തേയ്ക്ക് വരുന്നു. സെലക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 1999-ലെ കേരള സ്പോർട്സ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം 18-12-2000-ത്തിൽ സഭ അംഗീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ബിൽ പരിഗണനയ്ക്കെടുക്കുന്നു. ഇനി വകുപ്പ് തിരിച്ചുള്ള പരിഗണനയാണ്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഒരു സജക്ഷൻ ഉള്ളത് ചർച്ച ഇപ്പോൾ നീട്ടികൊണ്ടു പോകാൻ സാധിക്കുകയില്ല ; സമയമില്ല.

മി. സ്പീക്കർ : ചർച്ചയല്ല, വകുപ്പ് തിരിച്ചുള്ള പരിഗണന.

---

†അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : അതെ, മന്ത്രി എന്തെങ്കിലും രണ്ട് മിനിട്ടുകൊണ്ട് എന്താണെന്നുള്ളത് ഒന്ന് എക്സ്പ്ലെയിൻ ചെയ്തിട്ട് അപ്രോപ്രിയേറ്റ് ക്ലാസിൽ പോകട്ടെ, അതായിരിക്കും നല്ലത്. ഇന്നലെ ഒന്നും നടന്നില്ലല്ലോ.

മി. സ്പീക്കർ : നടപടിക്രമം അനുസരിച്ച് വകുപ്പുകളിലേയ്ക്ക് പോകുകയാണ്. പിന്നെ മന്ത്രിക്ക് അങ്ങനെയാകാം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, പറയാം, കാപ്സ്യൂൾ ആയിട്ട് പറയാം.

മി. സ്പീക്കർ : കാപ്സ്യൂൾ എങ്ങനെയാണെന്ന് നോക്കണം ; എത്രയാണ് അതിന്റെ ലെങ്ത് എന്ന്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, കേരളം വളരെ പ്രതീക്ഷയോടുകൂടി കാത്തിരുന്ന ഒരു ബില്ലാണിത്. കായികതാരങ്ങൾ മാത്രമല്ല ബഹുമാന്യനായ എന്റെ മുൻഗാമി ശ്രീ.എ.സി.ഷൺമുഖദാസ് ഈ ബില്ലിന്റെ ആദ്യഘട്ടങ്ങളിൽ കാര്യമായ സംഭാവനകൾ ചെയ്തിട്ടുണ്ട്. ഈ ബിൽ ഈ സഭയിൽ വരുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ വഹിച്ച പങ്ക് കായിക കേരളം എല്ലാ കാലത്തും ഓർമ്മിക്കും. ഗോദവർമ്മ രാജ, ഒളിംപ്യൻ അബ്ദു റഹിമാൻ, പി. ടി. ഉഷ, ജിമ്മിജോർജ്, ശ്രീ. പി. സി. യോഹന്നാൻ, ശ്രി. സുരേഷ് ബാബു, ശ്രീമതി ഷൈനി വിൽസൺ, ശ്രീ. ഐ. എം. വിജയൻ, തുടങ്ങിയ കേരളത്തിന്റെ അഭിമാന സ്തംഭങ്ങളായ കായികതാരങ്ങൾ ഇൻഡ്യയുടെ യശസ് ലോകത്തിന്റെ മുൻപിൽ ഉയർത്തിയിട്ടുണ്ട്. ശ്രീ. വി. ജി. ഗോവിന്ദൻ നായർ, ശ്രീ. എം. കെ. ജോസഫ്, ശ്രീ. കെ. രാമചന്ദ്രൻ , ശ്രീ. വിംസി, ശ്രീ. രാജഗോപാൽ, ശ്രീ. രവീന്ദ്ര ദാസ്, ശ്രീ. എസ്. കരുണാകരൻ നായർ, തുടങ്ങിയവർ ഈ ബിൽ രൂപകൽപ്പന ചെയ്യുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇവരെയെല്ലാം ഈ സന്ദർഭത്തിൽ അനുസ്മരിക്കേണ്ടതായിട്ടുണ്ട്. ഈ ബിൽ കേരളത്തിലെ കായികതാരങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്പോർട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ കായികക്ഷമ വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ത്രിതല അടിസ്ഥാനതലങ്ങളിൽ നിന്നുതന്നെ കായികതാരങ്ങളെ വളർത്തികൊണ്ട് വരുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൂടുതൽ ഒന്നും പറയുന്നില്ല, ഏതായാലും പ്രതിപക്ഷവും ഈ കാര്യത്തിൽ ആത്മാർത്ഥയോടുകൂടി ഗവൺമെന്റിനോട് സഹകരിച്ചതിൽ സന്തോഷമുണ്ട്. കഴിയാവുന്നത്ര ബില്ലിന്റെ ചർച്ചാവേളയിലും സെലക്ട് കമ്മിറ്റി ചർച്ചയിലും അതിനുശേഷമുള്ള വിലയിരുത്തലുകളിലും ഒരുപാട് ഭേദഗതികൾ വരുത്തിയിട്ടുണ്ട്. അതുകൊണ്ട് കഴിയുന്നത്ര വേഗത്തിൽ ഈ ബിൽ പാസ്സാക്കുന്നതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : അപ്പോൾ ഇതാണ് കാപ്സ്യൂൾ. ഇനി വകുപ്പുതിരിച്ചുള്ള പരിഗണന.

LIBRARY ARCHIVES Kerala Legislative Assembly

2-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ് : സർ, താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

(106) വകുപ്പ് 2 (ii) വിട്ടുകളയുക.

(121) വകുപ്പ് 2 (xvi)- ൽ "ടൗൺ സ്പോർട്സ് കൗൺസിലിലോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിലോ" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(127) വകുപ്പ് 2 (xxii)- ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

സർ, സ്പോർട്സ് ബില്ലിന്റെ നിർവചനങ്ങളെ സംബന്ധിച്ചുള്ള ക്ലോസ് ആണ്. ഇതിനകത്ത് ഒരു കാര്യം സൂചിപ്പിക്കാൻ ഉള്ളത് കേരളത്തിലെ കായികരംഗം പരിപോഷിപ്പിക്കാൻ വേണ്ടി കൊണ്ടുവന്നിട്ടുള്ള നിയമം എന്ന നിലയിൽ ഈ നിയമത്തെ ഞങ്ങൾ ആത്മാർത്ഥമായി സ്വാഗതം ചെയ്യുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ പ്രതിപക്ഷത്തുള്ള ആളുകൾ ഇതിനോട് സഹകരിച്ച് ഇന്നിവിടെയിരുന്ന് ഈ ബിൽ പാസ്സാക്കിത്തരുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ഞാൻ ഈ മൂന്നും ക്ലബ് ചെയ്തുകൊണ്ട് ഒന്നിച്ച് പറയാം. ഇവിടെ മന്ത്രി പറഞ്ഞ അവസരത്തിൽ സൂചിപ്പിക്കുകയുണ്ടായി എല്ലാ തലങ്ങളിലും ഈ സ്പോർട്സിന്റെ കാര്യങ്ങൾ ഭംഗിയായി കൊണ്ടുപോകുന്നതിനുവേണ്ടിയിട്ടുള്ള നടപടികളാണ് എന്നു പറഞ്ഞു. ഇതിനകത്ത് കായിക വിനോദത്തെ സംബന്ധിച്ച് നമ്മുടെ നിർവചനങ്ങൾക്ക് അകത്ത് പതിനാലിൽ പറയുന്നത് ഒരു കായിക വിനോദമായോ കളിയായോ പുനർ നിർദ്ദേശിക്കുന്ന മറ്റ് കായിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സർക്കാരിന്റെ വിജ്ഞാപനംമൂലം, അത് ഏതാണെന്ന് പറയാം, ഇവിടെ വന്നിരിക്കുന്ന പ്രധാന സംഗതി ഇപ്പോൾ ത്രിതല പഞ്ചായത്തുകൾ നിലവിൽ വന്നു. ഈ ത്രിതല പഞ്ചായത്തുകൾ പോലെതന്നെ സ്പോർട്സ് കൗൺസിൽ രൂപീകരണത്തിനുവേണ്ടിയിട്ട്, ആക്കി തീർക്കണം എന്നു പറയുന്നത് ഒരിക്കലും ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഇത് സംസ്ഥാനതലത്തിൽ ആവശ്യമാണ്, ജില്ലാ തലത്തിൽ ആവശ്യമാണ്, ത്രിതലത്തിൽ പിന്നെ വരുന്നത് ബ്ലോക്ക് വരുന്നുണ്ട്, ഗ്രാമം വരുന്നുണ്ട്, ഇതിനകത്ത് മുനിസിപ്പാലിറ്റികൾ വരുന്നുണ്ട്, ടൗൺ വരുന്നുണ്ട്, അങ്ങനെ ഓരോ തലങ്ങളിലും ഒരുപാട് സ്പോർട്സ് കൗൺസിലുകൾ ഉണ്ടാക്കുവാനുള്ള പ്രൊപ്പോസൽ ഇതിനകത്ത് വന്നിരിക്കുന്നു. അത് പ്രയോജനത്തെക്കാൾ ഏറെ ബുദ്ധമുട്ടുകൾ ഉണ്ടാക്കും. കാരണം ഇവിടെത്തന്നെ ട്രൈബ്യൂണലുകൾ രൂപീകരിക്കലടക്കമുള്ള കാര്യങ്ങളെക്കുറിച്ച് ഇതിനകത്ത് പറയുന്നുണ്ട്. ഇപ്പോൾ ഇതിനകത്ത് പറഞ്ഞിരിക്കുന്നത് ഇലക്ടഡ് ആയിട്ടുള്ള ആളുകളും നോമിനേറ്റഡ് ആയിട്ടുള്ള ആളുകളും വരും, നമ്മൾ പ്രധാനമായും ചിന്തിക്കേണ്ട സംഗതി .....സെലക്ട് കമ്മിറ്റി സ്റ്റേജിൽ എന്തുകൊണ്ട് അതിനെക്കുറിച്ച് ആലോചിച്ചില്ല എന്ന് എനിക്കറിയില്ല. എല്ലാ തലങ്ങളിലും ഇതിനകത്ത് ഈ പറയുന്നതുപോലെ ആവശ്യങ്ങൾ ഉണ്ടോ ? ത്രിതല പഞ്ചായത്ത് നമ്മൾ വിഭാവനം ചെയ്തിരിക്കുന്നത്, ത്രിതല പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്നത് വേറെ കാര്യമാണ്. സംസ്ഥാനതലത്തിൽ ഒരു സ്പോർട്സ് കൗൺസിൽ ആവശ്യമാണ്, ജില്ലാ തലത്തിൽ ആവശ്യമാണ്. ജില്ലാ തലം കഴിഞ്ഞാൽ പിന്നെ ഏതെങ്കിലും ഒരു തലത്തിൽ ഇതവസാനിപ്പിക്കാവുന്നതാണ്. ഇവിടെ അങ്ങനെ അല്ല പോയിരിക്കുന്നത്. ഒന്നുകിൽ താലൂക്ക് തലം വേണമെങ്കിൽ വേറെ ഐറ്റം ആയിട്ട് കൊണ്ടുവന്ന് ചേർക്കാം. പക്ഷേ ഇവിടെ വന്നിരിക്കുന്നത് ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ടൗൺഷിപ്പ് എല്ലാമാണ്. ഞാൻ അതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് ഈ ബ്ലോക്ക് സ്പോർട്സ് കൗൺസിൽ എന്നു പറയുന്ന ഭാഗം വിട്ടു കളയണമെന്നാണ്. എന്റെ ആശയം എന്നു പറയുന്നത് ഇത്രയും തലങ്ങളിൽ ഇതിന്റെ ആവശ്യമില്ല. അത് ബില്ലിന്റെ നിർവ്വചന സ്റ്റേജിൽ മുതൽ നമ്മൾ നോക്കിയില്ലെങ്കിൽ ബുദ്ധിമുട്ട് വരും. ഞാൻ വേറെ കുറേ അമെന്റ്മെന്റ്സ് കൊടുത്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടാണ് ഞാൻ ഇവിടെ നിർവ്വചനത്തിന്റെ കാര്യം പറഞ്ഞിരിക്കുന്നത്. എന്റെ അഭിപ്രായം പൊതുവേ ഈ രംഗത്തുള്ള ആളുകൾ അതിനെ അംഗീകരിക്കുകയും ചെയ്യും എന്നാണ്. നമ്മൾ ഒരുപാട് കൗൺസിലുകൾ രൂപീകരിച്ചുകൊണ്ടുവന്നാൽ നമ്മൾ ഉദ്ദേശിക്കുന്നതിനേക്കാൾ ബുദ്ധിമുട്ട് ഉണ്ടാകും. ഇത് എന്ന് പ്രാബല്യത്തിൽ വരും എന്നുള്ളതിനെക്കുറിച്ച് ഇവിടെ ചർച്ച വരുന്നുണ്ട്. അത് സർക്കാർ നിശ്ചയിക്കുന്ന സമയത്തേ പ്രാബല്യം വരികയുള്ളൂ. അത് പ്രശ്നത്തിന് ഇട നൽകും എന്നുള്ളതുകൊണ്ട് പിന്നെ പരിശോധിക്കണം എന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേദഗതികൾ അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. അബ്ദുറബ്ബ് : ഞാൻ എന്റെ 114-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(114) വകുപ്പ് 2 (xv) -ൽ "സ്പോർട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി" എന്നീ വാക്കുകൾക്കു പകരം "സ്പോർട്സും ഗെയിംസും കായികക്ഷമതയും പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. തമ്പാനൂർ രവി : എന്റെ 118, 122, 126 എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(118) വകുപ്പ് 2 (xvi)-ൽ അവസാനത്തെ വരിയിൽ "സ്പോർട്സ് സംഘടന" എന്നതിനുപകരം "സ്പോർട്സ് ക്ലബ് " എന്നു ചേർക്കുക.

(122) വകുപ്പ് 2 (xvii)-ൽ താഴെപറയും പ്രകാരം മാറ്റുക ; "സ്പോർട് താരം" എന്നാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരു സ്പോർട്സ് ഇനത്തിൽ, ജില്ല-സംസ്ഥാന-ദേശീയ-അന്തർദേശീയ നിലവാരത്തിൽ പങ്കെടുത്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നതും ;

(126) വകുപ്പ് 2 (xix) -ൽ താഴെപറയും പ്രകാരം മാറ്റുക; "xix സംസ്ഥാന സ്പോർട്സ് അതോറിറ്റി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സ്പോർട്സ് അതോറിറ്റി ഓഫ് കേരള എന്നർത്ഥമാകുന്നു ;

സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നുള്ളിടത്തെല്ലാം അതിനു പകരം "സ്പോർട്സ് അതോറിറ്റി ഓഫ് കേരള" എന്ന് ചേർക്കേണ്ടതുമാണ്.

ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറഞ്ഞതുപോലെ ഈ സ്പോർട്സ് ബില്ലിനോടുള്ള ഞങ്ങളുടെ താത്പര്യം കൊണ്ടാണ് ഈ പ്രത്യേക സാഹചര്യത്തിൽ ഞങ്ങൾ ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. ഇവിടെ മന്ത്രി ആമുഖപ്രസംഗം വളരെ ദീർഘമായിട്ടാണ് നടത്തിയിരിക്കുന്നത്. കേരളത്തിലെ സ്പോർട്സ് പ്രേമികൾ വളരെ വർഷങ്ങളായി ആഗ്രഹിക്കുന്ന ഒന്നാണ് ഈ സ്പോർട്സ് ബിൽ. അങ്ങ് ഉൾപ്പെടെ ഈ സ്പോർട്സ് ബിൽ യാഥാർത്ഥ്യമാക്കുവാൻ ഒരുപാട് ശ്രമങ്ങൾ നടന്ന ഒരു സഭയാണ്. അവസാനം ഈ സ്പോർട്സ് ബിൽ വന്നപ്പോൾ "മല എലിയെ പ്രസവിച്ചു" എന്നു പറഞ്ഞതുപോലെ ഒരുപാട് കാര്യങ്ങൾ വിട്ടു പോയിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് ആമുഖമായി പറയാനുള്ളത് ഇനിയും ഒരു ഫാൾസ് പ്രസ്റ്റീജായി ഗവൺമെന്റ് കാണാതെ ഈ സഭയ്ക്കകത്ത് വരുന്ന ചർച്ചകളും അമെന്റുമെന്റുകളും വളരെ സൂക്ഷ്മതയോടുകൂടി പരിശോധിച്ച് ഉൾക്കൊള്ളാവുന്നതു മുഴുവൻ ഉൾക്കൊണ്ടുകൊണ്ട് സമഗ്രമായ ഒരു ബില്ലാണ് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. ഇൻഡ്യൻ സ്പോർട്സ് രംഗത്ത് വളരെയധികം സംഭാവനകൾ കേരളത്തിന് നൽകാനുണ്ട്. ഒന്നുരണ്ട് ആസ്പെക്റ്റ് മനസ്സിൽ വച്ചുകൊണ്ട് കുറേക്കൂടി സമഗ്രമായ ഒരു ബില്ലാക്കി മാറ്റാനുള്ള സഹകരണം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെയും മന്ത്രിയുടെയും ഭാഗത്തു നിന്ന് ഉണ്ടാകണം. അതിന് അങ്ങയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. എന്റെ ഭേഭഗതി 118 പറയുന്നത് "സ്പോർട്സ് സംഘടന" എന്നതിനു പകരം "സ്പോർട്സ് ക്ലബ്" എന്നാക്കി മാറ്റണമെന്നാണ്. 122-ൽ പറയുന്നത് കായികതാരങ്ങൾ, ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്, ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറഞ്ഞ, ഇവിടെ സ്പോർട്സ് താരം എന്നാൽ അംഗീകൃത സ്പോർട്സ് മൽസരങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള ആൾ എന്ന് അർത്ഥമാകുന്നതും സ്പോർട്സ് കൗൺസിൽ പരിശീലകർ ഉൾപ്പെടുന്നതും ആകുന്നു. അവിടെ എന്റെ ഭേദഗതി കുറേക്കൂടി സ്പെസിഫിക് ആക്കണം. സ്പോർട്സിലെ ഏറ്റവും പ്രധാനപ്പെട്ട ഒരാളാണ് സ്പോർട്സ് താരം. എന്റെ ഭേദഗതിയിൽ ഏതെങ്കിലും ഒരു സ്പോർട്സ് ഇനത്തിൽ ജില്ല-സംസ്ഥാന-ദേശീയ-അന്തർ-ദേശീയ നിലവാരത്തിൽ പങ്കെടുത്ത ആളുകൾ എന്നർത്ഥമാകുന്നു. അങ്ങനെയൊരു മാറ്റം ഇതിനകത്ത് വന്നാലേ അത് സ്പെസിഫിക് ആകുകയുള്ളൂ. കാരണം സ്പോർട്സ് താരങ്ങളെക്കുറിച്ച് പറഞ്ഞ കാര്യമാണ്. ഇപ്പോൾ പ്രൊപ്പോസ് ചെയ്തിരിക്കുന്ന അമെന്റ്മെന്റ് വളരെ ലൈറ്റാണ്. അതിന് കുറേക്കൂടി ഗാംഭീര്യം ഉണ്ടാകണമെങ്കിൽ ഞാൻ ഈ പറഞ്ഞ ഭേദഗതി ഗവൺമെന്റ് അംഗീകരിക്കണം.

126-ാമത്തെ ഭേദഗതി വളരെ പ്രധാനപ്പെട്ടതാണ്. ഇവിടെ ഒരുപാട് സ്പോർട്സ് സംഘടനകൾ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, യുവജന ക്ഷേമബോർഡ് ഇങ്ങനെ പല സംഘടനകൾ ഉണ്ട്. കേരളത്തിലെ സ്പോർട്സിലെ ശാപം എന്നു പറയുന്നതു തന്നെ ഇത്തരം സംഘടനകളാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് ഇതെല്ലാകൂടി ചേർത്ത് ഒരു റൂഫിന്റെ കീഴിൽ കൊണ്ടുവരാൻ കഴിയണം. ഇൻഡ്യാ ഗവൺമെന്റിന്റെ 'സായി'യിൽ എല്ലാ സ്പോർട്സും കേന്ദ്രീകരിച്ചിരിക്കുന്നു. 'സായി'യുടെ നിയന്ത്രണത്തിലാണ് എല്ലാ സ്പോർട്സും. ഇപ്പോൾ ഇവിടെയുള്ള പുതിയ ബില്ലിൽ പറഞ്ഞിരിക്കുന്നത് സ്പോർട്സ് കൗൺസിൽ വേറെ, യൂത്ത് ഡയറക്ടറേറ്റ് വേറെ, യുവജനക്ഷേമ ബോർഡ് വേറെ, ഇങ്ങനെ വിവിധങ്ങളായ ഏജൻസികളാണ്. ഒരുകാര്യം വളരെ വ്യക്തമാണ്. ഈ വിവിധ ഏജൻസികൾ വിചാരിച്ചാൽ കേരളത്തിലെ സ്പോർട്സ് നന്നാകാൻ പോകുന്നില്ല. അതുകൊണ്ട് ഇതെല്ലാംകൂടി ചേർത്തുകൊണ്ട് ഒരൊറ്റ സംവിധാനമായി സ്പോർട്സ് സംഘടന രംഗത്ത് വന്നെങ്കിൽ മാത്രമേ കേരളത്തിലെ കായിക ശേഷി നമുക്ക് വളർത്തിയെടുക്കാനും ദേശീയ തലത്തിൽ നമുക്ക് അർഹമായ സ്ഥാനത്ത് എത്തിച്ചേരാനും കഴിയുകയുള്ളൂ. അതുകൊണ്ട് എന്റെ വിനീതമായ നിർദ്ദേശം എന്ന് പറയുന്നത് കേരളത്തിലെ സ്പോർട്സ് കൗൺസിൽ എന്നുള്ളത് മാറ്റി 'സ്പോർട്സ് അതോറിറ്റി ഓഫ് കേരള' എന്ന് 'സായി' മോഡലിൽ കൊണ്ടു വരണം. സ്പോർട്സ് കൗൺസിൽ ഇവിടെയുണ്ട്. കേരളത്തിലെ എല്ലാ സ്പോർട്സ് പ്രവർത്തനങ്ങളും ഒരൊറ്റ റൂഫിന്റെ കീഴിൽ 'സായി' എന്നു പറഞ്ഞതുപോലെ 'എസ്.എ.കെ.' എന്ന നിലയ്ക്കുള്ള ഒരു ഭേദഗതി അംഗീകരിച്ചുകൊണ്ട് സ്പോർട്സ് പ്രസ്ഥാനം വരണം എന്നതാണ് എന്റെ ഭേദഗതി . സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നതിനുപകരം സംസ്ഥാന സ്പോർട്സ് അതോറിറ്റി (എസ്.എ.കെ) എന്നാക്കി മാറ്റണം.

മി. സ്പീക്കർ : മറ്റു ഭേദഗതികൾ ഒന്നും ഓർഡറിൽ അല്ല.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ത്രിതല സ്പോർട്സ് അതോറിറ്റിയെക്കുറിച്ച് സംശയം പ്രകടിപ്പിക്കുകയുണ്ടായി. ഗ്രാസ്സ് റൂട്ട് ലവലിൽ തന്നെ കായിക താരങ്ങളെ പരിശീലിപ്പിക്കണം എന്നുള്ള അർത്ഥത്തോടുകൂടിയാണ് ഇങ്ങനെ വിഭാവനം ചെയ്തിട്ടുള്ളത്. അതുകൊണ്ട് അദ്ദേഹത്തിന്റെ നിർദ്ദേശം സ്വീകരിക്കാൻ നിവൃത്തിയില്ല. ശ്രീ. തമ്പാനൂർ രവിയുടെ 122-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റു ഭേഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ്, അങ്ങയുടെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ പ്രസ്സ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പി. കെ. അബ്ദുറബ്ബ്, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. കെ. അബ്ദുറബ്ബ് : ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. പി. കെ. അബ്ദുറബ്ബ്, അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 118, 126 എന്നീ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തമ്പാനൂർ രവി : സർ, എന്റെ 126-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. ഇതിന് ഞാൻ പോൾ ആവശ്യപ്പെടുന്നു. കാരണം അത് ചരിത്രത്തിൽ വരേണ്ട ഒരു കാര്യമാണ്. അത് പറയാതിരുന്നാൽ വളരെ മോശമായിപ്പോകും.

2 P.M]

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി :

അനുകൂലിക്കുന്നവർ — 16

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ശ്രീ. കെ. അച്ചുതൻ
3. ശ്രീ. സി. ടി. അഹമ്മദ് അലി
4. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
5. ശ്രീ. പി. ജെ. ഫ്രാൻസിസ്
6. ശ്രീ. ടി. എം. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. ആര്യാടൻ മുഹമ്മദ്
8. ശ്രീ. അടൂർ പ്രകാശ്
9. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
10. ശ്രീമതി രാധാ രാഘവൻ
11. ശ്രീ. തമ്പാനൂർ രവി
12. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
13. ശ്രീമതി ശോഭനാ ജോർജ്
14. ശ്രീ. കെ. സുധാകരൻ
15. ശ്രീ. സി. എഫ്. തോമസ്
16. ശ്രീ. ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ — 33

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ
2. ശ്രീ. എൻ. അനിരുദ്ധൻ
3. ശ്രീ. ആന്റണി രാജു
4. ശ്രീ. സി. പി. ബാലൻ വൈദ്യർ
5. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
6. ശ്രീ. വി. കെ. ചന്ദ്രൻ
7. ശ്രീ. എം. ദാസൻ
8. ശ്രീ. പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ശ്രീ. ടി. കെ. ഹംസ
12. ശ്രീ. കെ. ഇ. ഇസ്മയിൽ
13. ശ്രീ. സി. എൻ. ജയദേവൻ
14. ശ്രീ. ടി. എസ്. ജോൺ
15. ശ്രീ. ജോൺ ഫെർണാണ്ടസ്
16. ശ്രീ. ജോസ് ബേബി

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. വി. സി. കബീർ
18. ശ്രീ. എളമരം കരീം
19. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
20. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്
21. ശ്രീമതി ആർ. ലതാ ദേവി
22. ശ്രീ. ലോനപ്പൻ നമ്പാടൻ
23. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
24. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
25. ശ്രീ. പി. രാഘവൻ
26. ശ്രീ. സി. കെ. രാജേന്ദ്രൻ
27. ശ്രീ. പി. രാജു
28. ശ്രീ. രാജു എബ്രഹാം
29. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
30. ശ്രീ. എ. സി. ഷൺമുഖദാസ്
31. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
32. ശ്രീ. എം. എ. തോമസ്
33. ശ്രീ. വർഗ്ഗീസ് വൈദ്യർ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ :-

അനുകൂലിക്കുന്നവർ — 16

പ്രതികൂലിക്കുന്നവർ — 33

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

.....ബഹളം.....വോട്ട് രേഖപ്പെടുത്തിയതിൽ എന്തെങ്കിലും പിശക് പറ്റിയിട്ടുണ്ടെങ്കിൽ അത് കറക്ട് ചെയ്യാം.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ എന്റെ 128, 130, 132, 137, 139, 143, 144, 152, 153, 158, 166, 171, 178, 187, 188 എന്നീ ഭേഭഗതികൾ അവതരിപ്പിക്കുന്നു. ഇന്ന് ഈ സഭയുടെ മൊത്തം ട്രന്റ് വച്ചുകൊണ്ട് അവതരിപ്പിച്ചു കൊണ്ടുപോകാം. അത്യാവശ്യം വേണ്ടതിന് ചർച്ച വേണം. ഞങ്ങൾ സഹകരിക്കുകതന്നെയാണ്.

(128) 3-ാം വകുപ്പിന്റെ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക. "സ്പോർട്സ് അതോറിറ്റി ഓഫ് കേരള സ്ഥാപിക്കലും അതിന്റെ പ്രവർത്തനങ്ങളും."

(130) വകുപ്പ് 3 (3)-ലെ 'എക്സ്-ഒഫീഷ്യോ അംഗങ്ങൾ' എന്ന ശീർഷകത്തിന് കീഴുള്ള (ഇ) (എഫ്) (ജി) (ഐ) (ജെ) ഇവയെല്ലാം നാമനിർദ്ദേശം ചെയ്യപ്പെടേണ്ട അംഗങ്ങൾ എന്ന ശീർഷകത്തിനു താഴെ ഉൾപ്പെടുത്തുകയും അവ പുന:ക്രമീകരിക്കുകയും ചെയ്യുക.

(132) വകുപ്പ് 3 (3)-ൽ എക്സ്-ഒഫീഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിൽ അവസാനമായി താഴെപ്പറയുന്നതു ചേർക്കുക "(എം) പബ്ളിക് റിലേഷൻസ് ഡയറക്ടർ".

(137) വകുപ്പ് 3 (3)-ൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ എന്ന ശീർഷകത്തിൻ കീഴിലെ (എ) ഇനം താഴെപ്പറയും പ്രകാരം മാറ്റുക.

"(എ) ഓരോ സ്പോർട്സ് സംഘടനയും അതിലെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം വീതം".

(139) വകുപ്പ് 3 (3)-ൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൽ കീഴിലെ (ബി) ഇനം താഴെപ്പറയും പ്രകാരം മാറ്റുക.

"(ബി) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിലേയും അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം വീതം".

(143) വകുപ്പ് 3 (3)-ൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (ഡി) ഇനത്തിൽ "തെരഞ്ഞെടുക്കുന്ന" എന്ന വാക്കിന് ശേഷം "ഒരു വനിതയും ഒരു പട്ടികജാതി -പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗവും ഉൾപ്പെടെയുള്ള മൂന്നംഗങ്ങൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(144) "ഡയറക്ടർ, സ്പോർട്സും യുവജനക്ഷേമവും" എന്നതിനുപകരം "ഡയറക്ടർ, യുവജനക്ഷേമം" എന്ന് ചേർക്കുക.

(152) വകുപ്പ് 3 (3)-ൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (എച്ച്) ഇനം താഴെപ്പറയും പ്രകാരം മാറ്റേണ്ടതാണ്.

"(എച്ച്) തൊഴിലാളി സംഘടനയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി".

(153) വകുപ്പ് 3 (3)-ൽ എക്സ്- ഒഫീഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (എച്ച്), (ഐ), (ജെ), (കെ) എന്നീ ഇനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

(158) വകുപ്പ് 3 (3)-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കിഴിലുള്ള (i), (ii), (iii) എന്നീ ഇനങ്ങൾ യഥാക്രമം (iii), (iv), (v) എന്നാക്കി മാറ്റുകയും താഴെപ്പറയുന്ന (i), (ii), (vi) ആയി ചേർക്കുകയും ചെയ്യുക.

(i) സംസ്ഥാനനിയമസഭയിൽ നിന്നുള്ള മൂന്ന് അംഗങ്ങൾ

(ii) ഒരു പാർലമെന്റ് അംഗം

(vi) ഒരു സ്പോർട്സ് മെഡിസിൻ വിദഗ്ദ്ധൻ

(166) വകുപ്പ് 3 (3)-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് കീഴിൽ അവസാനം താഴെപ്പറയുന്നത് ചേർക്കുക.

"(iv) സംസ്ഥാന സർവ്വീസുമായി ബന്ധപ്പെട്ടിട്ടുള്ളവരും സ്പോർട്സിന്റെയോ ഗെയിംസിന്റെയോ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതുമായ ആളുകളിൽ നിന്ന് ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ- ഇവരിൽ ഒരാൾ വനിതയായിരിക്കണം"

(171) വകുപ്പ് 3 (3)-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനും അതിന് കീഴെയുള്ള ഇനങ്ങൾക്കും ശേഷം താഴെപ്പറയുന്ന ശീർഷകവും ഇനവും ചേർക്കുക. അതായത് "ആയുഷ്ക്കാല അംഗങ്ങൾ" ഏതെങ്കിലും അന്തർദേശീയ സ്പോർട്സ് ഇനങ്ങളിലോ ഗെയിംസിലോ ഉള്ള മത്സരത്തിൽ ഭാരതത്തെ പ്രതിനിധീകരിച്ചിട്ടുള്ള കേരളീയൻ.

(178) വകുപ്പ് 3 (4)-ൽ താഴെപ്പറയും പ്രകാരം മാറ്റുക.

"(4) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സിൽ താല്പര്യമുള്ള ഒരു വ്യക്തിയെ സ്പോർട്സ് അതോറിറ്റി ഓഫ് കേരളയുടെ പ്രസിഡന്റായി സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതാണ്".

(187) വകുപ്പ് 3 (6)-ൽ താഴെപ്പറയും പ്രകാരം മാറ്റേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

"(6) സ്പോർട്സ് അതോറിറ്റി ഓഫ് കേരള ഓരോ മൂന്നു വർഷത്തിലും പുന:സംഘടിപ്പിക്കേണ്ടതാണ്.

(188) വകുപ്പ് 3 (7)-ന്റെ ക്ലിപ്ത നിബന്ധനയിൽ "മൂന്ന് മാസക്കാലയളവിനുള്ളിൽ" എന്ന വാക്കുകൾക്ക് പകരം "രണ്ട് മാസക്കാലയളവിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഇതിൽ ആദ്യത്തെ 128-ാം നമ്പർ ഭേദഗതിയെന്ന് പറയുന്നത് ഇപ്പോൾ വോട്ടിനിട്ട് തള്ളിയ ഒരു കാര്യമാണ്. സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്ഥാപിക്കലും അതിന്റെ പ്രവർത്തനങ്ങളും, സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നതിനുപകരം സ്പോർട്സ് അതോറിറ്റി ഓഫ് കേരള. അതാണ് എന്റെ ഭേദഗതി. 130-ാം നമ്പർ ഭേദഗതിയെന്ന് പറയുന്നത്, എക്സ്- ഒഫിഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ ഉള്ള (ഇ), (എഫ്), (ജി), (എം), (ജെ) ഇവയെല്ലാം നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ എന്നാക്കി മാറ്റണം. ഇനിനകത്ത് മറ്റ് ഏത് കാര്യത്തിൽ നമ്മൾ അഭിപ്രായം പറഞ്ഞാലും കായികരംഗത്ത് സ്പോർട്സിന്റെ സുഗമമായ നടത്തിപ്പിൽ കേരളത്തിലെ ഏറ്റവും വലിയ ശാപം ഒരു പരിധി വരെ ചില സ്പോർട്സ് സംഘടനകളാണ് - സ്പോർട്സ് സംഘടനകൾ ഒരു വലിയ തടസ്സമാണ്- എല്ലാ സംഘടനകളും അങ്ങനെയാണെന്ന് പറയുന്നില്ല. ഈ ബില്ലിൽ എങ്കിലും അവർക്ക് നിയന്ത്രണം വരുമെന്ന് പ്രതീക്ഷിച്ചുവെങ്കിലും കായിക സംഘടനകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന രംഗത്ത് കാര്യമായൊരു നിർദ്ദേശവും ഈ ബില്ലിൽ ഇല്ല. അതു കൊണ്ട് സ്പോർട്സ് കൗൺസിൽ പുന:സംഘടിപ്പിക്കുമ്പോൾ, ആളുകളെ നാമനിർദ്ദേശം ചെയ്യുമ്പോൾ അതിൽ എക്സ്-ഒഫിഷ്യോ എന്നത് മാറ്റിയിട്ട് കുറെക്കൂടി ഗവൺമെന്റ് നിയന്ത്രണത്തിലുള്ള, ഗവൺമെന്റ് തലത്തിലുള്ള സ്പോർട്സുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥൻമാർക്ക് ഗവൺമെന്റിന്റെ എക്സിക്യൂട്ടീവുകൾക്ക് കുറച്ചുകൂടി അംഗീകാരം ഇതിനകത്തുവേണം. എക്സ്-ഒഫിഷ്യോ ആയാൽ ഒന്നും ചെയ്യാൻ പറ്റുകയില്ല. ഞാൻ പറയുകയാണ്, എക്സ്-ഒഫിഷ്യോ എന്നതിനുപകരം എക്സ്-ഒഫിഷ്യോ ആയിട്ട് പറഞ്ഞിരിക്കുന്ന ആളുകളെ (ഇ) ഡയറക്ടർ സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ്, (എഫ്) പൊതു വിദ്യാഭ്യാസ ഡയറക്ടർ, (ജി) കോളേജ് എഡ്യൂക്കേഷൻ ഡയറക്ടർ, (ഐ) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, (ജെ) വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ഇതെല്ലാം എക്സ്-ഒഫിഷ്യോ എന്നത് മാറ്റിയിട്ട് നോമിനേറ്റഡ് മെമ്പർമാർ എന്നാക്കണം.

എന്റെ 132-ാം നമ്പർ ഭേദഗതിയിൽ പറയുന്നത്, ഒരാളെ കൂടി ചേർക്കണം, പുതിയ വകുപ്പായിട്ട് പബ്ലിക് റിലേഷൻസ് ഡയറക്ടറെ കൂടി ഈ കൂട്ടത്തിൽ ഇതിനകത്ത് ചേർക്കണം. ഇപ്പോൾ അത് വിട്ടു പോയിരിക്കുകയാണ്. (ഇ) എക്സ്-ഒഫിഷ്യോ അംഗങ്ങളുടെ കൂട്ടത്തിൽ പി. ആർ.ഡി.-യെ കൂടി ഇതിൽ അംഗമാക്കി ചേർക്കണം. അതിൽ ഇത്രയും പേർ വരാമെങ്കിൽ, വോക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ വന്ന സാഹചര്യത്തിൽ ഗവൺമെന്റിന്റെ ഒഫീഷ്യൽ വക്താവാണ് പി. ആർ. ഡി. എന്ന് പറയുന്നത്. അതുകൊണ്ട് പി. ആർ. ഡി. യെ കൂടി അതിൽ ചേർക്കണമെന്നാണ് ഇതിനകത്തുള്ള ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ 137-ാം നമ്പർ ഭേദഗതിയെന്ന് പറയുന്നത്, 'ഈ രീതി മാറ്റണം, ഓരോ സ്പോർട്സ് സംഘടനയും അതിലെ അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം വീതം എന്നതാണ്. 143-ാം നമ്പർ ഭേദഗതി എന്നു പറയുന്നത്, അതിൽ തെരഞ്ഞെടുക്കുന്ന എന്ന വാക്കിനുശേഷം ഒരു വനിതയും ഒരു പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട അംഗവും ഉൾപ്പെടെയുള്ള 3 അംഗങ്ങൾ എന്നാക്കി മാറ്റണം. അടുത്തത്, 144-ാം നമ്പർ ഭേഗതിയെന്ന് പറയുന്നത് ഡയറക്ടർ, സ്പോർട്സും യുവജനക്ഷേമവും എന്നതിനുപകരം ഡയറക്ടർ യുവജനക്ഷേമം എന്നാക്കി മാറ്റണമെന്നാണ്.

152-ാം നമ്പർ ഭേദഗതിയെന്ന് പറയുന്നത്, സാധാരണ സ്പോർട്സ് കൗൺസിലിൽ തൊഴിലാളിസംഘടനകളിൽ ഒരാളെ വയ്ക്കാറുണ്ട്. ഇതിൽ അത് കാണുന്നില്ല. തൊഴിലാളി സംഘടനയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി, ഇതുവരെ ഉണ്ടായിട്ടുള്ള ഒരു കാര്യമാണ്. 153-ാം നമ്പർ ഭേദഗതിയെന്ന് പറയുന്നത്, 153 3 (3)-ൽ എക്സ്-ഒഫിഷ്യോയുടെ കൂട്ടത്തിൽ നിന്ന് (എച്ച്), (ഐ), (ജെ), (കെ) ആസ്ഥാനങ്ങളിലുള്ള ആളെ നീക്കം ചെയ്യണം. എന്റെ 158-ാം നമ്പർ ഭേദഗതിയെന്ന് പറയുന്നത്, റീ-അറേയ്ഞ്ച് ചെയ്യണമെന്നുള്ളതാണ്. അതിനകത്ത് 1, 2, 3 എന്നീ ഇനങ്ങൾ യഥാക്രമം 3, 4, 5 ആക്കിയിട്ട് സംസ്ഥാന നിയമസഭയിലെ 3 അംഗങ്ങൾ എന്ന് ആദ്യം വരണം. ഈ സംസ്ഥാനത്തിലെ ഒരു പാർലമെന്റ് അംഗം തീർച്ചയായിട്ടും ഈ സ്പോർട്സ് കൗൺസിലിൽ ഒരംഗമായിരിക്കണം. നമ്മൾ 3 നിയമസഭാസമാജികർ മാത്രം പോരാ. കേന്ദ്രവുമായി ബന്ധപ്പെട്ട പല കാര്യങ്ങൾക്കും വേണ്ടി ഒരു പാർലമെന്റ് അംഗം ഉണ്ടായിരിക്കുന്നത് നന്നായിരിക്കും. പിന്നെ ഒരു പ്രധാനപ്പെട്ട കാര്യം, ഒരു സ്പോർട്സ് മെഡിസിൻ എക്സ്പെർട്ട് ഇതിനകത്തുവേണം. എം.എൽ.എ. മാർക്കുശേഷം ഒരു പാർലമെന്റ് അംഗം, ഒരു സ്പോർട്സ് മെഡിസിൻ എക്സ്പെർട്ട് ഇത് കൂടി നമുക്ക് നോമിനേറ്റ് ചെയ്യണം. അവരുംകൂടിയുള്ള ചർച്ചയാണ് ഏറ്റവും നന്നായിരിക്കുക. ബാക്കി ഞാൻ പറഞ്ഞ രീതിയിൽ റീ-അറേഞ്ച് ചെയ്യണം. Member of Legislative Assembly, Member of Parliament,Sports, Medicine Expert, പിന്നെ ബാക്കി ഉദ്യോഗസ്ഥൻമാർ, ആ നിലയ്ക്ക് അവരെകൂടി ഇതിൽ ചേർക്കണമെന്നാണ് എന്റെ 153-ാമത്തെ ഭേദഗതി.

166 എന്നുപറയുന്നതിൽ അവസാനം 'നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിൽ അവസാനം താഴെ പറയുന്നത് ചേർക്കണം.

"(iv) സംസ്ഥാന സർവ്വീസുമായി ബന്ധപ്പെട്ടിട്ടുള്ളവരും സ്പോർട്സിന്റെയോ ഗയിംസിന്റെയോ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളതുമായ ആളുകളിൽ നിന്ന് ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ- ഇവരിൽ ഒരാൾ വനിതയായിരിക്കണം". കേരളത്തിൽ തന്നെ ഇന്റർനാഷണൽ ലെവലിൽ പോയാൽ ധാരാളം സ്പോർട്സ് താരങ്ങളുണ്ട്. ഗവൺമെന്റ് സർവ്വീസിൽ ഡി.ജി.പി. യായിരുന്ന എം. കെ. ജോസഫ് വളരെ പ്രഗൽഭനായ ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവർക്കും ഒരു ചാൻസ് കൊടുക്കണ്ടേ? അതാണ് ഞാൻ പറയുന്നത്. സംസ്ഥാന സർവ്വീസുമായി ബന്ധപ്പെട്ടിട്ടുള്ളവരും സ്പോർട്സിന്റെയോ ഗെയിംസിന്റെയോ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരുമായ ആളുകളിൽനിന്നും ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ - ഇവരിൽ ഒരാൾ വനിതയായിരിക്കണം. അതാണ് എന്റെ 166-ാമത്തെ ഭേദഗതി.

171-ൽ ഈ ശീർഷകത്തിൽ ഇതുകൂടി ചേർക്കണം. "ആയുഷ്ക്കാല അംഗങ്ങൾ എന്നുപറയുന്നിടത്ത് ഏതെങ്കിലും അന്തർദേശീയ സ്പോർട്സ് ഇനങ്ങളിലോ ഗെയിംസിലോ ഉള്ള മൽസരത്തിൽ ഭാരതത്തെ പ്രതിനിധീകരിച്ചിട്ടുള്ള കേരളീയൻ". അങ്ങ് കഴിഞ്ഞത് അംഗീകരിക്കുമെങ്കിൽ ഇതും അംഗീകരിക്കാൻ പറ്റും. അല്ലാതെ ആയുഷ്ക്കാല അംഗത്തിന് അർത്ഥമില്ല. അതാണ് എന്റെ 171.

178 എന്നുപറയുന്നത്, "(4) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സിൽ താല്പര്യമുള്ള ഒരു വ്യക്തിയെ സ്പോർട്സ് അതോറിറ്റി ഓഫ് കേരളയുടെ പ്രസിഡന്റായി സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതാണ്.

187-ൽ ക്ലാസ് 3 (6) താഴെപ്പറയുന്ന രീതിയിൽ മാറ്റണം. സ്പോർട്സ് കൗൺസിലിന്റെ കാലാവധി എന്തിനാണ് 5 വർഷം കൊടുക്കുന്നത്. അത് ഒരിക്കലും ശരിയല്ല. ഒരു കാരണവശാലും 3 വർഷത്തിൽ കൂടുതൽ പോകാൻ പാടില്ല. ഇവിടെ 5 വർഷം കാലാവധി വച്ചാൽ ദീർഘകാലാവധിയാണ്. സ്പോർട്സിൽ കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റമനുസരിച്ച് നാം നിയമിക്കുന്ന സ്പോർട്സ് കൗൺസിലും കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഏതു ഗവൺമെന്റായാലും ആ ഗവൺമെന്റിന് ബാധ്യതയുണ്ട്. ഒരു കമ്മിറ്റി വച്ചിട്ട് 5 വർഷക്കാലം അവർക്ക് തുടരാൻ അവസരം കൊടുത്താൽ സ്പോർട്സ് ഹെൽത്തി പ്രാക്ടീസ് ആകുമെന്ന് എനിക്ക് തോന്നുന്നില്ല. ഒരു കാരണവശാലും സ്പോർട്സ് കൗൺസിലിന് 3 വർഷത്തിലധികം കാലാവധി കൊടുക്കാൻ പാടില്ല. അത് 3 വർഷമായി നിജപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇത് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്. അങ്ങ് ദയവായി ഒരിക്കലും 5 വർഷം കൊടുക്കരുത്. അത് 3 വർഷമായി കുറയ്ക്കണം. സ്പോർട്സുമായി ബന്ധപ്പെട്ട ഏത് സ്ഥാനത്തിനായാലും ഒരു കാരണവശാലും 3 വർഷത്തിനപ്പുറം, കമ്മിറ്റിക്കോ, ആളിനോ ഇരിക്കാൻ അംഗീകാരം കൊടുക്കാൻ പാടില്ല. അതാണ് എന്റെ 187.

188-ൽ ക്ലിപ്തനിബന്ധനയിൽ "മൂന്ന് മാസക്കാലയളവിനുള്ളിൽ" എന്ന വാക്കുകൾക്ക് പകരം "രണ്ട് മാസക്കാലയളവിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്. നോമിനേഷന്റെ കാലാവധിയിൽ ക്വാളിഫിക്കേഷൻ ഇല്ലാതായിട്ട് 3 മാസം എന്തിനാണ് തുടരുന്നത് ? രണ്ട് മാസം മതി. എന്തിനാണ് 3 മാസം. അവിടെ ചത്തുകുത്തിയിരിക്കുന്നത് എന്തിനാണ് ? നിയമപരമായി പോകണം. പിന്നെ പ്രൊട്ടക്ഷൻ എന്തിനാണ് ? പിന്നെ ഇതിലേയ്ക്ക് വരാൻ

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ അവസരം കൊടുക്കണമോ ? അങ്ങനെ നമ്മൾ സഹായിക്കേണ്ട കാര്യമുണ്ടോ ? അന്നേരമേ പോകേണ്ടതാണ്. എങ്കിലും ഒരു പ്രധാന കമ്മിറ്റിയിൽ ഇരിക്കുന്ന ആൾ എന്ന നിലയ്ക്ക് 3 മാസം എന്നതു മാറ്റിയിട്ട് അത് രണ്ട് മാസമാക്കി കുറയ്ക്കണം. ഞാൻ മുൻപ് പറഞ്ഞതിൽ കാലാവധി 5 വർഷം എന്നത് 3 വർഷമാക്കണം. ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(138) വകുപ്പ് 3 (3)-ൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (ബി) ഇനത്തിൽ "അംഗങ്ങൾ അവരുടെയിടയിൽ നിന്നും" എന്ന വാക്കുകൾക്ക് പകരം "അംഗങ്ങൾ കൗൺസിലിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയിടയിൽ നിന്നും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(145) വകുപ്പ് 3 (3)-ൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ (ജി) ഇനത്തിൽ "ഒരാൾ" എന്നതിന് പകരം "രണ്ട്പേർ" എന്ന് ചേർക്കുക.

(155) 3-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന തലക്കെട്ടിന് കീഴിൽ (ജെ) ഇനത്തിൽ "ഒരാൾ" എന്നതിന് പകരം "അഞ്ചുപേർ" എന്ന് ചേർക്കുക.

(176) വകുപ്പ് 3 (4)-ൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന വാക്കുകൾക്ക് പകരം "അവർ തെരഞ്ഞെടുക്കുന്ന" എന്ന് ചേർക്കുക.

(189) വകുപ്പ് 3 (8)-ൽ "തെരഞ്ഞെടുക്കപ്പെടാൻ" എന്ന വാക്കിനു പകരം "തെരഞ്ഞെടുക്കപ്പെടാനോ, നാമനിർദ്ദേശം ചെയ്യപ്പെടാനോ" എന്ന് വാക്കുകൾ ചേർക്കുക. ഇതിൽ ചാപ്റ്റർ 2-ൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്ഥാപനവും അതിന്റെ പ്രവർത്തനങ്ങളുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. മൂന്ന് മുതൽ 8 വരെയുള്ള വകുപ്പുകളാണ് സ്പോർട്സ് കൗൺസിലിനെ സംബന്ധിച്ചുവരുന്നത്. നിയമത്തിലെ പ്രധാനപ്പെട്ട ഒരു ഭാഗം സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനെ സംബന്ധിച്ചാണ്. ഇപ്പോൾ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന 3-ാം വകുപ്പിൽ തിരഞ്ഞെടുക്കപ്പെട്ട എക്സ്-ഒഫിഷ്യോ അംഗങ്ങളെക്കുറിച്ച് പറയുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെക്കുറിച്ച് പറയുന്നുണ്ട്. നാമനിർദ്ദേശം ചെയ്ത അംഗങ്ങളെക്കുറിച്ച് പറയുന്നുണ്ട്. പൊതുവായിട്ടുള്ള ഒരു സമീപനം എന്നുപറയുന്നത് നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളുടെ എണ്ണം കുറയ്ക്കേണ്ടതാണ്. ഇലക്ടഡായിട്ടുള്ള ആളുകൾ ധാരാളം വരാനുള്ള സാധ്യതകൾ ഇതിനകത്തുണ്ട്. കേരളത്തിന്റേയാണെങ്കിലും ഭാരതത്തിന്റെയാണെങ്കിലും കായികരംഗം പരിശോധിച്ചാൽ നിക്ഷിപ്ത താൽപര്യക്കാർ ഒത്തിരി ഇതിനകത്ത് കടന്നുകൂടുന്നുണ്ട്. ക്രിക്കറ്റിന്റെ കോഴ മുതൽ എടുത്താൽ ഓരോ കാര്യങ്ങളിലും നാമനിർദ്ദേശം ചെയ്യപ്പെട്ടുവരുന്ന പലയാളുകളും അവരിൽനിന്നുമുള്ള പ്രേരണയൊക്കെ കിട്ടി കളിക്കാരടക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ പോയിപ്പെടുന്ന പല സന്ദർഭങ്ങളും അനുഭവങ്ങളും നമുക്കുണ്ടായിട്ടുണ്ട്. അതുകൊണ്ട് നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ സംഖ്യ കുറയ്ക്കണമെന്നാണ് ഈ 3-ാം വകുപ്പിൽ ആദ്യമായിട്ട് എനിക്ക് നിർദ്ദേശിക്കാനുള്ള ഒരു സംഗതി, ഇവിടെ ഞാൻ പറഞ്ഞിരിക്കുന്ന ഭേദഗതിയിൽ 138 എന്നുപറയുന്നത്, അംഗങ്ങൾ അവരുടെ ഇടയിൽനിന്നും എന്ന വാക്കുകൾക്ക് പകരം അംഗങ്ങൾ കൗൺസിലിന്റെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ ഇടയിൽ നിന്നും എന്നാക്കണം. അവരുടെ ഇടയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ആളുകൾക്കൊപ്പംതന്നെ നോമിനേറ്റഡ് മെമ്പേഴ്സും കൂടി വരുന്നുണ്ട്. അവരിൽനിന്നും നോമിനേറ്റഡ് മെമ്പേഴ്സിനെ ഒഴിവാക്കണം എന്നുള്ളതാണ് എന്റെ ഉദ്ദേശം. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും എടുക്കുക. അതാണ് നല്ലത്. അല്ലെങ്കിൽ ഞാൻ ഈ പറഞ്ഞ ഭവിഷ്യത്ത് ഈ കാര്യത്തിൽ ഉണ്ടാകാനുള്ള സാധ്യതയുണ്ട്.

145-ൽ പറയുന്നത്, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ സംബന്ധിച്ചാണ്. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ പല കാറ്റഗറി പറഞ്ഞിട്ടുണ്ട്. അതിൽ സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർ തങ്ങൾക്കിടയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഒരാൾ . ഇവിടെ ഞാൻ ആദ്യം സൂചിപ്പിച്ചു. എന്റെ ഇപ്പോഴത്തെ അഭിപ്രായം, ഒരുപാട് തലങ്ങൾ നിങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആ തലങ്ങൾ ആവശ്യമാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം. അങ്ങനെയാണെങ്കിൽ നിങ്ങൾ നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളുടെ എണ്ണം കുറയ്ക്കുക. ഇത്രയും മുനിസിപ്പാലിറ്റികളും കോർപ്പറേഷൻ അടക്കമുള്ള ഒരു സംസ്ഥാനത്ത് ഇതിൽനിന്നും ഒരാളെ മാത്രമായി ഇലക്ട് ചെയ്യുന്നത് ശരിയല്ല. അവിടെ ഇലക്ടഡ് മെമ്പറുടെ എണ്ണം കൂട്ടണമെന്നാണ് ഞാൻ പ്രൊപ്പോസ് ചെയ്തിരിക്കുന്ന ഒരു ഭേദഗതി.

155-നെ സംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞിരിക്കുന്നത് 3 (ജെ) -യിൽ പറയുന്നത് സംസ്ഥാനത്തുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ. ആയിരത്തോളം ഗ്രാമ പഞ്ചായത്തുകൾ നമ്മുടെ കേരളത്തിലുണ്ട്. ആയിരത്തോളം വരുന്ന ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഒരാൾ വന്നാൽ മതിയോ ? ഈ നോമിനേറ്റ് ചെയ്യുന്ന ആളുകളുടെ എണ്ണം കൂടിവരുന്നുണ്ട്. ആയിരം ആളുകളിൽനിന്നും ഒരാൾ മാത്രം വന്നാൽ മതി. ഗ്രാമതലത്തിൽ സ്പോർട്സിന്റെ പ്രോൽസാഹനം എന്നു പറയുന്നു. സംസ്ഥാന തലത്തിലുള്ള 2-ാം അദ്ധ്യായം വായിച്ചുനോക്കിയാൽ അതിലാണ് പ്രധാനപ്പെട്ട ഫങ്ഷൻസ് എല്ലാംതന്നെ നടക്കുന്നത്. അങ്ങനെയുള്ള ഫങ്ഷൻസ് നടക്കുന്ന ഒരു സ്ഥലത്തേയ്ക്ക് ആയിരം ഗ്രാമപഞ്ചായത്തുകളോളം ഈ കേരളത്തിലുണ്ട്. അത്രയും ഗ്രാമ പഞ്ചായത്തുകളുള്ള ഈ കേരളത്തിൽ ഒരാൾ മാത്രം. കമ്മിറ്റി സ്റ്റേജിൽ അതിനെക്കുറിച്ച് ഒരു ചർച്ച നടന്നോ എന്നെനിക്ക് സംശയമുണ്ട്. അതല്ലെങ്കിൽ സ്വാഭാവികമായിട്ടും പഞ്ചായത്തു പ്രസിഡന്റുമാരിൽ നിന്നും ഒരാൾ ആയിരിക്കുക. മുനിസിപ്പൽ ചെയർപേഴ്സണിൽ നിന്നും ഒരാൾ ആയിരിക്കുക. അതിനെക്കാൾ കുറഞ്ഞ ബോഡിയിൽനിന്നും ഒരാൾ. ഏറ്റവും കൂടുതൽ അംഗങ്ങളുള്ള

LIBRARY ARCHIVES Kerala Legislative Assembly

ബോഡിയിൽ നിന്ന് ഒരാൾ എന്നു പറയുന്നത് ശരിയല്ല. ആൾ കൂടിക്കോട്ടെ. ഞാൻ പറയുന്നത് നോമിനേറ്റു ചെയ്യുന്ന ആളിന്റെ എണ്ണം കുറയ്ക്കണമെന്നാണ്. ആയിരം പഞ്ചായത്തുകളിൽ നിന്ന് അഞ്ചുപേർ വരണമെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. നിങ്ങൾ ഒരാളിനെ എടുക്കുന്ന സ്ഥാനത്ത് ആയിരം പഞ്ചായത്തുകളിൽ നിന്ന് ഞാൻ പറയുന്നത് 5 പേർ എന്നാണ് . ഒരാൾ എന്നുപറയുന്നത് ഡിസ്പ്രൊപ്പോഷണേറ്റല്ലേ. എം.എൽ.എമാർ 140 പേരേയുള്ളൂ. എക്സ്-ഒഫിഷ്യോ മെമ്പർമാർതന്നെ കുറെയേറെ ആളുകൾ വരുന്നുണ്ട്. അതുപോലെ നോമിനേറ്റിഡ് അംഗങ്ങളുടെ കാര്യം നോക്കിയാൽ അതിലും ധാരാളം ആളുകൾ വരുന്നുണ്ട്. കേരളത്തിലെ സർവ്വകലാശാലകളിലെ നാല് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർമാർ, അന്തർദേശീയ നിലവാരമുള്ള രണ്ട് സ്പോർട്സ് വിദഗ്ദ്ധർ, ഒരു സ്പോർട്സ് ലേഖകൻ, സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രസിഡന്റ്, വകുപ്പ് 3 (3)-ൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (ബി) ഇനത്തിൽ 'അംഗങ്ങൾ അവരുടെയിടയിൽ നിന്നും' എന്ന വാക്കുകൾക്കു പകരം 'അംഗങ്ങൾ കൗൺസിലിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെയിടയിൽ നിന്നും' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്. അങ്ങനെ വരുമ്പോൾ നമ്പർ വളരെ കൂടുന്നുണ്ട്. അങ്ങനെയുള്ള സ്ഥാനത്ത് ആയിരം പേരിൽ നിന്ന് ഒരാൾ എന്നു പറയുന്നതിന്റെ പ്രൊപ്പോർഷൻ എന്താണെന്ന് മന്ത്രി പറഞ്ഞാൽ മതി. അത് എന്നെ ബോധ്യപ്പെടുത്തിയാൽ മതി. ഞാൻ എന്റെ ഭേദഗതി വിത്ഡ്രാ ചെയ്യാം. ഇത് വായിച്ചുനോക്കിയപ്പോൾ എനിക്ക് തോന്നിയ ഭേദഗതിയാണിത്. ഞാൻ പ്രോപ്പോസ് ചെയ്തിരിക്കുന്നത് 5 എന്നാണ്. 5 എന്നുള്ളത് സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ നമ്പർ കുറയ്ക്കാം. ഒരാൾ എന്നു പറയുന്നതിൽ സാംഗത്യമില്ല. 'നമ്മൾ നിയമത്തിൽ ഇങ്ങനെ കൊണ്ടുവന്നു. അതുകൊണ്ട് ഇതു മതി എന്നാണ് ശ്രീ. കബീർ മാസ്റ്ററുടെ അഭിപ്രായമെങ്കിൽ അങ്ങനെ നിൽക്കട്ടെ. പക്ഷേ അത് ശരിയല്ലാ എന്നാണ് എനിക്കു പറയാനുള്ളത്. 176-ാമത്തെ ഭേദഗതിയിൽ 'സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന' എന്നതിനു പകരം 'തെരഞ്ഞെടുക്കുന്ന അംഗങ്ങൾ' എന്നു ചേർക്കുക. ഞാൻ ആദ്യം പറഞ്ഞതുകൊണ്ട് ഇതിനെക്കുറിച്ച് കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല. അതുതന്നെയാണ് എന്റെ അഭിപ്രായം. 189-ാമത്തെ ഭേദഗതി ഞാൻ മൂവ് ചെയ്തു. കൂടുതൽ വിശദീകരിക്കുന്നില്ല.

ശ്രീ. പി. രാഘവൻ : സർ, ഞാൻ എന്റെ 147-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(147) വകുപ്പ് 3 (3)-ൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലുള്ള (ജി), (എച്ച്), (ഐ) എന്നീ ഇനങ്ങൾ ഒഴിവാക്കി ബാക്കിയുള്ളവ പുനഃക്രമീകരിക്കുകയും എക്സ്-ഒഫിഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ താഴെ പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതുമാണ്.

"(എം) കേരള സംസ്ഥാന മുനിസിപ്പൽ ചെയർമാൻസ് ചേംബറിന്റെ ചെയർമാൻ (എൻ) കേരള പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് (ഒ)

LIBRARY ARCHIVES Kerala Legislative Assembly

കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷന്റെ പ്രസിഡന്റ്''. തെരഞ്ഞെടുപ്പിനുള്ള സൗകര്യത്തിനു വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നത്. എനിക്ക് ഇതിൽ ഉറച്ചുനിൽക്കുന്നതിൽ വിരോധമില്ല. മാഷ് ഇത് അംഗീകരിച്ചാൽ ഞാൻ ഉറച്ചുനിൽക്കും. ആയിരം പഞ്ചായത്തുകളിൽ നിന്നുള്ള പ്രസിഡന്റുമാരിൽ നിന്ന് ഒരാളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ചാണ് ഈ ഭേദഗതി. ഇപ്പോൾ പഞ്ചായത്ത് അസോസിയേഷൻ നിലവിലുണ്ട്. ആ അസോസിയേഷന്റെ പ്രസിഡന്റിനെ ഇതിലേക്ക് എടുത്താൽ മതി. അതുപോലെ തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യവും. തെരഞ്ഞെടുപ്പിന്റെ പ്രായോഗികമായ ഒരു പ്രശ്നം പരിഹരിക്കാൻ വേണ്ടിയാണ് ഞാൻ ഈ നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നത്. ഇത് അംഗീകരിക്കാവുന്ന ഭേദഗതിയാണ്. ബഹുമാനപ്പെട്ട ടി. എം. ജേക്കബും ഇതുമായി ബന്ധപ്പെട്ട ഭേദഗതിതന്നെയാണ് അവതരിപ്പിച്ചിട്ടുള്ളത്. മറ്റു കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല.

ശ്രീ. ജി. സുധാകരൻ : സർ, ഞാൻ എന്റെ 149-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(149) വകുപ്പ് 3 (3)-ൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (എച്ച്) ഇനം ഒഴിവാക്കേണ്ടതും ബാക്കിയുള്ളവ പുന:ക്രമീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് പ്രസിഡന്റുമാരുടെ തെരഞ്ഞെടുക്കുന്ന പ്രതിനിധിയെ ഉൾപ്പെടുത്തണമെന്നുള്ള കാര്യത്തെ സംബന്ധിച്ചുള്ളതാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ എന്റെ 141-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(141) വകുപ്പ് 3 (3)-ൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിലെ (സി) ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം (സിസി) ആയി ചേർക്കുക. "(സി സി) സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന ലോക സഭാംഗങ്ങൾ തങ്ങൾക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരാൾ".

3 (3)-ൽ (സി) ആയി ചേർത്തിട്ടുള്ള വിവിധ മേഖലകളിൽ നിന്നുള്ള അംഗങ്ങൾ എന്നു പറയുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിയമസഭാംഗങ്ങൾ, അതെല്ലാം പറയുന്ന ഘട്ടത്തിൽ പാർലമെന്റിനെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ കൂടി ഇതിൽ ഉൾപ്പെടണമെന്നുള്ളതാണ്. കേരളത്തിൽ നിന്ന് നമ്മുടെ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന ലോകസഭാംഗങ്ങൾ തങ്ങൾക്കിടയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ' അതുകൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ് ഭേദഗതി. മറ്റു മേഖലകളിലെല്ലാം ഇത് വരുന്നുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ എന്റെ 160, 181 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(160) വകുപ്പ് 3 (3)-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെപ്പറയുന്നത് അവസാന ഇനമായി ചേർക്കുക.

"(iv) സംസ്ഥാനത്തെ ഗവൺമെന്റ് ഉടമയിലുള്ള ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിൽ പ്രൊഫസറായോ പ്രിൻസിപ്പലായോ സേവനമനുഷ്ടിക്കുന്നതോ സേവനമനുഷ്ഠിച്ചിട്ടുള്ളതോ ആയ ഒരാൾ റൊട്ടേഷൻ ക്രമത്തിൽ"

(181) വകുപ്പ് 3 (6)-ൽ "അഞ്ച്" എന്ന വാക്കിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

ഒന്നുകൂടെ ക്ലാരിഫൈ ചെയ്യാൻവേണ്ടി കൊടുത്തതാണ്. ആ പേരിൽ സാധാരണ ആരെങ്കിലുമൊക്കെ നോമിനേറ്റു ചെയ്യുന്ന ഏർപ്പാടുണ്ടാകും. അതുകൊണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ പ്രിൻസിപ്പലോ, പ്രൊഫസറോ ആയിരുന്ന് റിട്ടയർ ചെയ്തതോ ആയ എന്ന് സ്പെസിഫൈ ചെയ്യാൻ വേണ്ടിയാണ് ഞാനിത് കൊണ്ടുവന്നത്. അതുപോലെ 181-ാം നമ്പർ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത് ഒരിക്കലും നോമിനേറ്റു ചെയ്യപ്പെടുന്ന ബോഡിയുടെ കാലാവധി അഞ്ചു വർഷമാകാൻ പാടില്ല എന്നുള്ളതാണ്. ഏത് സ്പോർട്സ് സംഘടനയുടെ കാര്യമെടുത്താലും മൂന്നോ നാലോ വർഷമേ കാലാവധി ഉള്ളൂ. ആൾ ഇൻഡ്യാ ഫുട്ബാൾ ഫെഡറേഷന്റെ കാലാവധി മൂന്നു വർഷമാണ്. ഒരിക്കലും ഇൻഡ്യയിലെ ഒരു സ്പോർട്സ് സംഘടനയ്ക്കും 5 വർഷമെന്ന കാലാവധിയില്ല. അതുകൊണ്ട് അത് ചുരുക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീമതി ശോഭനാ ജോർജ് : സർ, ഞാൻ എന്റെ 164, 177 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(164) വകുപ്പ് 3 (3)-ൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് കീഴിൽ അവസാന ഇനമായി താഴെപ്പറയുന്നത് ചേർക്കുക.

"(iv) സ്പോർട്സിന്റെയും ഗെയിംസിന്റെയും രംഗത്ത് പ്രവർത്തിക്കുന്ന ഒരു ഇലക്ട്രോണിക് മാദ്ധ്യമ പ്രവർത്തകൻ".

(177) വകുപ്പ് 3 (4)-ൽ "സംസ്ഥാന സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾ" എന്നതിനു പകരം "സംസ്ഥാന സ്പോർട്സ് കൗൺസിലിലെ എക്സ്-ഒഫിഷ്യോ അംഗങ്ങൾ ഒഴിച്ചുള്ള അംഗങ്ങൾ " എന്ന് ചേർക്കുക.

മി. സ്പീക്കർ : മറ്റു ഭേദഗതികളൊന്നും ഓർഡറില്ല. ആരെങ്കിലും സംസാരിക്കുന്നുണ്ടോ ? ഇല്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : ഇവിടെ പറഞ്ഞ അഭിപ്രായങ്ങളെല്ലാം കേട്ടു. പി.ആർ.ഡി. യെ (പബ്ലിക് റിലേഷൻസ് ഡയറക്ടറി) എക്സ്-ഒഫിഷ്യോ മെമ്പറായി ഉൾപ്പെടുത്തണമെന്ന ശ്രീ. തമ്പാനൂർ രവിയുടെ 132-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള പ്രതിനിധികളെ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കണമെന്നു പറഞ്ഞു. താഴെ തലത്തിൽ എല്ലാവർക്കും ധാരാളം അവസരങ്ങൾ പങ്കിട്ടുകൊണ്ടാണ് സെലക്ട് ചെയ്തു വരുന്നത്. അതുകൊണ്ട് മെമ്പർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തിന് പ്രസക്തിയില്ലായെന്നാണ് തോന്നുന്നത്. അതുപോലെ എം.എൽ.എ. മാരിൽനിന്ന് മൂന്നുപേരെ നിർദ്ദേശിച്ചു. അതു സംബന്ധിച്ച് ധാരാളം കാര്യങ്ങൾ കമ്മിറ്റിയിൽ ഡിബേറ്റു ചെയ്തതാണ്. ഭരണപക്ഷത്തിലെ രണ്ട് അംഗങ്ങളും പ്രതിപക്ഷത്തിൽ നിന്നും ഒരാളും എന്ന അർത്ഥത്തിലാണ് മൂന്നുപേരെ തീരുമാനിച്ചത്. ബഹുമാനപ്പെട്ട എം.പി.യെ ഉൾപ്പെടുത്തണമെന്നുള്ള വാദഗതി വന്നു. പക്ഷേ എം.പി. മാർക്ക് ധാരാളം ജോലത്തിരക്കുള്ളതുകൊണ്ട് അവർക്ക് ഇതിനുവേണ്ടി സമയം ചെലവഴിക്കാൻ സാധിക്കുകയില്ല എന്നൊരു ധാരണയും വന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട എം.പി.മാരുടെ സാന്നിദ്ധ്യം ഇതിന് ആവശ്യമില്ലായെന്നുള്ള ധാരണയിൽ എത്തിച്ചേർന്നത്. മറ്റൊരു നിർദ്ദേശം ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ പറയുകയുണ്ടായി. യൂണിവേഴ്സിറ്റിയിലെ ഡയറക്ടർമാർക്ക് അവസരം കൊടുത്തിട്ടുണ്ട്. നാല് യൂണിവേഴ്സിറ്റികളിൽ നിന്ന് ഓരോരുത്തരെ നോമിനേറ്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. മറ്റു ഭേദഗതികൾ സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു. ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച മറ്റു ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തമ്പാനൂർ രവി : കാലാവധി 5 വർഷമെന്നുള്ളത് 3 വർഷമാക്കണമെന്നുള്ളത് ആലോചിക്കേണ്ട കാര്യമാണ്. ഞാൻ കുറ്റപ്പെടുത്തുകയല്ല.

ശ്രീ. വി. സി. കബീർ : പഞ്ചായത്തുകളിലും മറ്റുമുള്ള എല്ലാ ജനപ്രതിനിധികളും 5 വർഷത്തേയ്ക്കാണ് വരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ കാലാവധിയും 5 വർഷമാകട്ടെ എന്ന് നമ്മൾ ചർച്ച ചെയ്തതാണ്. അതിനെക്കുറിച്ച് നമ്മുടെ സെലക്ട് കമ്മിറ്റി ധാരാളം ചർച്ച ചെയ്തതാണ്.

ശ്രീ. തമ്പാനൂർ രവി : എന്നോട് ക്ഷമിക്കണം. ഗവൺമെന്റിന്റെ കാലാവധി അവസാനിക്കാൻ പോവുകയാണ്. ആരെയും കുറ്റപ്പെടുത്തുകയല്ല. സ്പോർട്സ് രംഗത്ത് ഒരിക്കലും ഒരു കമ്മിറ്റി 5 വർഷമിരിക്കാൻ പാടില്ല. ഗവൺമെന്റ് രാഷ്ട്രീയത്തിനതീതമായി സ്പോർട്സിനെ കാണണം. ഈ സഭയ്ക്ക് സെലക്ട് കമ്മിറ്റിയേക്കാൾ അധികാരമുണ്ട്. കേരള നിയമസഭ സ്പോർട്സ് കൗൺസിലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഒരിക്കലും ഇതിന് 5 വർഷത്തെ കാലാവധി കൊടുക്കരുത്. ഇത് എന്റെ വിനീതമായ അഭ്യർത്ഥനയാണ്. അങ്ങ് ആലോചിക്കേണ്ട കാര്യമാണ്. ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രണം വന്നോട്ടെ. ഒരിക്കലും സ്പോർട്സിന് 5 വർഷത്തെ കാലാവധി കൊടുക്കരുത്. പഞ്ചായത്തിനും ജില്ലയ്ക്കും കൊടുത്താലും ഒരു കാരണവശാലും സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് 5 വർഷക്കാലാവധി കൊടുക്കരുത്. ഇത് അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അങ്ങ് അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി യൊഴികെ മറ്റു ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തമ്പാനൂർ രവി : ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്, അങ്ങ് അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ 155-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നു. ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ — 15

1. ശ്രീ. കെ. അച്ചുതൻ
2. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
3. ശ്രീ. പി. ജെ. ഫ്രാൻസിസ്
4. ശ്രീ. ടി. എം. ജേക്കബ്
5. ശ്രീ. ജി. കാർത്തികേയൻ
6. ഡോ. എം. എ. കുട്ടപ്പൻ
7. ശ്രീ. ആര്യാടൻ മുഹമ്മദ്
8. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
9. ശ്രീമതി രാധാരാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

10. ശ്രീ. തമ്പാനൂർ രവി
11. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
12. ശ്രീമതി ശോഭനാ ജോർജ്
13. ശ്രീ. കെ. സുധാകരൻ
14. ശ്രീ. പി. പി. തങ്കച്ചൻ
15. ശ്രീ. സി. എഫ്. തോമസ്

പ്രതികൂലിക്കുന്നവർ — 45

1. ശ്രീ. ആനത്തലവട്ടം ആനന്ദൻ
2. ശ്രീ. ആന്റണി രാജു
3. ശ്രീ. സി. പി. ബാലൻ വൈദ്യർ
4. ശ്രീ. വി. കെ. ചന്ദ്രൻ
5. ശ്രീ. എം. ദാസൻ
6. ശ്രീ. പി. സി. ജോർജ്
7. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
8. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
9. ശ്രീ. ടി. കെ. ഹംസ
10. ശ്രീ. സി. എൻ. ജയദേവൻ
11. ശ്രീ. എം. വി. ജയരാജൻ
12. ശ്രീ. ടി. എസ്. ജോൺ
13. ശ്രീ. ജോൺ ഫെർണാണ്ടസ്
14. ശ്രീ. ജോസ് ബേബി
15. ശ്രീ. വി. സി. കബീർ
16. ശ്രീ. എ. കണാരൻ
17. ശ്രീ. എൻ. കണ്ണൻ
18. ശ്രീ. എളമരം കരീം
19. ശ്രീ. പി. കെ. കുമാരൻ
20. ശ്രീ. കെ. ടി. കുഞ്ഞഹമ്മദ്

LIBRARY ARCHIVES Kerala Legislative Assembly

21. ശ്രീമതി ആർ. ലതാ ദേവി
22. ശ്രീ. ലോനപ്പൻ നമ്പാടൻ
23. പ്രൊഫ. മീനാക്ഷി തമ്പാൻ
24. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
25. ശ്രീ. മോൻസ് ജോസഫ്
26. ശ്രീ. പിരപ്പൻകോട് മുരളി
27. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
28. ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്)
29. ശ്രീ. ടി. കെ. നൗഷാദ്
30. ശ്രീ. കെ. പ്രകാശ് ബാബു
31. ശ്രീമതി എൻ. കെ. രാധ
32. ശ്രീ. കെ. രാധാകൃഷ്ണൻ
33. ശ്രീ. പി. രാഘവൻ
34. ശ്രീ. സി. കെ. രാജേന്ദ്രൻ
35. ശ്രീ. കെ. പി. രാജേന്ദ്രൻ
36. ശ്രീ. രാജു എബ്രഹാം
37. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
38. ശ്രീ. എ. സി. ഷൺമുഖദാസ്
39. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
40. ശ്രീ. ടി. ശിവദാസമേനോൻ
41. ശ്രീ. ജി. സുധാകരൻ
42. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
43. ശ്രീ. എം. പി. വർഗ്ഗീസ്
44. ശ്രീ. വർഗ്ഗീസ് വൈദ്യർ
45. ശ്രീ. പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ — 15

പ്രതികൂലിക്കുന്നവർ — 45

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ടി. എം. ജേക്കബ് അവതരിപ്പിച്ച മറ്റു ഭേദഗതികളും സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. വി. ജയരാജൻ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. പി. രാഘവൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. രാഘവൻ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. രാഘവൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ജി. സുധാകരൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജി. സുധാകരൻ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, അങ്ങയുടെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശോഭനാ ജോർജ്, അങ്ങയുടെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശോഭനാ ജോർജ് : ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീമതി ശോഭനാ ജോർജ് അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാംവകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാംവകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. പി. ജെ. ഫ്രാൻസിസ് : സർ, എന്റെ 191-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(191) 3-ാംവകുപ്പിനുശേഷം താഴെപ്പറയുന്നത് 3എ വകുപ്പായി ചേർക്കുക.

"3എ അംഗത്വം അവസാനിക്കലും താൽക്കാലിക ഒഴിവുകളുടെ നികത്തലും-

1. സംസ്ഥാന സ്പോർട്സ് കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഏതംഗത്തിനും പ്രസിഡന്റ് രേഖാമൂലം എഴുതിക്കൊടുത്തുകൊണ്ടും നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതംഗത്തിനും രേഖാമൂലം ഗവൺമെന്റിന് എഴുതികൊടുത്തുകൊണ്ടും അംഗത്വം താജിവയ്ക്കാവുന്നതാണ്.

2. സംസ്ഥാന സ്പോർട്സ് കൗൺസിലിൽ രാജിമൂലമോ മരണംമൂലമോ ഉണ്ടാകുന്ന ഏതൊഴിവും അത് 3-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിലുള്ള നികായത്തിൽ നിന്നാണെങ്കിൽ ആ നികായം നടത്തുന്ന തിരഞ്ഞെടുപ്പു മുഖേനയും 3-ാം വകുപ്പിന്റെ (3) -ാം ഉപവകുപ്പിന്റെ നാമ നിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിനു കീഴിലുള്ള ഏതെങ്കിലും ഇനത്തിൽ നിന്നാണെങ്കിൽ ഗവൺമെന്റ് നടത്തുന്ന നാമനിർദ്ദേശം വഴിയും നികത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

3. താൽക്കാലിക ഒഴിവുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്യുന്ന ആളിന് ആ ഒഴിവിലേക്കുള്ള ശേഷിച്ച കാലത്തേക്കുമാത്രമേ അംഗമായിരിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

എന്ന ഒരു പുതിയവകുപ്പ് 3എ വകുപ്പായി ചേർക്കണം എന്നതാണ് എന്റെ ഭേദഗതി. "3എ അംഗത്വം അവസാനിക്കലും താൽക്കാലിക ഒഴിവുകളുടെ നികത്തലും". രാജിവെയ്ക്കാനുള്ള അവകാശമുണ്ട്. അങ്ങനെ രാജിവെച്ചാൽ എങ്ങനെ നികത്തണം. മരണം സംഭവിച്ചാൽ എങ്ങനെ നികത്തണം. അതാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു ഭേദഗതി വന്നിട്ടുണ്ട്. 44-ാം വകുപ്പിന് 487 നമ്പരായി. അതിൽപറഞ്ഞിരിക്കുന്നത്, സ്പോർട്സ് കൗൺസിൽ എന്നിവയിൽ അംഗങ്ങളുടെ രാജി തന്മൂലം ഉണ്ടാകുന്ന ഒഴിവുകളുടെയും മറ്റും ആകസ്മിക ഒഴിവുകളുടെയും നികത്തലും എന്നാണ്. അതിനു ചട്ടം ഉണ്ടാക്കാം എന്നാണ് ഈ ഭേദഗതിയിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. എങ്ങനെയാണ് ചട്ടം ഉണ്ടാകുക ? ഒർജിനൽ ആക്ടിൽ അല്ലേ വരേണ്ടത് ; ഒരാളെ തെരഞ്ഞെടുക്കേണ്ടത് എങ്ങനെയാണ്. തെരഞ്ഞെടുക്കേണ്ടത് എങ്ങനെയാണെന്ന് ഇവിടെ പറഞ്ഞിട്ടുണ്ട്. മരണംമൂലമോ രാജിമൂലമോ ഒഴിവുവന്നുകഴിഞ്ഞാൽ തെരഞ്ഞെടുക്കപ്പെട്ട ആൾ ആണെങ്കിൽ ആ രീതിയിൽ തെരഞ്ഞെടുക്കപ്പെടണം. നോമിനേറ്റുചെയ്യപ്പെട്ട ആളാണെങ്കിൽ ആ രീതിയിൽ നോമിനേറ്റ് ചെയ്യപ്പെടണം. ബാക്കിക്കാലാവധി പൂർത്തിയാക്കണം. അതിനാണ് ഞാൻ 191-ാം നമ്പർ ഭേദഗതിയിൽ (3) കൊണ്ടു വന്നിട്ടുള്ളത്. (3) താൽക്കാലിക ഒഴിവുകളിലേക്ക് തിരഞ്ഞെടുക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്യുന്ന ആളിന് ആ ഒഴിവിലേയ്ക്കുള്ള ശേഷിച്ച കാലത്തേയ്ക്കുമാത്രമേ അംഗമായിരിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

ഇതിനു ബഹുമാനപ്പെട്ട മന്ത്രി ഭേദഗതിക്കൊണ്ടുവന്നിരിക്കുകയാണ്. സർക്കാരിന് ചട്ടം ഉണ്ടാക്കാമെന്ന് പറയുന്നത് പരസ്പരവിരുദ്ധമാണ്. ഒരു നിയമത്തിലും ഉണ്ടാകാത്താണ്. ആക്ടിൽ ആണ് വരേണ്ടത്. ചട്ടം അല്ല ഉണ്ടാകേണ്ടത്. എങ്ങനെയാണ് ചട്ടം ഉണ്ടാകുക ? തെരഞ്ഞെടുക്കപ്പെട്ട അംഗം ആണെങ്കിൽ തെരഞ്ഞെടുപ്പിലൂടെയല്ലേ വരാവു ? നോമിനേറ്റ് ചെയ്ത അംഗമാണെങ്കിൽ നോമിനേറ്റ് ചെയ്യണം. അതിനാണ് ചട്ടം ഉണ്ടാക്കണമെന്ന് പറഞ്ഞുകൊണ്ട് ഭേദഗതികൊണ്ടുവരുന്നത്. അതു ഒഴിവാക്കണം. അതുകൊണ്ട് എനിക്ക് ദയവായി പറയുവാനുള്ളത്, നിയമവകുപ്പുമന്ത്രിയുമായി ആലോചിച്ച് എന്റെ 3-ാം ഉപവകുപ്പു സ്വീകരിക്കുകയാണ് വേണ്ടത്. അല്ലാതെ ചട്ടം ഉണ്ടാക്കുകയല്ല. ആക്ടിൽ ആണ് ഒരു വ്യക്തിയെ എങ്ങനെ തെരഞ്ഞെടുക്കണമെന്ന് പറയേണ്ടത്. സർക്കാരിന്റെ ചട്ടത്തിൽ അല്ല.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, പുതിയ വകുപ്പിൽ "അവസാനത്തെ കാലാവധി" എന്നുപറയുമ്പോൾ ഈ സഭയ്ക്ക് ഇനി രണ്ടുമൂന്നുമാസം മാത്രമേ കാലാവധി ഉള്ളൂ. ഈ

LIBRARY ARCHIVES Kerala Legislative Assembly

സമയത്തിനുള്ളിൽ ഒരാൾ മരിച്ചാൽ ആ ഒഴിവ് എങ്ങനെയാണ് നികത്തേണ്ടത് ? അതു സംബന്ധിച്ച് പ്രത്യേകം നിയമം വേണം. നാലു മാസത്തേയ്ക്ക് ഒരാളെ തെരഞ്ഞെടുക്കേണ്ടിവന്നാൽ ആ നാലുമാസത്തെ കാലാവധിയല്ലേ ഉണ്ടാവൂ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ആക്ടിൽ കൊണ്ടുവന്നുകൂടേ ?..... ബഹളം.....

ശ്രീ. വി. സി. കബീർ : അതു സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. പി. ജെ. ഫ്രാൻസിസ്, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജെ. ഫ്രാൻസിസ് : ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. പി. ജെ. ഫ്രാൻസിസ് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

4-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ് : സർ, എന്റെ 192-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(192) വകുപ്പ് 4(1)-ൽ "സംസ്ഥാന സ്പോർട്സ് കൗൺസിൽസ് പ്രസിഡന്റുമായി കൂടിയാലോചിച്ച ശേഷം" എന്ന വാക്കുകൾ വിട്ടുകളയുക.

ഇതിനകത്ത് സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി എങ്ങനെവേണം എന്നുള്ളതാ ണ്. ഇവിടെ പറഞ്ഞിരിക്കുന്നത്, സർക്കാർ സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമായി ആലോചിച്ചശേഷം ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെ അല്ലാത്ത ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായി നിയമിക്കണം. ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെ അല്ലാത്ത ആളാണ്. ഒന്നുകിൽ ജോയിന്റ് സെക്രട്ടറി അല്ലെങ്കിൽ അഡീഷണൽ സെക്രട്ടറി. അതിനു 'കൂടിയാലോചന' എന്നുപറയേണ്ട ആവശ്യമില്ല. അതു വേണ്ട എന്ന അഭിപ്രായമാണ് എനിക്ക് ഉള്ളത്.

ശ്രീ. തമ്പാനൂർ രവി : സർ, എന്റെ 199, 204, 205, 210, 212, 214 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(199) വകുപ്പ് 4(1)-ൽ "നിയമിക്കേണ്ടതാണ്" എന്നതിനുശേഷം താഴെ പറയുന്നത് കൂടി ചേർക്കുക.

"പ്രസ്തുത ഉദ്യോഗസ്ഥൻ യുവജനക്ഷേമ ഡയറക്ടർ കൂടി ആയിരിക്കും."

LIBRARY ARCHIVES Kerala Legislative Assembly

(204) വകുപ്പ് 4(2)-ൽ "ജീവനക്കാരുടെമേൽ" എന്ന വാക്കുകൾക്ക് ശേഷം "ചട്ടങ്ങൾ അനുശാസിക്കുന്ന വിധം"എന്ന് കൂടി ചേർക്കുക.

(205) വകുപ്പ് 4(2)-ൽ "ഉണ്ടായിരിക്കുന്നതുമാണ്" എന്നതിനുശേഷം താഴെ പറയുന്നത് ചേർക്കുക :

"സ്പോർട്സ് അതോറിറ്റി ഓഫ് കേരളയുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും തീരുമാനങ്ങൾക്ക് വിധേയമായി ദൈനംദിന ഭരണ നിർവ്വഹണത്തിന് വേണ്ടി പ്രസിഡന്റ് നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽവരുത്തുന്നതിന് സെക്രട്ടറി ചുമതലപ്പെട്ടിരിക്കുന്നതാണ്".

(210) വകുപ്പ് 4 (3) (i) -നുശേഷം (ii) ആയി താഴെ പറയുന്നത് കൂട്ടിച്ചേർക്കുകയും നിലവിലുള്ളത് പുനർക്രമീകരിക്കുകയും ചെയ്യുക ;

"(ii) സംസ്ഥാന സ്പോർട്സ് അതോറിറ്റിയുടെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

(212) വകുപ്പ് 4 (3) (vi) -ാം ഇനത്തിനുശേഷം (vii)-ാം ഇനമായി താഴെ പറയുന്നത് ചേർക്കുകയും നിലവിലുള്ളവ പുനർക്രമീകരിക്കുകയും ചെയ്യുക ;

"(vii) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അക്കൗണ്ടുകളും രേഖകളും റെക്കാഡുകളും മറ്റു വിവരങ്ങളും സൂക്ഷിക്കേണ്ടതും".

(214) വകുപ്പ് 4 (3)-ൽ (vii) - നുശേഷം (viii) - ആയി താഴെ പറയുന്നത് ചേർക്കുക :

"(viii) സംസ്ഥാന സ്പോർട്സ് അതോറിറ്റിയുടെ വരവ് ചെലവു കണക്കുകൾ നിയമാനുസൃതമുള്ള ഓഡിറ്റിന് വിധേയമാക്കേണ്ടതും ഓഡിറ്റ് റിപ്പോർട്ട് സഹിതം അതോറിറ്റി യോഗത്തിന് മുൻപിൽ അവതരിപ്പിക്കേണ്ടതുമാണ്."

സ്പോർട്സ് ബില്ലിന്റെ ചർച്ചയിൽപ്പോലും ഒരു സ്പോർട്സ്മാൻ സ്പിരിറ്റ് കാണുന്നില്ല. പല കാര്യത്തിലും റിയൽ സ്പോർട്സ് വിട്ടുപോകുന്നു. അതു മാത്രമാണ് എനിക്ക് പറയുവാനുള്ളത്. ഇതു ഫോർമലായി പോകുന്നു. എന്റെ ഭേദഗതിയിലുള്ളവ ആ നിലയിൽ കണ്ടാൽ ഇവിടെ പല മാറ്റങ്ങളും വരുത്താമായിരുന്നു. മന്ത്രി അതു കാണുന്നില്ല. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറഞ്ഞതുപോലെ പുതിയ സ്പോർട്സ് ബില്ലിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് ധാരാളം അധികാരം കൊടുത്തിരിക്കുന്നു. വലിയ ഒരു അധികാര ബിന്ദുവായി ഈ സ്പോർട്സ് കൗൺസിൽ സെക്രട്ടറി മാറിയിരിക്കുന്നതായിട്ട് ഈ ബില്ല് മുഴുവനും വായിച്ചാൽ കാണാൻ കഴിയുന്നതാണ്. ഒരുകാര്യം വളരെ വ്യക്തമാണ്. സ്പോർട്സ് മേഖലയിൽ ചെയർമാൻ മന്ത്രിയാണ് എന്നാണ് പറയുന്നത്. ചെയർമാന് ഇല്ലാത്ത പ്രസിഡന്റിന് ഇല്ലാത്ത ധാരാളം അധികാരങ്ങൾ സെക്രട്ടറിക്ക് കൊടുത്താൽ ഇത് അവസാനം ഡിപ്പാർട്ട്മെന്റിന്റെ വകുപ്പായിമാറുന്നതല്ലാതെ കേരളത്തിൽ സ്പോർട്സിന്റെ വികസനത്തിന് യാതൊരു പ്രയോജനവും ഉണ്ടാവില്ല. അതുകൊണ്ട് 4-ാം

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് ചർച്ച ചെയ്യുമ്പോൾ ഈ പറഞ്ഞ ഭേദഗതികൾ വളരെ കാര്യമായി ശ്രദ്ധിയിക്കേണ്ടതാണ്. അധികാരം കൊടുക്കണ്ട എന്നുപറയുന്ന ആളല്ല ഞാൻ. പക്ഷേ, 'അധികമായാൽ അമൃതും വിഷം' എന്നുപറഞ്ഞതുപോലെ ചെയർമാനും പ്രസിഡന്റിനും ഇല്ലാത്ത അധികാരം സെക്രട്ടറിക്ക് കൊടുക്കുകയാണ് ഈ ബില്ലിൽ. അതു വളരെ അപകടം ചെയ്യും. അത് ഒഴിവാക്കാനാണ് ഞാൻ ചില ഭേദഗതികൾ അവതരിപ്പിച്ചത്.

199-ൽ 'നിയമിക്കേണ്ടതാണ്' എന്നതിനുശേഷം താഴെ പറയുന്നതുകൂടി ചേർക്കുക എന്നാണ്. അതിൽ "പ്രസ്തുത ഉദ്യോഗസ്ഥൻ യുവജനക്ഷേമ ഡയറക്ടർ കൂടി ആയിരിക്കും" എന്നു പറയുന്നുണ്ട്. സ്പോർട്സ് അതോറിറ്റി ഓഫ് കേരള വേണമെന്നു പറഞ്ഞു. അതു ഗവൺമെന്റ് അംഗീകരിച്ചില്ല. അതിന്റെയർത്ഥം സംസ്ഥാന സ്പോർട്സ് കൗൺസിൽ തുടരുമെന്നാണ്. അങ്ങനെയെങ്കിൽ ഇതെല്ലാം മാറ്റിയിട്ട് ഒരു സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മാത്രം പോരേ? അങ്ങനെയെങ്കിൽ സ്പോർട്സിന്റെ സെക്രട്ടറിയായി ചുമതല വഹിക്കുന്നയാൾ സംസ്ഥാന യുവജനക്ഷേമ ഡയറക്ടർ കൂടി ആയിരിക്കും. ഡ്യൂവൽ കൺട്രോൾ എന്തിനാണ്? അപ്പോൾ ജില്ലാ സ്പോർട്സ് കൗൺസിലിന് സ്പോർട്സ് കൗൺസിലും ഫണ്ട് കൊടുക്കും, യുവജനക്ഷേമ വകുപ്പും ഫണ്ട് കൊടുക്കും. അങ്ങനെ വരുമ്പോൾ ഒരുപാട് ഫണ്ട് ആകും. ഇതെല്ലാം കൂടി കുഴപ്പമുണ്ടാക്കും. അതിന് പകരം സ്പോർട്സ് അതോറിറ്റി ഓഫ് കേരള സമ്മതിച്ചില്ലെങ്കിൽപ്പോലും സ്പോർട്സ് കൗൺസിൽ വയ്ക്കുക, ആ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയെ നിയന്ത്രിക്കാൻ യുവജനക്ഷേമ വകുപ്പിന്റെ ഡയറക്ടർ പ്രത്യേകമുണ്ടായിരിക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. എം. വി. ജയരാജൻ : ഡ്യൂവൽ കൺട്രോൾ വേണ്ടേ ?

ശ്രീ. തമ്പാനൂർ രവി : ഇപ്പോഴുള്ള കുഴപ്പമെന്നു പറയുന്നത്, രണ്ടിന്റെയും സെക്രട്ടറി ഒരാളായാൽ കോടതിയലക്ഷ്യമുണ്ടാകും. ഡയറക്ടർ അദ്ദേഹത്തിന്റെ വഴിക്കു പോകും. സെക്രട്ടറി അദ്ദേഹത്തിന്റെ വഴിക്ക് പോകും. കഴിഞ്ഞ 25 വർഷക്കാലം കൊണ്ട് സ്പോർട്സ് നശിച്ചത് ഇതുകൊണ്ടാണ്. ഡ്യൂവൽ കൺട്രോൾ ആണ് കാരണം. അതുകൊണ്ടാണ് ഞാനൊരു ഭേദഗതി കൊണ്ടുവന്നത്. അതുകൊണ്ട് ഇത് ഗവൺമെന്റ് അംഗീകരിക്കണം. 204-ൽ "ജീവനക്കാരുടെമേൽ" എന്ന വാക്കുകൾക്കുശേഷം "ചട്ടങ്ങൾ അനുശാസിക്കുന്ന വിധം" എന്നുകൂടി ചേർക്കണം. 205-ൽ പുതിയൊരു ഭേദഗതി ചേർക്കണമെന്നാണ്. "സ്പോർട്സ് അതോറിറ്റി ഓഫ് കേരളയുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും തീരുമാനത്തിന് വിധേയമായി ദൈനംദിന ഭരണ നിർവ്വഹണത്തിന് വേണ്ടി പ്രസിഡന്റ് നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിന് സെക്രട്ടറി ചുമതലപ്പെട്ടിരിക്കുന്നതാണ്" എന്ന് സ്പെസിഫൈ ചെയ്തില്ലെങ്കിൽ സെക്രട്ടറി അദ്ദേഹത്തിന്റെ വഴിക്കും പ്രസിഡന്റ് അദ്ദേഹത്തിന്റെ വഴിക്കും പോകും. ഇപ്പോൾ കാണുന്നത് അതാണ്. അങ്ങനെ വരാൻ പാടില്ല He must he completely under the control of the Executive Committee, he must be completely under the control of the President of

LIBRARY ARCHIVES Kerala Legislative Assembly

the Sports Council. സ്പോർട്സ് കൗൺസിലിൽ വരണമെങ്കിൽ ഞാൻ ഈ പറയുന്ന 205-ാം നമ്പർ ഭേദഗതി നിർബന്ധമായി ചേർത്തെങ്കിൽ മാത്രമേ കൗൺസിലിന് സെക്രട്ടറിയെ നന്നാക്കാൻ കഴിയൂ. അതാണ് 205-ാം നമ്പർ ദേഭഗതി.

210-ൽ "സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്" എന്നുള്ളതുകൂടി ചേർക്കണമെന്നാണ്.

212-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അക്കൗണ്ടുകളും രേഖകളും റിക്കാർഡുകളും മറ്റു വിവരങ്ങളും സൂക്ഷിക്കേണ്ടതും" എന്നുള്ളതുകൂടി ചേർക്കണമെന്നാണ്. സെക്രട്ടറിയുടെ അക്കൗണ്ടബിലിറ്റി വളരെ പ്രധാനമാണ്. Accountability to the President, Accountability to the Council, Accountability to the Government. അത് വേണമെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട റിക്കാർഡുകളും മറ്റും സൂക്ഷിക്കേണ്ടതാണ്.

214-ൽ "സംസ്ഥാന സ്പോർട്സ് അതോറിറ്റിയുടെ വരവുചെലവു കണക്കുകൾ നിയമാനുസൃതമുള്ള ഓഡിറ്റിന് വിധേയമാക്കേണ്ടതും ഓഡിറ്റ് റിപ്പോർട്ട് സഹിതം അതോറിറ്റി യോഗത്തിന് മുൻപിൽ അവതരിപ്പിക്കേണ്ടതുമാണ്" എന്നുള്ളതുകൂടി വേണം. അത് ഒരിടത്തും പറയുന്നില്ല. ഇത് ആര് ഓഡിറ്റ് ചെയ്യും ? അതാരുടെ ജോലിയാണ് ? അത് സ്പെസിഫൈ ചെയ്തിട്ടില്ല. ജനാധിപത്യത്തിൽ ഫിനാൻഷ്യൽ ഡിസിപ്ലീൻ ഉണ്ടാകണം. അതുണ്ടാകണമെങ്കിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വരവു ചെലവു കണക്കുകൾ നിയമാനുസൃതമായിട്ടുള്ള ഓഡിറ്റിന് വിധേയമാക്കേണ്ടതും ഓഡിറ്റ് റിപ്പോർട്ട് സഹിതം അതോറിറ്റി യോഗത്തിന് മുൻപിൽ അവതരിപ്പിക്കേണ്ടതുമാണ്. ഇത്രയും ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, ഞാൻ 203-ാം നമ്പർ ദേഭഗതി അവതരിപ്പിക്കുന്നു. സംസാരിക്കുന്നില്ല.

(203) വകുപ്പ് 4 (2)-ൽ "മേൽനോട്ടത്തിന്" എന്നതിനുപകരം "മേൽനോട്ടത്തിനും നിയന്ത്രണത്തിനും" എന്നു ചേർക്കുക.

<u>ഡോ. എം. എ. കുട്ടപ്പൻ</u> : സർ, ഞാൻ 206-ാം നമ്പർ ദേഭഗതി അവതരിപ്പിക്കുന്നു.

(206) വകുപ്പ് 4 (3) (1) -ൽ താഴെ പറയുന്ന ക്ലിപ്ത നിബന്ധന കൂടി ചേർക്കുക.

"എന്നാൽ സംസ്ഥാന സ്പോർട്സ് കൗൺസിലോ അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയോ പാസ്സാക്കുന്ന ഏതെങ്കിലും പ്രമേയം ഈ ആക്ടിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്ന സംഗതിയിലോ അത് നടപ്പാക്കാൻ പറ്റാത്ത സംഗതിയിലോ ആ പ്രമേയം സെക്രട്ടറി ഗവൺമെന്റിനയക്കേണ്ടതും അതിൻമേൽ ഗവൺമെന്റ് നൽകുന്ന നിർദ്ദേശപ്രകാരം സെക്രട്ടറി പ്രവർത്തിക്കേണ്ടതുമാണ്."

LIBRARY ARCHIVES Kerala Legislative Assembly

സർ, 4-ാം വകുപ്പിൽ സെക്രട്ടറിക്കുള്ള അധികാരങ്ങളെക്കുറിച്ചും ഉത്തരവാദിത്വത്തെക്കുറിച്ചുമാണ് പറയുന്നത്. അതിലൊരു പ്രധാനപ്പെട്ട ഭാഗം, സ്പോർട്സ് കൗൺസിൽ പാസ്സാക്കുന്ന പ്രമേയങ്ങൾ നടപ്പിൽ വരുത്താനുള്ള ഉത്തരവാദിത്വവും സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. കൗൺസിൽ എന്തെങ്കിലും പ്രമേയം പാസ്സാക്കുമ്പോൾ ആക്ടിലെയോ ഉണ്ടാകാൻ പോകുന്ന ചട്ടങ്ങളിലെ വ്യവസ്ഥകൾക്കോ വിരുദ്ധമായാൽ, അല്ലെങ്കിൽ നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടായാൽ ഗവൺമെന്റിനെ അറിയിക്കേണ്ടതും ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം നടപ്പിൽ വരുത്തേണ്ടതുമാണെന്നാണ് എന്റെ ഭേദഗതി.

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ 207-ാം നമ്പർ ദേഭഗതി അവതരിപ്പിക്കുന്നു.

(207) വകുപ്പ് 4 (2) താഴെ പറയുന്ന രീതിയിൽ മാറ്റിയെഴുതുക : "സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും തീരുമാനങ്ങൾക്കും മേൽനോട്ടത്തിനും വിധേയമായി പ്രസിഡന്റിന് ദൈനംദിന ഭരണനിർവ്വഹണത്തിനും അധികാരം ഉണ്ടായിരിക്കുന്നതും അത് നടപ്പിൽ വരുത്തുന്നതിന് സെക്രട്ടറി ചുമതലപ്പെട്ടിരിക്കുന്നതുമാണ്. കൂടാതെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും, ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും ജീവനക്കാരുടെ മേൽ പൊതുവായ നിയന്ത്രണവും അനുശാസനവും അദ്ദേഹത്തിന് ഉണ്ടായിരിക്കുന്നതുമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, താഴെപ്പറയുന്ന ദേഭഗതി അവതരിപ്പിക്കുന്നു.

(211) വകുപ്പ് 4 (3)-ൽ (iv) -ാം ഇനത്തിനുശേഷം താഴെപ്പറയുന്നത് (v)-ാം ഇനമായി ചേർക്കുകയും നിലവിലുള്ളവ പുനർക്രമീകരിക്കുകയും ചെയ്യുക ;

"(v) ഓരോ വർഷവും ഫെബ്രുവരി മാസം അവസാനിക്കുന്നതിനു മുൻപായി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ തുടർന്നുള്ള വർഷത്തെ ബഡ്ജറ്റ് പ്രസ്തുത കൗൺസിലിന്റെ മുൻപാകെ വച്ച് പാസ്സാക്കുവാൻ ഏർപ്പാടാക്കേണ്ടതും."

മി. സ്പീക്കർ : ശ്രീ. പി. രാഘവൻ, അങ്ങയുടെ 208-ാം നമ്പർ ഭേദഗതി അവതരിപ്പിക്കേണ്ടതില്ല. ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ചത് അതാണ്. അങ്ങേയ്ക്ക് വേണമെങ്കിൽ സംസാരിക്കാം.

ശ്രീ. പി. രാഘവൻ : സർ, സെക്രട്ടറിക്ക് ധാരാളം അധികാരം കൊടുക്കുന്നുണ്ട്. ഇവിടെ പറഞ്ഞ കാര്യങ്ങൾ തന്നെയാണിത്. ദൈനംദിന ഭരണത്തെ സംബന്ധിച്ചുള്ള അധികാരം യഥാർത്ഥത്തിൽ പ്രസിഡന്റിൽ നിക്ഷിപ്തമാകണം. എല്ലാ പ്രമേയങ്ങളും തീരുമാനങ്ങളും നടപ്പിലാക്കുന്നത് ഒരു ഉദ്യോഗസ്ഥനാണ്. അതുകൊണ്ട് പ്രസിഡന്റിനായിരിക്കണം കൂടുതൽ അധികാരമെന്നുള്ളതാണ് എന്റെ ഭേദഗതിയിൽ പറയുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കാവുന്നവയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, ഈ ഭേദഗതികൾ സ്വീകരിക്കാൻ കഴിയുകയില്ല. 'സെക്രട്ടറി' എന്നുള്ളത് ഗവൺമെന്റ് എംപ്ലോയി ആണ്. അദ്ദേഹത്തിന് ഗവൺമെന്റിനോട് കമ്മിറ്റ്മെന്റുണ്ട്. മാത്രമല്ല, അക്കൗണ്ടബിലിറ്റിയുമുണ്ട്. അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടത് എങ്ങനെ ; അത് ആഡിറ്റ് ചെയ്യേണ്ടത് എങ്ങനെ എന്നതിനെ സംബന്ധിച്ച് 38-ാം വകുപ്പിൽ പ്രത്യേകമായി പറയുന്നുണ്ട്. അമിതാധികാരം സെക്രട്ടറിയുടെ മേൽ വരുന്നില്ല. പ്രസിഡന്റിന്റെ അനുമതിയോടുകൂടി മാത്രമേ അദ്ദേഹത്തിന് കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഇതൊരു വിവാദമാക്കേണ്ട കാര്യമില്ല എന്നു തോന്നുന്നു. ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതിയെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തമ്പാനൂർ രവി, അങ്ങയുടെ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതികളെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതിയെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ഡോ. എം. എ. കുട്ടപ്പൻ : പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച ഭേദഗതിയെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. വി. ജയരാജൻ : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഭേദഗതിയെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ : 4-ാം വകുപ്പ് ബില്ലിന്റെ .....

ശ്രീ. ആര്യാടൻ മുഹമ്മദ് : ശ്രീ. പി. രാഘവന്റെ ഭേദഗതിയുണ്ട്.

മി. സ്പീക്കർ : അത് അവതരിപ്പിച്ചില്ല. സംസാരിച്ചതേയുള്ളൂ.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എങ്ങനെയാണ് തുടർന്ന് പോകണമോ ? അതോ ഇവിടെ വച്ച് നിറുത്തിയിട്ട് 21-ാം തീയതി തുടരാമെന്നാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, സമയം രണ്ടര കഴിഞ്ഞു. നമുക്ക് ബിൽ അടുത്ത ദിവസം പാസ്സാക്കിയെടുക്കാം. മൂന്നു മണി വരെയെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ബ്രേക്ക് ഇല്ലാതെയാണ് 2.45 വരെ നിന്നത്. ബാക്കി നമുക്ക് 21-ാം തീയതി പാസ്സാക്കാം. ബി.എ.സി. യിൽ അംഗീകരിച്ചതല്ലേ ?

മി. സ്പീക്കർ : എന്നാൽ അങ്ങനെയാകാം. കാരണം ഇന്നും 21-ാം തീയതിയും കൂടി ചേർന്നിട്ടാണ് ഇതു പാസ്സാക്കാൻ തീരുമാനിച്ചിരുന്നത്. അങ്ങനെയാണെങ്കിൽ ഇന്നത്തെ ബിസിനസ് ഇവിടെ വച്ച് അവസാനിപ്പിച്ച് ബാക്കിയുള്ള വകുപ്പുകളും ബില്ലും 21-ാം തീയതിയിലേക്ക് മാറ്റാം. അതു മതിയോ ? ബഹുമാനപ്പെട്ട മന്ത്രി എന്തു പറയുന്നു ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, അങ്ങനെയാകട്ടെ, വിരോധമില്ല.

(ചർച്ച തുടരും)

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(20-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.50-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XV

1999 -ലെ കേരള സ്പോർട്സ് ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ടും സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളടക്കം

	പേജ്
സെലക്ട് കമ്മിറ്റിയുടെ ഘടന	V
സെലക്ട് കമ്മിറ്റി റിപ്പോർട്ട്	1
വിയോജനക്കുറിപ്പ്	15
സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ	19

LIBRARY ARCHIVES Kerala Legislative Assembly

1999-ലെ കേരള സ്പോർട്സ് ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ ഘടന

1.	ശ്രീ. വി. സി. കബീർ ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി		ചെയർമാൻ
2.	ശ്രീ. ചെർക്കളം അബ്ദുള്ള	എം.എൽ.എ.	അംഗം
3.	ശ്രീ വി. ബാലറാം	"	"
4.	ശ്രീ. പി. കെ. കെ. ബാവ	"	"
5.	ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ	"	"
6.	ശ്രീ. എം. ദാസൻ	"	"
7.	ശ്രീ. പി. സി. ജോർജ്	"	"
8.	ശ്രീ. ജോൺ ഫെർണാണ്ടസ്	"	"
9.	ശ്രീ. ജോസ് ബേബി	"	"
10.	ശ്രീ. പി. ജെ. ജോയി	"	"
11.	ശ്രീ. ടി. നാണു മാസ്റ്റർ	"	"
*12.	ശ്രീ. സി. കെ. നാണു	"	"
13.	ശ്രീ. എം. നാരായണൻ (കുഴൽമന്ദം)	"	"
14.	ശ്രീ. കെ. പി. രാജേന്ദ്രൻ	"	"
†15.	ശ്രീ. എ. സി. ഷൺമുഖദാസ്	"	"
16.	ശ്രീ. സി. എഫ്. തോമസ്	"	"
17.	ശ്രീ. കെ. സി. വേണുഗോപാൽ	"	"
18.	ശ്രീ. കെ. പി. വിശ്വനാഥൻ	"	"

നിയമസഭാ സെക്രട്ടറിയേറ്റ് :

1. ശ്രീ. കെ. ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ, സെക്രട്ടറി (ഇൻ-ചാർജ്)
2. ശ്രീമതി എ. വസന്ത, ജോയിന്റ് സെക്രട്ടറി.
3. ശ്രീമതി കെ. രത്നകുമാരി, ഡെപ്യൂട്ടി സെക്രട്ടറി.
4. ശ്രീ. പി. ജെ. തമ്പി, അണ്ടർ സെക്രട്ടറി.

---

*17-2-2000 വരെ കമ്മിറ്റിയിൽ അംഗമായിരുന്നു.

†17-1-2000 വരെ സമിതിയുടെ ചെയർമാനായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1999-ലെ കേരള സ്പോർട്സ് ബിൽ

സെലക്ട് കമ്മിറ്റി റിപ്പോർട്ട്

സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയച്ച 1999-ലെ കേരള സ്പോർട്സ് ബിൽ, കമ്മിറ്റി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 1999-ലെ കേരള സ്പോർട്സ് ബിൽ 1999 ജൂൺ മാസം 29-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 1999 ജൂലായ് 19-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. ബില്ലിന്റെ പരിഗണനയ്ക്കായി സെലക്ട് കമ്മിറ്റി ആകെ 27 യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 14 എണ്ണം തെളിവെടുപ്പു യോഗങ്ങൾ ആയിരുന്നു. ഈ തെളിവെടുപ്പു യോഗങ്ങളിൽ വയനാട് ജില്ല ഒഴികെയുള്ള 13 ജില്ലകളിലെ പൊതുജനങ്ങൾ, സംഘടനാ പ്രതിനിധികൾ, സംസ്ഥാനത്തെ അർജുനാ അവാർഡ് ജേതാക്കൾ, പ്രമുഖ സ്പോർട്സ് ലേഖകന്മാർ, പത്രപ്രതിനിധികൾ, സ്പോർട്ട്സ് രംഗവുമായി ബന്ധപ്പെട്ട മറ്റുള്ളവർ എന്നിവരിൽ നിന്നും ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതി സ്വീകരിച്ചിരുന്നു. മേൽപ്പറഞ്ഞ തെളിവെടുപ്പ് യോഗങ്ങളിൽ വിദ്യാഭ്യാസ വകുപ്പുമായും യുവജനക്ഷേമവകുപ്പുമായും ബന്ധപ്പെട്ട നിരവധി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതിക്ക് ലഭിക്കുകയുണ്ടായി. പ്രസ്തുത അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിയുമായും യുവജനക്ഷേമ വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയുമായും സമിതി ചർച്ച ചെയ്തു.

4. കൂടാതെ പശ്ചിമബംഗാൾ, ഡൽഹി, പഞ്ചാബ്, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ സമിതി സന്ദർശിക്കുകയും ആ സംസ്ഥാനങ്ങളിലെ സ്പോർട്സ് വകുപ്പുമന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരുമായും ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് ചർച്ച ചെയ്യുകയും അവിടങ്ങളിലെ പ്രമുഖ സ്പോർട്സ് കേന്ദ്രങ്ങൾ, സ്ഥാപനങ്ങൾ, സ്റ്റേഡിയങ്ങൾ എന്നിവ സന്ദർശിക്കുകയും ചെയ്തു.

5. ബില്ലിൽ കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികൾ താഴെ ചേർക്കുന്നു :

(1) ബില്ലിന്റെ തത്വപ്രഖ്യാപന വാക്യത്തിലും പീഠികയിലുമുള്ള "വികസിപ്പിക്കുന്നതിനും" എന്നതിനു പകരം "കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും" എന്ന് ചേർക്കാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(2) വകുപ്പ് 2 (i) ൽ "(3)-ാം വകുപ്പ് പ്രകാരം" എന്നുള്ളത് "(40)-ാം വകുപ്പ് പ്രകാരം" എന്നാക്കാൻ തീരുമാനിച്ചു.

(3) വകുപ്പ് 2 (viii) ൽ "വില്ലേജ്" എന്നത് "ഗ്രാമ" എന്ന് മാറ്റാൻ തീരുമാനിച്ചു.

(4) വകുപ്പ് 2 (xii) ലെ "സ്റ്റേറ്റ്" എന്നത് "സംസ്ഥാന" എന്ന് മാറ്റാൻ തീരുമാനിച്ചു.

(5) വകുപ്പ് 2 (xiv) ൽ "കുതിരപന്തയം" എന്നത് "ഇക്വിസ് ട്രിയെൻ" എന്നും "എല്ലാത്തരം" എന്നത് "മറ്റ്" എന്നും മാറ്റാം തീരുമാനിച്ചു.

(6) വകുപ്പ് 2 (xvii) താഴെപ്പറയും പ്രകാരം മാറ്റാൻ തീരുമാനിച്ചു :

" (xvii) സ്പോർട്സ് താരം' എന്നാൽ അംഗീകൃത സ്പോർട്സ് മത്സരങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകർ ഉൾപ്പെടുന്നതുമാകുന്നു"

(7) വകുപ്പ് 3 (3) ൽ "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൽ (ജി) ഇനത്തിനുശേഷം താഴെപ്പറയുന്ന പുതിയ ഇനങ്ങൾ ചേർക്കാൻ തീരുമാനിച്ചു :

"(എച്ച്) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ;

(ഐ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ;

(ജെ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ;

(കെ) ഹെൽത്ത് സർവ്വീസസ് ഡയറക്ടർ ;

(എൽ) സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി."

(8) വകുപ്പ് 3 (3) ൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൽ (സി) ഇനത്തിനുശേഷം താഴെപ്പറയുന്ന പുതിയ ഇനങ്ങൾ ചേർക്കാൻ തീരുമാനിച്ചു.

"(ഡി) സംസ്ഥാന നിയമസഭാംഗങ്ങൾ തങ്ങൾക്കിടയിൽ നിന്ന് ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റ കൈമാറ്റവോട്ട്മൂലം തെരഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ ;

(ഇ) സംസ്ഥാനത്തുള്ള മുനിസിപ്പൽ കോർപ്പറേഷനിലെ മേയർമാർ തങ്ങൾക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരാൾ ;

(എഫ്) സംസ്ഥാനത്തുള്ള ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ തങ്ങൾക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരാൾ ;

(ജി) സംസ്ഥാനത്തുള്ള മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സംസ്ഥാനത്തുള്ള ടൗൺ പഞ്ചായത്ത് ചെയർ പേഴ്സൺമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ ;

(ഐ) സംസ്ഥാനത്തുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ ;

(ജെ) സംസ്ഥാനത്തുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ.".

(9) വകുപ്പ് 3 (3) ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനു താഴെയുള്ളത് ഇനി പറയും പ്രകാരം മാറ്റാൻ തീരുമാനിച്ചു.

"സർക്കാർ നിമനിർദ്ദേശം ചെയ്യുന്ന, —

(i) കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നുള്ള നാല് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർമാർ ;

(ii) അന്തർദ്ദേശീയ നിലവാരമുള്ള രണ്ട് സ്പോർട്സ് വിദഗ്ദ്ധർ — അവരിലൊരാൾ വനിത ആയിരിക്കേണ്ടതാണ് ;

(iii) ഒരു സ്പോർട്സ് ലേഖകൻ.".

(10) വകുപ്പ് 3(6) ൽ "നാല്" എന്നത് "അഞ്ച്" ആക്കാൻ തീരുമാനിച്ചു.

(11) വകുപ്പ് 3 (7) ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "ഉദ്യോഗം വഹിക്കാൻ പാടുള്ളതല്ല" എന്നത് "അംഗമായി തുടരുവാൻ പാടുള്ളതല്ല" എന്നാക്കി മാറ്റാൻ തീരുമാനിച്ചു.

(12) വകുപ്പ് 3 (8) ൽ ഉള്ള "ഭാരവാഹിയായി" എന്നത് "അംഗമായി" എന്ന് മാറ്റാൻ തീരുമാനിച്ചു.

(13) വകുപ്പ് 4 (2) നു ശേഷം താഴെപ്പറയുന്ന പുതിയ ഉപവകുപ്പുകൾ ചേർക്കാൻ തീരുമാനിച്ചു.

"(3) ഈ ആക്ടിലെ വ്യവസ്ഥകൾക്കും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി സെക്രട്ടറി, —

(i) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രമേയങ്ങൾ നടപ്പിൽ വരുത്തേണ്ടതും ;

(ii) പ്രസിഡന്റും സ്റ്റാൻഡിംഗ് കമ്മിറ്റിയും ഏൽപ്പിച്ചു കൊടുക്കുന്ന ചെലവുകൾ ചെയ്യേണ്ടതും ;

(iii) സംസ്ഥാന സ്പോർട്സ് കൗൺസിൽ അധികൃതമാക്കിയ എല്ലാവിധ ചെലവുകൾക്കുമുള്ള തുകകൾ ചെക്കായോ പണമായോ നൽകേണ്ടതും ;

(iv) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിധിയുടെ സുരക്ഷിതമായ സൂക്ഷിപ്പിന് ഉത്തരവാദിയായിരിക്കുന്നതും ;

LIBRARY ARCHIVES Kerala Legislative Assembly

(v) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വരവ് ചെലവ് കണക്കുകൾ വച്ച് പോരുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതും ;

(vi) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും യോഗങ്ങളുടെയും നടപടി ക്രമങ്ങളുടെയും രേഖകൾ സൂക്ഷിക്കേണ്ടതും ;

(vii) സർക്കാരോ ഏതെങ്കിലും ആഡിറ്റ് അധികാരിയോ ആവശ്യപ്പെടുമ്പോൾ റിട്ടേണുകളും അക്കൗണ്ടുകളും സ്റ്റേറ്റ്മെന്റും മറ്റു വിവരങ്ങളും നൽകേണ്ടതും ; ആണ്.

(4) സെക്രട്ടറി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതിയോടെ താൻ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പരിമിതികൾക്കും നിയന്ത്രണത്തിനും വിധേയമായി രേഖാമൂലമുള്ള ഉത്തരവുമൂലം തന്റെ ഏതെങ്കിലും ചുമതലകൾ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഏത് ഉദ്യോഗസ്ഥനും ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.".

(14) വകുപ്പ് 5 (2) (എഫ്) ലെ "കായികതാരങ്ങൾക്ക്" എന്നത് "സ്പോർട്സ് താരങ്ങൾക്ക്" എന്ന് മാറ്റാൻ തീരുമാനിച്ചു.

(15) വകുപ്പ് 5 (2) ൽ (ഒ) ഇനമായി താഴെ പറയുന്നത് ചേർക്കുവാനും ബാക്കിയുള്ളവ പുനഃക്രമീകരിക്കുവാനും തീരുമാനിച്ചു.

"(ഒ) അവശതയനുഭവിക്കുന്ന സ്പോർട്സ് താരങ്ങൾക്ക് ക്ഷേമത്തിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക ;".

(16) വകുപ്പ് 5 (2) നു ശേഷം താഴെപ്പറയുന്ന പുതിയ ഉപവകുപ്പ് ചേർക്കാൻ തീരുമാനിച്ചു.

"(3) സംസ്ഥാന സ്പോർട്സ് കൗൺസിലിന്, അത് പ്രത്യേകം പറയുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഈ ആക്റ്റോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിക്കോ അതിന്റെ പ്രസിഡന്റിനോ സെക്രട്ടറിക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.".

(17) വകുപ്പ് 6 (1) ലെ (ഇ), (എഫ്) എന്നീ ഇനങ്ങൾ ഒഴിവാക്കി താഴെ പറയുന്ന പുതിയ ഇനങ്ങൾ ചേർക്കാൻ തീരുമാനിച്ചു.

"(ഇ) പൊതു വിദ്യാഭ്യാസ ഡയറക്ടർ ;

(എഫ്) ഡയറക്ടർ, സ്പോർട്സും യുവജനക്ഷേമവും ;

(ജി) സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾ അവർക്കിടയിലുള്ള തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന അഞ്ച് അംഗങ്ങൾ ; അവരിലൊരാൾ ജില്ലാ സ്പോർട്സ് കൗൺസിലിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ പ്രതിനിധീകരിക്കുന്ന അംഗവും, ഒരാൾ അന്തർദേശീയ നിലവാരമുള്ള സ്പോർട്സ് വിദഗ്ദ്ധനായ അംഗവും, ആയിരിക്കേണ്ടതാണ്.".

(18) വകുപ്പ് 9 (3) ലെ "എക്സ് ഒഫിഷ്യോ അംഗങ്ങൾ"എന്ന ശീർഷകത്തിലെ —

(i) (എ) ഇനത്തിലുള്ള " അദ്ദേഹം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്" എന്നതും ;

(ii) (ബി) ഇനത്തിലുള്ള "അദ്ദേഹം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ്" എന്നതും നീക്കം ചെയ്യാൻ തീരുമാനിച്ചു.

(19) വകുപ്പ് 9 (3) ലെ "എക്സ് ഒഫിഷ്യോ അംഗങ്ങൾ"എന്ന ശീർഷകത്തിൽ നിലവിലുള്ള (എഫ്) ഇനം നീക്കം ചെയ്യാനും താഴെപ്പറയുന്ന പുതിയ ഇനങ്ങൾ ചേർക്കാനും തീരുമാനിച്ചു.

"(എഫ്) ജില്ലയിൽ അധികാരിതയുള്ള പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ;

(ജി) ജില്ലാ ആസ്ഥാനത്തുള്ള കോർപ്പറേഷൻ മേയർ അല്ലെങ്കിൽ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്;

(എച്ച്) ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി.".

(20) വകുപ്പ് 9 (3) ലെ " തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൽ നിലവിലുള്ളതിന് "(എ)" എന്ന് നമ്പർ നൽകുന്നതിനും താഴെപ്പറയുന്ന ഇനങ്ങൾ പുതുതായി ചേർക്കുന്നതിനും തീരുമാനിച്ചു.

"(ബി) ജില്ലയ്ക്കുള്ളിലുള്ള മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർ അവർക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരാൾ ;

(സി) ജില്ലയ്ക്കുള്ളിലുള്ള ടൗൺ പഞ്ചായത്ത് ചെയർപേഴ്സൺമാർ അവർക്കിടയിൽ നിന്ന് തെരെഞ്ഞെടുക്കുന്ന ഒരാൾ ;

(ഡി) ജില്ലയ്ക്കുള്ളിലുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ അവർക്കിടയിൽ നിന്ന് തെരെഞ്ഞെടുക്കുന്ന ഒരാൾ ;

(ഇ) ജില്ലയ്ക്കുള്ളിലുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ അവർക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന — അങ്ങനെയുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ എണ്ണം അൻപതിൽ കുറവാണെങ്കിൽ മൂന്നു പേരും അൻപതിൽ കൂടുതലാണെങ്കിൽ അഞ്ചു പേരും — അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളും ആയിരിക്കേണ്ടതാണ്.".

LIBRARY ARCHIVES Kerala Legislative Assembly

(21) വകുപ്പ് 9 (3) ലെ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് താഴെയുള്ളവ ഇനി പറയും പ്രകാരം മാറ്റാൻ തീരുമാനിച്ചു.

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിലെ അസംബ്ലി നിയോജക മണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗങ്ങളിൽ നിന്നും മൂന്നിലൊന്ന് അംഗങ്ങൾ ;

(ബി) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന, —

(i) ജില്ലയ്ക്കകത്തുള്ള ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർ ;

(ii) ജില്ലയ്ക്കകത്തുള്ളതും ജില്ലാതല സ്പോർട്സ് മത്സരങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ളതുമായ ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും ;

(iii) സ്പോർട്സ് മെഡിസിനിൽ മതിയായ നിപുണതയുള്ള ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ ;

(iv) അന്തർദ്ദേശീയ നിലവാരത്തിൽ സ്പോർട്സിൽ നേട്ടം കൈവരിച്ചിട്ടുള്ള വിദഗ്ദ്ധരായ രണ്ടുപേർ — അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.".

(22) വകുപ്പ് 9 (3) ന് ശേഷം (4) ആയി താഴെപ്പറയുന്നത് ചേർക്കുവാനും ബാക്കിയുള്ളവ പുനഃക്രമീകരിക്കുവാനും തീരുമാനിച്ചു.

"(4) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിനും ആ കൗൺസിലിലെ അംഗങ്ങളുടെ ഇടയിൽ നിന്നും നിർണ്ണയിക്കപ്പെട്ട പ്രകാരം തെരെഞ്ഞടുക്കപ്പെട്ട ഒരു പ്രസിഡന്റും വൈസ് പ്രസിഡന്റും ഉണ്ടായിരിക്കുന്നതാണ്.".

(23) പുനഃക്രമീകരിച്ച വകുപ്പ് 9 (6) -ലെ "ഉദ്യോഗം" എന്നത് "അംഗത്വം" എന്നാക്കുവാൻ തീരുമാനിച്ചു.

(24) വകുപ്പ് 11 (1) -ൽ "വൈസ് പ്രസിഡന്റും" എന്നതിനു ശേഷം "സെക്രട്ടറിയും" എന്ന് ചേർക്കാൻ തീരുമാനിച്ചു.

(25) വകുപ്പ് 12 -ന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകളിലുള്ള "ചെയർമാൻ" എന്ന വാക്കിന് പകരം "പ്രസിഡന്റ്" എന്ന് ചേർക്കുവാൻ തീരുമാനിച്ചു.

(26) വകുപ്പ് 12 (2) ന് ശേഷം (3) ആയി താഴെപ്പറയുന്നത് ചേർക്കാനും ബാക്കിയുള്ളവ പുനഃക്രമീകരിക്കാനും തീരുമാനിച്ചു.

"(3) നിർണ്ണയിക്കപ്പെടുന്ന നിബന്ധനകൾക്ക് വിധേയമായി, അടിയന്തിര പ്രാധാന്യമുള്ള സംഗതികൾ ചർച്ച ചെയ്യുന്നതിനായി, ജില്ലാ സ്പോർട്സ് കൗൺസിലിന്റെ മൊത്തം അംഗങ്ങളുടെ മുന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഒരു പ്രത്യേക യോഗം അപ്രകാരം ആവശ്യപ്പെട്ട് പതിനഞ്ച് ദിവസത്തിനകം അതിന്റെ പ്രസിഡന്റ് വിളിച്ചു കൂട്ടേണ്ടതാണ്.".

LIBRARY ARCHIVES Kerala Legislative Assembly

(27) വകുപ്പ് 14 (1) -ൽ "ജൂനിയർ സൂപ്രണ്ടിന്റെ " എന്നതിന് പകരം "ഡെപ്യൂട്ടി കളക്ടറുടെ" എന്ന് ചേർക്കാൻ തീരുമാനിച്ചു.

(28) വകുപ്പ് 14 (2) -ന് പകരം താഴെപ്പറയുന്നത് ചേർക്കാൻ തീരുമാനിച്ചു.

"(2) ഈ ആക്ടിലെ വ്യവസ്ഥകൾക്കും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി സെക്രട്ടറി,—

(i) ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും അതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും പ്രമേയങ്ങൾ നടപ്പിൽ വരുത്തേണ്ടതും ;

(ii) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നിധിയുടെ സുരക്ഷിതമായ സൂക്ഷിപ്പിന് ഉത്തരവാദിയായിരിക്കുന്നതും ;

(iii) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ വരവുചെലവ് കണക്കുകൾ വച്ചു പോരുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതും ;

(iv) സ്പോർട്സ് കൗൺസിലിന്റെയും ടൗൺ സ്പോർട്സ് കൗൺസിലിന്റെയും ബ്ലോക്ക് സ്പോർട്സ് കൗൺസിലിന്റെയും ഗ്രാമ സ്പോർട്സ് കൗൺസിലിന്റെയും കണക്കുകളും അക്കൗണ്ടുകളും പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യിക്കേണ്ടതും ;

(v) സർക്കാരോ ഏതെങ്കിലും ആഡിറ്റ് അധികാരിയോ ആവശ്യപ്പെടുമ്പോൾ റിട്ടേണുകളും അക്കൗണ്ടുകളും സ്റ്റേറ്റുമെന്റും മറ്റ് വിവരങ്ങളും നൽകേണ്ടതും ; ആണ്.".

(29) വകുപ്പ് 14 (3) -ൽ "ചെയർമാനോ പ്രസിഡന്റോ" എന്നതിനു പകരം "പ്രസിഡന്റ്" എന്ന് ചേർക്കാൻ തീരുമാനിച്ചു.

(30) വകുപ്പ് 16 (1) - ൽ "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിന് താഴെ (ജി) ആയി താഴെ പറയുന്നത് ചേർക്കാനും നിലവിലുള്ള (ജി) ഇനം (എച്ച്) ആക്കുവാനും തീരുമാനിച്ചു.

"(ജി) ജില്ലാ വിദ്യാഭ്യാസ ഓഫീസർ".

(31) വകുപ്പ് 16 (1) - ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് താഴെയുള്ളവ ഇനി പറയുംപ്രകാരം മാറ്റാൻ തീരുമാനിച്ചു.

(എ) "മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സിൽ നേട്ടം കൈവരിച്ച രണ്ടുപേർ — അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

(ബി) മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനകത്തുള്ളതും സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ചതും ആയ ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനകത്തുള്ള ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഒരു കായികാദ്ധ്യാപകനും.".

(32) വകുപ്പ് 16 (1) - ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ ഇനങ്ങൾക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കാൻ തീരുമാനിച്ചു.

"തെരഞ്ഞെടുത്ത അംഗങ്ങൾ

(എ) "മുനിസിപ്പൽ കോർപ്പറേഷനിലെ കൗൺസിലർമാർ അവരുടെ ഇടയിൽ നിന്നും തെരെഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ ; അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളുമായിരിക്കേണ്ടതാണ് ;

(ബി) കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനകളുടെയും ക്ലബ്ബുകളുടെയും ഭാരവാഹികൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ അവരുടെ ഇടയിൽ നിന്നും തെഞ്ഞെടുക്കുന്ന അഞ്ചു പേർ ; അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളുമായിരിക്കേണ്ടതാണ്.".

(33) വകുപ്പ് 18 (1) ലെ "എക്സ് - ഒഫിഷ്യോ അംഗങ്ങൾ"എന്ന ശീർഷകത്തിലുള്ള (ബി) ഇനത്തിന്റെ അവസാനം "അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ ;" എന്ന് ചേർക്കുവാനും (എച്ച്) ഇനമായി താഴെപ്പറയുന്നത് ചേർക്കാനും തീരുമാനിച്ചു.

"(എച്ച്) മുനിസിപ്പൽ കൗൺസിൽ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം.".

(34) വകുപ്പ് 18 (1) -ലെ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് താഴെയുള്ളവ ഇനി പറയും പ്രകാരം മാറ്റാൻ തീരുമാനിച്ചു.

"(എ) മുനിസിപ്പൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ടുപേർ — അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

(ബി) മുനിസിപ്പൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും ;

(സി) മുനിസിപ്പൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഒരു കായികാദ്ധ്യാപകനും.".

(35) വകുപ്പ് 19 (1) -ലെ " നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ ഇനങ്ങൾക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കാൻ തീരുമാനിച്ചു :

"തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) "മുനിസിപ്പൽ കൗൺസിലർമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ ; അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളുമായിരിക്കേണ്ടതാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുനിസിപ്പൽ സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെ ഔദ്യോഗിക ഭാരവാഹികൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു പേർ".

(36) വകുപ്പ് 20 (1) -ലെ "എക്സ്-ഒഫിഷ്യോ അംഗങ്ങൾ"എന്ന ശീർഷകത്തിന് താഴെ (എച്ച്) ഇനമായി ഇനി പറയുന്നത് ചേർക്കാൻ തീരുമാനിച്ചു.

"(എച്ച്) ടൗൺ പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം.".

(37) വകുപ്പ് 20 (1) -ലെ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് താഴെയുള്ളവ ഇനി പറയും പ്രകാരം മാറ്റാൻ തീരുമാനിച്ചു :

(എ) ടൗൺ പഞ്ചായത്തിന്റെ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ടു പേർ — അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ് ;

(ബി) ടൗൺ പഞ്ചായത്തിന്റെ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും ;

(സി) ടൗൺ പഞ്ചായത്തിന്റെ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഒരു കായികാദ്ധ്യാപകനും."

(38) വകുപ്പ് 20 (1) -ലെ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ ഇനങ്ങൾക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കാൻ തീരുമാനിച്ചു.

"തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) ടൗൺ പഞ്ചായത്തിലെ കൗൺസിലർമാർ അവരുടെ ഇടയിൽ നിന്നും തെരെഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ ; അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളുമായിരിക്കേണ്ടതാണ് ;

(ബി) ടൗൺ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെയും ക്ലബ്ബുകളുടെയും ഔദ്യോഗിക ഭാരവാഹികൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടു പേർ.".

(39) വകുപ്പ് 22 (1) -ലെ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് താഴെയുള്ളവ ഇനി പറയും പ്രകാരം മാറ്റാൻ തീരുമാനിച്ചു.

"(എ) ബ്ലോക്ക് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ ;

(ബി) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന അദ്ധ്യാപക-രക്ഷകർത്തൃ സംഘടനകളുടെ ഔദ്യോഗിക ഭാരവാഹികളിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

"(സി) ബ്ലോക്ക് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ട് പേർ — അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.".

LIBRARY ARCHIVES Kerala Legislative Assembly

(40) വകുപ്പ് 22 (1) -ലെ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ ഇനങ്ങൾക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കാൻ തീരുമാനിച്ചു.

"തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) ബ്ലോക്ക് പഞ്ചായത്തിലെ അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നുപേർ; അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ആളുമായിരിക്കേണ്ടതാണ്;

(ബി) ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെയും ക്ലബ്ബുകളുടെയും പ്രസിഡന്റുമാർ അവരുടെ ഇടയിൽ നിന്നും തെഞ്ഞെടുക്കുന്ന രണ്ടു പേർ.".

(41) വകുപ്പ് 24 (1) ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിന് താഴെയുള്ളവ ഇനി പറയുംപ്രകാരം മാറ്റാൻ തീരുമാനിച്ചു.

"(എ) ഗ്രാമ പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ടു പേർ —അവരിലൊരാൾ വനിത ആയിരിക്കേണ്ടതാണ്;

(ബി) ഗ്രാമ പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ;

(സി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-രക്ഷകർത്തൃ സംഘടനകളുടെ പ്രസിഡന്റുമാരിൽ നിന്നും ഗ്രാമപഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ.".

(42) വകുപ്പ് 24 (1) — ൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിലെ ഇനങ്ങൾക്ക് ശേഷം താഴെപ്പറയുന്നവ ചേർക്കാൻ തീരുമാനിച്ചു.

"തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) ഗ്രാമപഞ്ചായത്തിലെ അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നുപേർ; അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ആളുമായിരിക്കേണ്ടതാണ്;

(ബി) ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെയും ക്ലബ്ബുകളുടെയും പ്രസിഡന്റുമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടുപേർ.".

(43) വകുപ്പ് 27(1) — ൽ "അയാളെ നാമനിർദ്ദേശം ചെയ്ത തീയതി മുതൽ നാല് വർഷക്കാലയളവ് വരെ ഉദ്യോഗം വഹിക്കേണ്ടതാണ്;" എന്നത് "നാമനിർദ്ദേശം ചെയ്ത തീയതി മുതൽ അഞ്ച് വർഷക്കാലയളവ് വരെ അംഗമായിരിക്കാവുന്നതാണ്;" എന്ന് മാറ്റാൻ തീരുമാനിച്ചു.

(44) വകുപ്പ് 27 (1) — ന്റെ ക്ലിപ്ത നിബന്ധനയിലുള്ള "ഉദ്യോഗ" എന്ന വാക്ക് നീക്കംചെയ്യാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(45) വകുപ്പ് 28 —നു ശേഷം താഴെപ്പറയുന്നത് വകുപ്പ് 29 ആയി ചേർക്കാനും ബാക്കിയുള്ളവ പുന:ക്രമീകരിക്കാനും സമിതി ശുപാർശ ചെയ്തു.

"29. കൗൺസിലുകളും, സ്പോർട്സ് താരങ്ങളും സ്പോർട്സ് സംഘടനകളും തമ്മിലുള്ള തർക്കങ്ങൾ തീർപ്പാക്കൽ .—(1) ഒരു ജില്ലയിലെ രണ്ടോ അതിലധികമോ സ്പോർട്സ് കൗൺസിലുകൾ തമ്മിലോ അല്ലെങ്കിൽ സ്പോർട്സ് കൗൺസിലും സ്പോർട്സ് താരങ്ങൾ തമ്മിലോ അല്ലെങ്കിൽ രണ്ടോ അതിലധികമോ സ്പോർട്ട്സ് താരങ്ങൾ തമ്മിലോ അല്ലെങ്കിൽ രണ്ടോ അതിലധികമോ സ്പോർട്സ് സംഘടനകൾ തമ്മിലോ അല്ലെങ്കിൽ സ്പോർട്സ് സംഘടനയും സ്പോർട്സ് താരങ്ങൾ തമ്മിലോ അല്ലെങ്കിൽ സ്പോർട്സ് സംഘടനയും ജില്ലയ്ക്കകത്തുള്ള ഏതെങ്കിലും സ്പോർട്സ് കൗൺസിൽ തമ്മിലോ ഈ ആക്ടിലെയോ അതിൻകീഴിലുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരമുണ്ടാകുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ച് ഒരു തർക്കം ഉൽഭവിക്കുന്ന പക്ഷം അങ്ങനെയുള്ള തർക്കം തീർപ്പാക്കുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.".

(2) ഒരു ജില്ലാ സ്പോർട്സ് കൗൺസിൽ ഈ ആക്ടോ അതിൻകീഴിലുള്ള ചട്ടങ്ങൾ പ്രകാരമോ എടുക്കുന്ന ഏതെങ്കിലും ഒരു തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സംഘടനയ്ക്കും, കൗൺസിലിനും നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും അതിൻമേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.".

(46) പുന:ക്രമീകരിച്ച വകുപ്പ് 30 (2) - ൽ "രജിസ്റ്റർ ചെയ്യുന്നതിനുള്ള ശുപാർശയുമായി," എന്നതിനുശേഷം "അറുപത് ദിവസത്തിനകം" എന്ന് ചേർക്കുകയും (2) -ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്നവ (3) ഉം (4) ഉം ഉപവകുപ്പായി ചേർക്കുകയും ബാക്കിയുള്ളവ പുന:ക്രമീകരിക്കുകയും ചെയ്യുന്നതിന് തീരുമാനിച്ചു.

"(3) (2)-ാം ഉപവകുപ്പുപ്രകാരമുള്ള കാലാവധിക്കുള്ളിൽ അപ്രകാരം ശുപാർശ സഹിതം അപേക്ഷ സംസ്ഥാന സ്പോർട്സ് കൗൺസിലിന് അയയ്ക്കാതിരിക്കുകയോ അപേക്ഷ നിരസിക്കുകയോ ചെയ്താൽ അപേക്ഷ ലഭിച്ച് എഴുപത്തിയഞ്ച് ദിവസത്തിനകം ജില്ലാ സ്പോർട്സ് കൗൺസിൽ വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അറിയിപ്പ് കിട്ടിയാൽ മുപ്പതു ദിവസത്തിനകം അപേക്ഷകന് അപ്രകാരമുള്ള അപേക്ഷ നേരിട്ട് സംസ്ഥാന സ്പോർട്സ് കൗൺസിലിന് സമർപ്പിക്കാവുന്നതാണ്.".

(47) പുന:ക്രമീകരിക്കപ്പെട്ട വകുപ്പ് 31 (1) -ൽ "സംസ്ഥാന സ്പോർട്സ് കൗൺസിലിൽ" എന്നത് "ജില്ലാ സ്പോർട്സ് കൗൺസിലിൽ" എന്നും (2)-ാം ഉപവകുപ്പിൽ ഉള്ള "സംസ്ഥാന സ്പോർട്സ് കൗൺസിൽ" എന്നത് "ജില്ലാ സ്പോർട്സ് കൗൺസിൽ" എന്നും മാറ്റാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(48) പുന:ക്രമീകരിക്കപ്പെട്ട വകുപ്പ് 35 (1) (ബി) താഴെപ്പറയുന്ന പ്രകാരം മാറ്റാൻ നിർദ്ദേശിച്ചു.

"(ബി) ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ഏതെങ്കിലും വ്യക്തിയോ തദ്ദേശ സ്വയംഭരണ സ്ഥാപനമോ മറ്റു സംഘടനകളോ ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകുന്ന ഏതെങ്കിലും ഗ്രാന്റുകളും അഥവാ സംഭാവനകളും.".

(49) പുന:ക്രമീകരിക്കപ്പെട്ട വകുപ്പ് 35-ന് ശേഷം വകുപ്പ് 36 ആയി താഴെ പറയുന്നത് ചേർക്കാനും ബാക്കിയുള്ളവ പുന:ക്രമീകരിക്കാനും തീരുമാനിച്ചു.

"36. കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ മുതലായവയ്ക്കുവേണ്ടി നിധികളുടെ രൂപീകരണം .—(1) ഓരോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും മുനിസിപ്പൽ സ്പോർട്സ് കൗൺസിലും ടൗൺ സ്പോർട്സ് കൗൺസിലും ബ്ലോക്ക് സ്പോർട്സ് കൗൺസിലും ഗ്രാമ സ്പോർട്സ് കൗൺസിലും, അതതു സംഗതി പോലെ, അതിന്റെ പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതും അതിലേക്ക് ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്ന് ലഭിക്കുന്ന തുകയ്ക്ക് പുറമെ ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി ലഭിക്കുന്ന തുകയും വരവ് വയ്ക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കുന്ന ഒരു നിധി നിർണ്ണയിക്ക പ്പെടാവുന്ന വിധം സൂക്ഷിക്കേണ്ടതും വിനിയോഗിക്കേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.".

(50) പുന:ക്രമീകരിക്കപ്പെട്ട വകുപ്പ് 38-ന്റെ (2) -ാം ഉപവകുപ്പ് താഴെപ്പറയും പ്രകാരം മാറ്റാനും 3 മുതൽ 6 വരെയുള്ളവ നീക്കം ചെയ്യാനും തീരുമാനിച്ചു.

"(2) കൗൺസിലുകളുടെ കണക്കുകൾ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഡയറക്ടർ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് (1994-ലെ 14) -ലെ വ്യവസ്ഥകൾക്കനുസൃതമായി പരിശോധിക്കേണ്ടതും ഓഡിറ്റ് ചെയ്യേണ്ടതുമാണ്.".

(51) പുന:ക്രമീകരിക്കപ്പെട്ട 40-ാം വകുപ്പിന്റെ (1) -ാം ഉപവകുപ്പിലെ (എ), (സി), (ഡി) എന്നീ ഇനങ്ങൾ താഴെപ്പറയും പ്രകാരം മാറ്റാനും (ഇ) നീക്കം ചെയ്യാനും തീരുമാനിച്ചു.

"(എ) സംസ്ഥാന സ്പോർട്സ് കൗൺസിലും ഒരു ജില്ലാ സ്പോർട്സ് കൗൺസിലും തമ്മിലും;

(സി) സംസ്ഥാന സ്പോർട്സ് കൗൺസിലും സ്പോർട്സ് സംഘടനകളും തമ്മിലും ;

(ഡി) ജില്ലാ സ്പോർട്സ് കൗൺസിലുകൾ തമ്മിലും ;".

(52) പുന:ക്രമീകരിക്കപ്പെട്ട വകുപ്പ് 40-ന്റെ ഉപവകുപ്പ് (1)-ന്റെ അവസാനം "തീർപ്പാക്കുന്നതിനായി ഒരു" എന്നതിന് പകരം "തീർപ്പാക്കുന്നതിനും ഈ ആക്ട് പ്രകാരം തീർപ്പാക്കേണ്ട അപ്പീലുകളിൻ മേൽ തീരുമാനം എടുക്കുന്നതിനും ആയി ഒരു" എന്ന് ചേർക്കാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(53) പുന:ക്രമീകരിക്കപ്പെട്ട വകുപ്പ് 43- ന്റെ (1) -ാം ഉപവകുപ്പ് താഴെപ്പറയും പ്രകാരം മാറ്റാൻ തീരുമാനിച്ചു.

"(1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിക്ക് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച് ഈ ആക്ടിൻ കീഴിലുള്ള എല്ലാ കൗൺസിലുകളുടെയും അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് സഹായമാകുംവിധം സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, അത് അനുവദിച്ചിട്ടുള്ള അത്രയും തസ്തികകളിലേക്കാവശ്യമായ ഉദ്യോഗസ്ഥന്മാരേയും ജീവനക്കാരേയും കൗൺസിലുകൾക്കു വേണ്ടി നിയമിക്കാവുന്നതാണ്. എന്നാൽ നേരിട്ട് നടത്തേണ്ട എല്ലാ നിയമനങ്ങളിലും നിർണ്ണയിക്കപ്പെടാവുന്ന അത്ര ശതമാനം തസ്തികകൾ സ്പോർട്സ് താരങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്.

(54) പുന:ക്രമീകരിക്കപ്പെട്ട വകുപ്പ് 46-ന് ശേഷം താഴെ പറയുന്നത് വകുപ്പ് 47 ആയി ചേർക്കാനും ബാക്കിയുള്ളത് പുന:ക്രമീകരിക്കാനും തീരുമാനിച്ചു.

"47. കൗൺസിലിലെ അംഗങ്ങളും ജീവനക്കാർ മുതലായവരും പബ്ലിക് സർവെന്റുമാരായിരിക്കുമെന്ന്. — കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലേയോ, ജില്ലാ സ്പോർട്സ് കൗൺസിലിലേയോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലേയോ, മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലേയോ ടൗൺ സ്പോർട്സ് കൗൺസിലിലെയോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിലെയോ ഗ്രാമ സ്പോർട്സ് കൗൺസിലിലേയോ ഓരോ അംഗവും ഈ ആക്ട് അനുസരിച്ച് നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ഇൻഡ്യൻ ശിക്ഷാ നിയമം (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവെന്റായി കണക്കാക്കപ്പെടുന്നതാണ്.".

6. സമിതി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബില്ലിൽ വന്നിട്ടുള്ള മറ്റു മാറ്റങ്ങൾ മുകളിൽ പ്രസ്താവിച്ച മാറ്റങ്ങളോടു ബന്ധപ്പെട്ടു വന്നിട്ടുള്ളവയോ പദപ്രയോഗം സംബന്ധിച്ചുള്ളതോ ആനുഷംഗികമായതോ ആണ്.

7. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

വി. സി. കബീർ,
ചെയർമാൻ,
സെലക്ട് കമ്മിറ്റി.

MINUTES OF DISSENT

We disagree with the proposals contained in the Report of the Select Committee and the Bill as reported by the Committee on the following grounds:—

(1) In our State the sports and games grew and developed so far without any statutory backing or protection. It sprouted, created a special

LIBRARY ARCHIVES Kerala Legislative Assembly

aptitude towards it among the promising youths of this State and grew luxuriently in our soil on account of the encouragement it received from those dedicated in the field as well as the general public. Viewed in this background in order to keep up the achievements in this field and to add substantive and sensitive achievements in future this Bill ought to have been woven in such a manner as to elicit wide public support from the people of this State. For that purpose the principles of democracy should have been adopted for the formation of the councils envisaged in this Bill. But we regret to state that the Scheme of this Bill is anti-democratic in nature in as much as nomination is resorted to from a wider range of interests. The number of elected persons are limited and that too restricted to lesser categories of interests for the formation of the Councils at State and district levels. Nomination alone is prescribed for the formation of the other councils mentioned in this Bill. We are strongly of the view that representatives of the concerned interests shall come to the Councils through election and by-election only. Nomination should be strictly restricted to accommodate great personalities who have given tangible contributions in the field of sports and games or who have dedicated their lives for the encouragement of sports and games. So we strongly oppose the method of nomination from the concerned interests for the formation of the councils envisaged in this Bill. We are of the view that election should be specified instead of nomination to such councils.

(2) Women are given only a microscopic representation in the councils at the State, District and local body levels. In this era where legislation is proposed to be made for giving one third representation to women in the State Legislatures and the Parliament this Bill speaks of giving representation to them by nomination and that too only in name sake. We strongly oppose this and urge that the relevant provisions should be amended with a view to ensure one third representation to our sisters in the councils at State, District and local body levels.

(3) The provisions of the Bill do not ensure that members of the Scheduled Castes and the Scheduled Tribes shall be given representation in the councils in accordance with thier population in the State. We believe that it is essential to give due representation to them in the Councils to be constituted at all levels. We are, therefore, of the view that necessary provisions should be incorporated in the Bill for the purpose.

LIBRARY ARCHIVES Kerala Legislative Assembly

(4) There are great personalities who have dedicated their lives to the cause of sports and games. In fact it is mainly due to the encouragement given by these personalities that sports and games thrived and the hidden potentialities in the budding prodigies of sports and games were brought to light. The services rendered by such personalities have to be recognized by giving them prominent place in the set up after this law is enacted. Similarly the experience and expertise of sportsmen of eminence who have participated in international events irrespective of whether they have won any medal or not have to be utilised for the sake of emerging sportsmen in addition to respecting them. Hence those belonging to these categories have to be accommodated in the scheme of this Bill by including them as honorary members of the State Council or as sports advisors of the Government. We consider that suitable provisions should be incorporated in the Bill for the purpose.

(5) The academic institutions like Schools and Colleges have a prominent place in the arena of sports and games. It is in the play fields of the Schools and Colleges of this State veteran sportsmen are shaped. So we are of opinion that if there is no co-ordination or uniformity in the functioning of the Sports Councils envisaged in this Bill on the one hand and the academic institutions on the other hand there will be chances for developing unhealthy competition and disharmony in addition to several other unforeseen difficulties. Besides in the interest of development of sports and games it is essential to give due representation to the academic institutions in the councils stipulated in this Bill. Then only the objectives aimed in this Bill can be ensured and achieved in a better way. We are therefore of the view that suitable provisions should be incorporated in the Bill for the purpose.

(6) This Bill envisages two power centres namely the President as also the Chairman for the Councils at the State level. It does not auger well to have two identical power centres although with defined limits of functioning. If the Minister concerned is considered to be an omnipotent person to bless the State Council with his benign presence the office of President should be dispensed with and the Vice Chairman may be given the required powers to act on behalf of the Chairman. We want to incorporate necessary changes accordingly.

LIBRARY ARCHIVES Kerala Legislative Assembly

(7) We find that many persons belonging to different categories who are intimately connected with the development of sports at all times have not been given due place in the setup envisaged in this Bill. The physical education teachers in schools and colleges including Physical Education Colleges, the Coaches, the Managers, referies etc. fall under this category. When we aim at the development of sports it is but reasonable to give representation in the councils contemplated in this Bill to every category which could contribute their might for the advancement of sports. We are therefore, of the view that provision should be incorporated for giving due respresentation to such categories.

(8) According to the provisions of the Bill the Secretary of the local body concerned shall be the Secretary of the Council at the local body level. We are of the view that the Secretary of the local body has to exercise multifarious duties and functions. He would not be in a position to do justice if he is burdended with the duty of looking after the responsibilities of the Council at the local body level. Hence in order to devote more time and energy in connection with the work of the Secretary of the Council we are of the view that an employee nominated by the members of the local body concerned should be made the Secretary of the council. We want suitable provisions to be incorporated for the purpose.

1. P. J. Joy (Sd.)
2. K. P. Viswanathan (Sd.)
3. K. C. Venugopal (Sd.)
4. C. F. Thomas (Sd.)
5. V. Balaram (Sd.)
6. Cherkalam Abdullah (Sd.)

LIBRARY ARCHIVES Kerala Legislative Assembly

1999-ലെ കേരള സ്പോർട്സ് ബിൽ

(സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിലോ വശങ്ങളിലോ വരയിട്ടിരിക്കുന്ന ഭാഗങ്ങൾ കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്ര ചിഹ്നങ്ങൾ നീക്കം ചെയ്തവയേയും സൂചിപ്പിക്കുന്നു.]

കേരള സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രാദേശിക തലത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും അതിന് അനുബന്ധമോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിനും, കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും 'എല്ലാവർക്കും കായികവിനോദം' എന്ന ആശയം വ്യാപിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നത് അനിവാര്യവും യുക്തവുമായിരിക്കയാലും ;

സ്പോർട്സിലും ഗെയിംസിലും കൂടുതൽ വിപുലമായ തോതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും പ്രാദേശിക തലത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതും മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനായി അപ്രകാരമുള്ള സ്പോർട്സ് കൗൺസിലുകൾക്ക് പ്രത്യേക അധികാരങ്ങൾ നൽകുന്നതും യുക്തമായിരിക്കയാലും ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി ഒന്നാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു : —

അദ്ധ്യായം I

പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.— (1) ഈ ആക്റ്റിന് 2000-ത്തിലെ കേരള സ്പോർട്ട്സ് ആക്റ്റ് എന്നു പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും വ്യത്യസ്ത പ്രദേശങ്ങൾക്കു വേണ്ടിയും വ്യത്യസ്ത വ്യവസ്ഥകൾക്കു വേണ്ടിയും വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും, ഏതെങ്കിലും പ്രദേശവുമായി ബന്ധപ്പെട്ട് ഈ ആക്റ്റിന്റെ പ്രാരംഭത്തെക്കുറിച്ച് ഉണ്ടാകാവുന്ന ഏതെങ്കിലും പരാമർശം ആ പ്രദേശത്ത് പ്രസ്തുത വ്യവസ്ഥയുടെ പ്രാരംഭത്തെക്കുറിച്ചുള്ള ഒരു പരാമർശമായി വ്യാഖ്യാനിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. നിർവചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം, —

(i) "അപ്പലേറ്റ് ട്രൈബ്യൂണൽ" എന്നാൽ 40-ാം വകുപ്പ് പ്രകാരം രൂപീകരിച്ച അപ്പലേറ്റ് ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു ;

(ii) "ബ്ലോക്ക് സ്പോർട്സ് കൗൺസിൽ" എന്നാൽ ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുവേണ്ടി 15-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ബ്ലോക്ക് സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു ;

(iii) "കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ" എന്നാൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനുവേണ്ടി, 15-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ഒരു കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു ;

(iv) "ജില്ല" എന്നാൽ ഒരു റവന്യൂ ജില്ല എന്നർത്ഥമാകുന്നു ;

(v) "ജില്ലാ സ്പോർട്ട്സ് കൗൺസിൽ" എന്നാൽ ഒരു ജില്ലയ്ക്കുവേണ്ടി 9-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു ;

(vi) "വിദ്യാഭ്യാസ സ്ഥാപനം" എന്നാൽ സർവകലാശാല, കോളേജ്, സ്കൂൾ, പോളിടെക്നിക്, ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിലോ അഥവാ ആർട്ട്സ് വിഷയങ്ങളിലോ അദ്ധ്യാപനം നൽകുന്ന മറ്റ് സ്ഥാപനം അഥവാ വിദ്യാഭ്യാസ സ്ഥാപനമായി സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് സ്ഥാപനം, എന്നർത്ഥമാകുന്നു ;

(vii) "നിലവിലുള്ള സ്പോർട്സ് കൗൺസിൽ" എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നിലവിലുള്ള സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു ;

(viii) "അംഗം" എന്നാൽ, സന്ദർഭത്തിനു അനുയോജ്യമായി, സംസ്ഥാന സ്പോർട്സ് കൗൺസിലിലേയോ ജില്ലാ സ്പോർട്സ് കൗൺസിലിലേയോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലേയോ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിലേയോ ടൗൺ സ്പോർട്സ് കൗൺസിലിലേയോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിലേയോ ഗ്രാമ സ്പോർട്സ് കൗൺസിലിലേയോ അംഗം എന്നർത്ഥമാകുന്നു ;

(ix) "മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ" എന്നാൽ ഒരു മുനിസിപ്പൽ കൗൺസിൽ പ്രദേശത്തിനുവേണ്ടി 15-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു ;

(x) "വിജ്ഞാപനം" എന്നാൽ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(xi) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(xii) "അംഗീകൃത സ്പോർട്സ് സംഘടന" എന്നാൽ ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ അംഗീകൃത സംഘടനയായി രജിസ്റ്റർ ചെയ്ത ഒരു സ്പോർട്സ് സംഘടന എന്നർത്ഥമാകുന്നു ;

(xiii) "റഗുലേഷൻ" എന്നാൽ ഈ ആക്ട് പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിൽ ഉണ്ടാക്കുന്ന റെഗുലേഷൻ എന്നർത്ഥമാകുന്നു ;

(xiv) "സ്പോർട്സ്" എന്നതിൽ ഔട്ട്ഡോർ ഗെയിമുകൾ, കായികാഭ്യാസങ്ങൾ, തുറസ്സായ സ്ഥലത്ത് വച്ച് നടത്തുന്ന കായിക മൽസരക്കളികൾ അഥവാ ഗ്രാമീണ കായിക വിനോദങ്ങൾ, ഇൻഡോർഗെയിമുകൾ, ജലകായിക വിനോദങ്ങൾ എന്നീ നിലകളിൽ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളും, ഇക്വിസ്ട്രിയൻ, ഷോജമ്പിംഗ്, സൈക്കിളിംഗ്, മോട്ടോർ പന്തയം, പർവ്വതാരോഹണം, വള്ളംകളി, റൈഫിൾ ഷൂട്ടിംഗ്, കളരിപ്പയറ്റ്, വാൾപ്പയറ്റ്, യോഗാഭ്യാസം എന്നീ ജനപ്രീതി നേടിയിട്ടുള്ള വിനോദങ്ങളും, മറ്റ് ഔട്ട് ഡോറും ഇൻഡോറും ആയ കായിക വിനോദങ്ങളും, കളികളും, ചെസ്സും, ജിംനാസ്റ്റിക്സും, ഗുസ്തിയും, ഭാരോദ്വഹനവും, സൈക്കിൾ പോളോയും മറ്റ് ഒളിംപിക് ഇനങ്ങളും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ശുപാർശയിൻമേൽ സംസ്ഥാന സർക്കാർ, വിജ്ഞാപനംമൂലം, ഒരു കായിക വിനോദമായോ കളിയായോ വിനിർദ്ദേശിക്കുന്ന മറ്റ് കായികപ്രവർത്തനങ്ങളും ഉൾപ്പെടുന്നതുമാകുന്നു ;

(xv) "സ്പോർട്സ് സംഘടന" എന്നാൽ സ്പോർട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി നിയമാനുസൃതം രൂപീകരിച്ചിട്ടുള്ളതും ലിഖിതമായ ഒരു ഭരണഘടനയുള്ളതുമായ ഒരു സംഘടന എന്നർത്ഥമാകുന്നു ;

(xvi) "സ്പോർട്സ് ക്ലബ്" എന്നാൽ, അതതു സംഗതിപോലെ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലോ മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലോ ടൗൺ സ്പോർട്സ് കൗൺസിലിലോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിലോ ഗ്രാമ സ്പോർട്സ് കൗൺസിലിലോ രജിസ്റ്റർ ചെയ്തിട്ടുള്ളതും സംസ്ഥാന സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും സ്പോർട്സ് സംഘടനയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ ഒരു സ്പോർട്സ് സംഘടന എന്നർത്ഥമാകുന്നു ;

(xvii) "സ്പോർട്സ് താരം" എന്നാൽ അംഗീകൃത സ്പോർട്സ് മത്സരങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള ആൾ എന്നർത്ഥമാകുന്നതും സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകർ ഉൾപ്പെടുന്നതുമാകുന്നു ;

(xviii) "സ്റ്റാൻഡിംഗ് കമ്മിറ്റി" എന്നാൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു ;

(xix) "സംസ്ഥാന സ്പോർട്സ് കൗൺസിൽ" എന്നാൽ 3-ാം വകുപ്പു പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(xx) "സംസ്ഥാന സ്പോർട്സ് കൗൺസിൽ ചെയർമാൻ" എന്നാൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ചെയർമാൻ എന്നർത്ഥമാകുന്നു ;

(xxi) "സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്" എന്നാൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റായി സർക്കാർ നാമനിർദ്ദേശം ചെയ്ത ആൾ എന്നർത്ഥമാകുന്നു ;

(xxii) "ടൗൺ സ്പോർട്സ് കൗൺസിൽ" എന്നാൽ ഒരു ടൗൺ പഞ്ചായത്ത് പ്രദേശത്തിനുവേണ്ടി 15-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ടൗൺ സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു ;

(xxiii) "ഗ്രാമ സ്പോർട്സ് കൗൺസിൽ" എന്നാൽ ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുവേണ്ടി 15-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട ഗ്രാമ സ്പോർട്സ് കൗൺസിൽ എന്നർത്ഥമാകുന്നു ;

(xxiv) "വർഷം" എന്നാൽ, സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

അദ്ധ്യായം II

സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്ഥാപിക്കലും അതിന്റെ പ്രവർത്തനങ്ങളും

(3) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരണവും ഘടനയും.— (1) സർക്കാർ ഈ ആക്ട് പ്രാബല്യത്തിൽ വന്നതിനുശേഷം കഴിയുന്നത്ര വേഗം, വിജ്ഞാപനം വഴി, വിജ്ഞാപനത്തിൽ പറയുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, "കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ" എന്ന് വിളിക്കപ്പെടുന്ന ഒരു സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന സ്പോർട്സ് കൗൺസിൽ മേൽപ്പറഞ്ഞ പേരിൽ, ശാശ്വത പിൻതുടർച്ചാവകാശവും പൊതു മുദ്രയും ഉള്ള ഒരു ഏകാംഗീകൃതനികായം ആയിരിക്കുന്നതും അതിന്, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കു വിധേയമായി, സ്ഥാവര ജംഗമവസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കയ്യൊഴിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതും, പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യഹരിക്കപ്പെടുകയും ചെയ്യാവുന്നതും ആകുന്നു.

(3) കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

(എ) സ്പോർട്സിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്യുന്ന ഗവൺമെന്റ് സെക്രട്ടറി;

LIBRARY ARCHIVES Kerala Legislative Assembly

(സി) ധനകാര്യ സെക്രട്ടറി (എക്സ്പെൻഡിച്ചർ) ;

(ഡി) പോലീസ് ഡയറക്ടർ ജനറൽ ;

(ഇ) ഡയറക്ടർ, സ്പോർട്സും യുവജനക്ഷേമവും ;

(എഫ്) പൊതുവിദ്യാഭ്യാസ ഡയറക്ടർ ;

(ജി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ;

(എച്ച്) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ;

(ഐ) ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ;

(ജെ) വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ;

(കെ) ഹെൽത്ത് ഡയറക്ടർ ;

(എൽ) സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) ഓരോ അംഗീകൃത സംസ്ഥാന സ്പോർട്സ് സംഘടനയിൽ നിന്നും, അങ്ങനെയുള്ള സംഘടനയിലെ അംഗങ്ങൾ അവരിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു അംഗം വീതം ;

(ബി) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്ന്, അങ്ങനെയുള്ള ജില്ലാ സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന, ഒരംഗം വീതം ;

(സി) സംസ്ഥാനത്തെ ഓരോ സർവകലാശാലയിൽ നിന്നും അങ്ങനെയുള്ള സർവകലാശാലായൂണിയന്റെ ജനറൽ കൗൺസിൽ അംഗങ്ങൾ, സർവ്വകലാശാലാ ടീമുകളിലെ ക്യാപറ്റൻമാരിൽ നിന്നും തെരഞ്ഞെടുക്കുന്ന, ഒരംഗം വീതം ;

(ഡി) സംസ്ഥാന നിയമസഭാംഗങ്ങൾ തങ്ങൾക്കിടയിൽ നിന്ന് ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റകൈമാറ്റ വോട്ടുമൂലം തെരഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ ;

(ഇ) സംസ്ഥാനത്തുള്ള മുനിസിപ്പൽ കോർപ്പറേഷനിലെ മേയർമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ ;

(എഫ്) സംസ്ഥാനത്തുള്ള ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ ;

(ജി) സംസ്ഥാനത്തുള്ള മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ ;

(എച്ച്) സംസ്ഥാനത്തുള്ള ടൗൺ പഞ്ചായത്ത് ചെയർപേഴ്സൺമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) സംസ്ഥാനത്തുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ ;

(ജെ) സംസ്ഥാനത്തുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ തങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ ;

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, —

* * * *

(i) കേരളത്തിലെ സർവകലാശാലകളിൽ നിന്നുള്ള നാല് ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർമാർ ;

(ii) അന്തർദേശീയ നിലവാരമുള്ള, രണ്ട് സ്പോർട്സ് വിദഗ്ദ്ധർ— അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ് ;

(iii) ഒരു സ്പോർട്സ് ലേഖകൻ.

(4) സംസ്ഥാന സ്പോർട്സ് കൗൺസിലിന് അതിലെ അംഗങ്ങൾക്കിടയിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രസിഡന്റും, (3)-ാം ഉപവകുപ്പിൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൽ കീഴിൽ, (എ), (ബി) എന്നീ ഇനങ്ങളിൽ പറയുന്ന അംഗങ്ങൾക്കിടയിൽ നിന്നും, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, സംസ്ഥാന സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു വൈസ് പ്രസിഡന്റും ഉണ്ടായിരിക്കേണ്ടതാണ്.

(5) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റും വൈസ് പ്രസിഡന്റും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

(6) സംസ്ഥാന സ്പോർട്സ് കൗൺസിൽ ഓരോ അഞ്ച് വർഷത്തിലും പുനഃസംഘടിപ്പിക്കേണ്ടതാണ്.

(7) ഈ ആക്ടിലേയും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി, സംസ്ഥാന സ്പോർട്സ് കൗൺസിലിലെ എക്സ്-ഒഫിഷ്യോ അംഗങ്ങളല്ലാത്ത ഓരോ അംഗവും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അടുത്ത പുനഃസംഘടനവരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണ് :

എന്നാൽ ഒരു പ്രത്യേക നികായത്തിലെ അംഗമെന്ന നിലയിലോ ഒരു പ്രത്യേക ഉദ്യോഗം വഹിക്കുന്ന ആളെന്ന നിലയിലോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ തെരഞ്ഞെടുക്കപ്പെട്ടതോ ആയ ഏതൊരംഗവും, അങ്ങനെയുള്ള അംഗമോ, ഉദ്യോഗം വഹിക്കുന്ന ആളോ അല്ലാതായതിനുശേഷം മൂന്നുമാസക്കാലയളവിനുള്ളിൽ വീണ്ടും അങ്ങനെയുള്ള അംഗമാകാത്ത പക്ഷം, അതിനുശേഷം അംഗമായി തുടരാൻ പാടുള്ളതല്ല :

LIBRARY ARCHIVES Kerala Legislative Assembly

എന്നുമാത്രമല്ല, "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (സി) ഇനത്തിൽ പരാമർശിച്ചിട്ടുള്ള ഒരംഗത്തിന്റെ ഉദ്യോഗകാലാവധി അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് തീയതി മുതൽ ഒരു വർഷക്കാലത്തേക്കായിരിക്കുന്നതാണ്.

വിശദീകരണം : — മേൽപറഞ്ഞ ക്ലിപ്ത നിബന്ധനയിൽ പരാമർശിച്ചിട്ടുള്ള ഒരംഗം, പ്രസ്തുത ക്ലിപ്ത നിബന്ധനയിൽ പറഞ്ഞിട്ടുള്ള ഒരു വർഷകാല യളവിനുള്ളിൽ യൂണിവേഴ്സിറ്റി ടീമിന്റെ ക്യാപ്റ്റനല്ലാതായിത്തീർന്നെന്ന കാരണത്താൽ മാത്രം അപ്രകാരമുള്ള അംഗമല്ലാതായിത്തീരുന്നതല്ല എന്ന് സംശയ നിവാരണത്തിനായി ഇതിനാൽ വ്യക്തമാക്കുന്നു.

(8) യാതൊരാളും, തുടർച്ചയായി രണ്ടുതവണകളിൽ കൂടുതൽ അംഗമായി തെരഞ്ഞെടുക്കപ്പെടാൻ പാടുള്ളതല്ല.

4. സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി.— (1) സർക്കാർ, സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമായി കൂടിയാലോചിച്ചശേഷം, ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ദ്യോഗസ്ഥനെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയായി നിയമിക്കേണ്ടതാണ്.

(2) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിന് വിധേയമായി, സെക്രട്ടറി, മുഖ്യകാര്യനിർവ്വഹണോദ്യോഗസ്ഥൻ ആയിരിക്കുന്നതും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും ജീവനക്കാരുടെ മേൽ പൊതുവായ നിയന്ത്രണവും അനുശാസനവും അദ്ദേഹത്തിന് ഉണ്ടായിരിക്കുന്നതുമാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി സെക്രട്ടറി, —

(i) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രമേയങ്ങൾ നടപ്പിൽ വരുത്തേണ്ടതും ;

(ii) പ്രസിഡന്റും സ്റ്റാന്റിംഗ് കമ്മിറ്റിയും ഏല്പിച്ചു കൊടുക്കുന്ന ചെലവുകൾ ചെയ്യേണ്ടതും ;

(iii) സംസ്ഥാന സ്പോർട്സ് കൗൺസിൽ അധികൃതമാക്കിയ എല്ലാവിധ ചെലവുകൾക്കുമുള്ള തുകകൾ ചെക്കായോ പണമായോ നൽകേണ്ടതും ;

(iv) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിധിയുടെ സുരക്ഷിതമായ സൂക്ഷിപ്പിന് ഉത്തരവാദിയായിരിക്കുന്നതും ;

(v) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ വരവുചെലവു കണക്കുകൾ വച്ച് പോരുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതും ;

LIBRARY ARCHIVES Kerala Legislative Assembly

(vi) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും യോഗങ്ങളുടെയും നടപടിക്രമങ്ങളുടെയും രേഖകൾ സൂക്ഷിക്കേണ്ടതും ;

(vii) സർക്കാരോ ഏതെങ്കിലും ആഡിറ്റ് അധികാരിയോ ആവശ്യപ്പെടുമ്പോൾ റിട്ടേണുകളും അക്കൗണ്ടുകളും സ്റ്റേറ്റുമെന്റും മറ്റു വിവരങ്ങളും നൽകേണ്ടതും ആണ് ;

(4) സെക്രട്ടറി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതിയോടെ താൻ നിർദ്ദേശിക്കുന്ന പ്രകാരമുള്ള പരിമിതികൾക്കും നിയന്ത്രണത്തിനും വിധേയമായി രേഖാമൂലമുള്ള ഉത്തരവുമൂലം തന്റെ ഏതെങ്കിലും ചുമതലകൾ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഏത് ഉദ്യോഗസ്ഥനും ഏല്പിച്ചുകൊടുക്കാവുന്നതാണ്.

(5) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ചുമതലകളും അധികാരങ്ങളും പ്രവർത്തനങ്ങളും.— (1) ഈ ആക്ടിൽ അടങ്ങിയിട്ടുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, ഇതിലെ വ്യവസ്ഥകൾ നടപ്പിലാക്കേണ്ട ചുമതല സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

(2) ഈ ആക്ടിൽ മറ്റുവിധത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുള്ള തൊഴികെ സംസ്ഥാന സ്പോർട്സ് കൗൺസിലിന് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സംസ്ഥാനത്തെ എല്ലാത്തരം സ്പോർട്സുകളും സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ക്രമീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക ;

(ബി) സ്പോർട്സ് ഇൻഫർമേഷൻ കേന്ദ്രങ്ങൾ, സ്റ്റേഡിയങ്ങൾ, പവലിയനുകൾ, കളിസ്ഥലങ്ങൾ, പാർക്കുകൾ, കുട്ടികളുടെ പാർക്കുകൾ, സർക്കസ് പരിശീലന കേന്ദ്രങ്ങൾ, കളരികൾ എന്നിവ സ്ഥാപിക്കുക, കെട്ടിടങ്ങൾ, നീന്തൽക്കുളങ്ങൾ , ജിംനേഷ്യം എന്നിവ നിർമ്മിക്കുക ;

(സി) സംസ്ഥാന സ്പോർട്സ് കൗൺസിൽ ഉത്തരവാദപ്പെട്ട് നടത്തേണ്ടതായ എല്ലാമോ ഏതെങ്കിലുമോ, പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി വസ്തുവകകൾ ആർജ്ജിക്കുകയോ ഔപചാരികമായി ആവശ്യപ്പെടുകയോ ചെയ്യുക ;

(ഡി) സംസ്ഥാനത്ത് സ്പോർട്സും ഗെയിംസും പ്രോൽസാഹിപ്പിക്കുന്നതിന് സഹായകമാകുന്ന ടൂർണ്ണമെന്റുകളും മൽസരങ്ങളും പരിശീലന കോഴ്സുകളും സെമിനാറുകളും, കോച്ചിംഗ് കേന്ദ്രങ്ങളും, പ്രദർശനങ്ങളും, പര്യടനങ്ങളും മറ്റ് ഇനങ്ങളും കൗൺസിൽ നേരിട്ടോ അല്ലെങ്കിൽ ജില്ലാ സ്പോർട്സ് കൗൺസിലോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലോ മുനിസിപ്പൽ സ്പോർട്സ് കൗൺസിലോ ടൗൺ സ്പോർട്സ് കൗൺസിലോ ബ്ലോക്ക് സ്പോർട്സ് കൗൺസിലോ ഗ്രാമ സ്പോർട്സ് കൗൺസിലോ വഴി നടത്തുകയോ സംഘടിപ്പിക്കുകയോ അഥവാ അവയുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയോ ചെയ്യുക ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിദ്യാർത്ഥികളുടെയും തൊഴിലാളികളുടെയും സർക്കാർ ജീവനക്കാരുടെയും മറ്റുള്ളവരുടെയും ഇടയിൽ സ്പോർട്സിനുള്ള അംഗീകാരം എന്ന നിലയിലോ പ്രോൽസാഹനം എന്ന നിലയിലോ ബഹുമതികൾ സമ്മാനിക്കുകയും സർട്ടിഫിക്കറ്റുകളോ സമ്മാനങ്ങളോ സ്കോളർഷിപ്പുകളോ മറ്റ് ആനുകൂല്യങ്ങളോ നൽകുകയും ചെയ്യുക ;

(എഫ്) അപകടങ്ങൾക്കെതിരെ സ്പോർട്സ് താരങ്ങൾക്ക് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുക ;

(ജി) സ്പോർട്സിന്റെ പൊതുവായ പ്രോൽസാഹനമോ ഏതെങ്കിലും പ്രത്യേക സംരംഭത്തിന്റെയോ സ്പോർട്സ് ഇനത്തിന്റെയോ പ്രോൽസാഹനമോ ലക്ഷ്യമാക്കി ഏതെങ്കിലും വ്യക്തിക്കോ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കോ* * * * സ്പോർട്സ് സംഘടനകൾക്കോ ക്ലബ്ബുകൾക്കോ അസോസിയേഷനുകൾക്കോ വായ്പയായോ മറ്റുവിധത്തിലോ സഹായം നൽകുക ;

(എച്ച്) അതിന്റെ പ്രവർത്തനങ്ങളുടെ പൊതുവായ നടത്തിപ്പിനായി ഫണ്ട് ശേഖരിക്കുക ;

(ഐ) സംസ്ഥാനത്ത് , ദേശീയതലത്തിലോ അന്തർ ദേശീയ തലത്തിലോ അന്തർ സംസ്ഥാനതലത്തിലോ പ്രാദേശികതലത്തിലോ സ്പോർട്സ് മൽസരങ്ങൾ നടത്തുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ മറ്റു വിധത്തിലുള്ള വ്യവസ്ഥകൾ ഉണ്ടാക്കുകയോ ചെയ്യുകയും സ്പോർട്സ് പര്യടനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക ;

(ജെ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അംഗികൃത സ്പോർട്സ് സംഘടനകൾക്കും ഗ്രാന്റുകളോ ഫണ്ടുകളോ നൽകുക ;

(കെ) കളിസ്ഥലങ്ങൾ സ്ഥാപിക്കുന്നതിനും അവയ്ക്ക് ഉപകരണങ്ങളും സൗകര്യങ്ങളും നൽകുന്നതിനും ഏർപ്പാട് ചെയ്യുക ;

(എൽ) സാഹസികവും ആയോധനവും ആയ സ്പോർട്സ് ഇനങ്ങൾ ഉൾപ്പെടെയുള്ള, ഏതൊരു സ്പോർട്സിന്റെയും വികസനത്തിനു വേണ്ടി ഗവേഷണ കേന്ദ്രമോ വികസന കേന്ദ്രമോ സ്ഥാപിക്കുകയും ഭരണനിർവഹണം നടത്തുകയും ക്രമീകരിക്കുകയും ചെയ്യുക ;

(എം) സ്പോർട്സ് ഇൻഫർമേഷൻ കേന്ദ്രമോ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുകയും സ്പോർട്സുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള കേന്ദ്രങ്ങളോ സ്ഥാപിക്കുകയും, സ്പോർട്സുമായി ബന്ധപ്പെട്ട ലൈബ്രറികളും മ്യൂസിയങ്ങളും നടത്തുകയും ചെയ്യുക ;

(എൻ) സ്പോർട്സ് താരങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക ;

(ഒ) അവശതയനുഭവിക്കുന്ന സ്പോർട്സ് താരങ്ങൾക്ക് ക്ഷേമത്തിനായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക ;

LIBRARY ARCHIVES Kerala Legislative Assembly

(പി) സ്പോർട്സ് സംഘടനകളുടെ അംഗീകാരത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക ;

(ക്യു) ഈ ആക്ടിലെ ലക്ഷ്യങ്ങൾ പൂർത്തികരിക്കുന്നതിന് സഹായകമായ മറ്റ് കാര്യങ്ങൾ ചെയ്യുക ;

(ആർ) ഈ ആക്ടോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവഹിക്കുകയും ചെയ്യുക ;

(3) സംസ്ഥാന സ്പോർട്സ് കൗൺസിലിന്, അത് പ്രത്യേകം പറയുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഈ ആക്ടോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിക്കോ അതിന്റെ പ്രസിഡന്റിനോ സെക്രട്ടറിക്കോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

6. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി.— (1) സംസ്ഥാന സ്പോർട്സ് കൗൺസിലിന് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റാൻഡിംഗ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്;

(ബി) വൈസ് പ്രസിഡന്റ്;

(സി) സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്യുന്ന ഗവൺമെന്റ് സെക്രട്ടറി ;

(ഡി) ധനകാര്യ സെക്രട്ടറി (എക്സ്പെന്റിച്ചർ) ;

(ഇ) പൊതു വിദ്യാഭ്യാസ ഡയറക്ടർ ;

(എഫ്) ഡയറക്ടർ, സ്പോർട്സും യുവജനക്ഷേമവും ;

(ജി) സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി ;

(എച്ച്) സംസ്ഥാന സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾ അവർക്കിടയിലുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന അഞ്ച് അംഗങ്ങൾ, അവരിലൊരാൾ ജില്ലാ സ്പോർട്സ് കൗൺസിലിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ പ്രതിനിധീകരിക്കുന്ന അംഗവും, ഒരാൾ അന്തർദ്ദേശീയ നിലവാരമുള്ള സ്പോർട്സ് വിദഗ്ദ്ധനായ അംഗവും, ആയിരിക്കേണ്ടതാണ്.

(2) സ്റ്റാന്റിംഗ് കമ്മിറ്റി, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് തീരുമാനിക്കുന്ന പ്രകാരവും അങ്ങനെയുള്ള സമയത്തും അപ്രകാരമുള്ള സ്ഥലങ്ങളിലും, അതിന്റെ യോഗം ചേരേണ്ടതും, സംസ്ഥാന സ്പോർട്സ് കൗൺസിൽ അതിനെ ഭരമേൽപ്പിക്കുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവഹിക്കുകയും ചെയ്യേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

7. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ യോഗം.— (1) സംസ്ഥാന സ്പോർട്സ് കൗൺസിൽ, വർഷത്തിൽ രണ്ടു തവണയെങ്കിലും യോഗം ചേരേണ്ടതും, അങ്ങനെയുള്ള യോഗങ്ങളിൽ ഒന്ന് വാർഷികയോഗം ആയിരിക്കേണ്ടതുമാണ്.

(2) സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റിന് അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന അവസരങ്ങളിൽ, അടിയന്തിരകാര്യങ്ങളുടെ നടത്തിപ്പിനായി, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രത്യേക യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

(3) നിർണ്ണയിക്കപ്പെടുന്ന നിബന്ധനകൾക്ക് വിധേയമായി, അടിയന്തിര പ്രാധാന്യമുള്ള സംഗതികൾ ചർച്ച ചെയ്യുന്നതിനായി, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഒരു പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചു കൂട്ടേണ്ടതാണ്.

(4) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഒരു യോഗത്തിന്റെ കോറം, അതിന്റെ മൊത്തം അംഗസംഖ്യയുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

8. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നടപടിക്രമം.— (1) സംസ്ഥാന സ്പോർട്സ് കൗൺസിൽ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും, അപ്രകാരമുള്ള നടപടിക്കനുസൃതമായും പാസാക്കുന്ന പ്രമേയങ്ങൾ മുഖാന്തിരം അതിന്റെ കാര്യങ്ങൾ നിർവഹിക്കേണ്ടതാണ്.

(2) ഓരോ പ്രമേയത്തിന്റെയും പകർപ്പ്, അത് പാസ്സാക്കി പതിനഞ്ചു ദിവസത്തിനകം സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

(3) സർക്കാരിന്, സംസ്ഥാന സ്പോർട്സ് കൗൺസിലിനോട് ഏതൊരു പ്രമേയത്തെയും സംബന്ധിച്ച് ഏതെങ്കിലും രേഖയോ വിവരമോ ആവശ്യപ്പെടാവുന്നതും, സംസ്ഥാന സ്പോർട്സ് കൗൺസിൽ അങ്ങനെയുള്ള രേഖയോ വിവരമോ നൽകാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാണ്.

(4) സർക്കാരിന്, സംസ്ഥാന സ്പോർട്സ് കൗൺസിലിന് ന്യായമായ നോട്ടീസ് നൽകിയതിനുശേഷവും, അതിന് ആക്ഷേപം വല്ലതുമുണ്ടെങ്കിൽ അത് കേട്ടതിന് ശേഷവും, സംസ്ഥാന സ്പോർട്സ് കൗൺസിൽ പാസ്സാക്കിയ ഏതൊരു പ്രമേയവും സസ്പെന്റ് ചെയ്യുകയോ, റദ്ദാക്കുകയോ, ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.

അദ്ധ്യായം III

ജില്ലാ സ്പോർട്സ് കൗൺസിലുകൾ

9. ജില്ലാ സ്പോർട്സ് കൗൺസിൽ. — (1) സർക്കാർ, ഈ ആക്ട് പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമായതോ നൽകപ്പെട്ടതോ ആയ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി, വിജ്ഞാപനം വഴി, സംസ്ഥാനത്തെ ഓരോ ജില്ലയിലും "ജില്ലാ സ്പോർട്സ് കൗൺസിൽ" എന്ന് വിളിക്കപ്പെടുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) ഏതൊരു ജില്ലാ സ്പോർട്സ് കൗൺസിലും, ഏത് ജില്ലയുടെ പേരിലാണോ രൂപീകരിച്ചിട്ടുള്ളത് ആ പേരിലുള്ളതും ശാശ്വതമായ പിൻതുടർച്ചാവകാശത്തോടും ഒരു പൊതുമുദ്രയോടുകൂടിയതും, ഈ ആക്ടിലേയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി സ്ഥാവരജംഗമവസ്തുക്കൾ ആർജ്ജിക്കുന്നതിനും, കൈവശം വയ്ക്കുന്നതിനും കൈയൊഴിയുന്നതിനും, കരാറുകളിൽ ഏർപ്പെടുന്നതിനും, എന്ത് ആവശ്യത്തിന് വേണ്ടിയാണോ അത് രൂപീകരിച്ചിട്ടുള്ളത് ; ആയതിന് യോജിച്ചതും യുക്തമായ രീതിയിലുമുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നതിനും അധികാരമുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും ആ പേരിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതുമാണ്.

(3) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് : —

എക്സ് ഒഫിഷ്യോ അംഗങ്ങൾ :

(എ) ജില്ലാപഞ്ചായത്ത് പ്രസിഡന്റ്;

(ബി) ജില്ലാ കളക്ടർ ;

(സി) ജില്ലാ പോലീസ് സൂപ്രണ്ട് ;

(ഡി) പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബിൽഡിംഗ്സ് ആന്റ് റോഡ്സ്) ;

(ഇ) ജില്ലയിൽ അധികാരിതയുള്ള കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ;

(എഫ്) ജില്ലയിൽ അധികാരിതയുള്ള പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ;

(ജി) ജില്ലാ ആസ്ഥാനത്തുള്ള കോർപ്പറേഷൻ മേയർ അല്ലെങ്കിൽ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്;

(എച്ച്) ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) ഏതെങ്കിലും അംഗീകൃത സംസ്ഥാന സ്പോർട്സ് സംഘടനയുടെ ഒരു യൂണിറ്റായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഓരോ അംഗീകൃത ജില്ലാ സ്പോർട്സ് സംഘടനയും അതിലെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഓരോ അംഗംവീതം.

(ബി) ജില്ലയ്ക്കുള്ളിലുള്ള മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർ അവർക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരാൾ ;

(സി) ജില്ലയ്ക്കുള്ളിലുള്ള ടൗൺ പഞ്ചായത്ത് ചെയർപേഴ്സൺമാർ അവർക്കിടയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഒരാൾ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജില്ലയ്ക്കുള്ളിലുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ അവർക്കിടയിൽ നിന്ന് തിരഞ്ഞെടുക്കുന്ന ഒരാൾ ;

(ഇ) ജില്ലയ്ക്കുള്ളിലുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന — അങ്ങനെയുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ എണ്ണം അൻപതിൽ കുറവാണെങ്കിൽ മൂന്നുപേരും അൻപതിൽ കൂടുതലാണെങ്കിൽ അഞ്ചുപേരും — അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടിക ജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ആളും ; ആയിരിക്കേണ്ടതാണ്.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ :

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജില്ലയിലെ അസംബ്ലി നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗങ്ങളിൽ നിന്നും മൂന്നിലൊന്ന് അംഗങ്ങൾ ;

(ബി) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന, —

(i) ജില്ലയ്ക്കകത്തുള്ള ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർ ;

(ii) ജില്ലയ്ക്കകത്തുള്ളതും ജില്ലാതല സ്പോർട്സ് മൽസരങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ളതുമായ ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും ;

(iii) സ്പോർട്സ് മെഡിസിനിൽ മതിയായ നിപുണതയുള്ള, ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ, എന്നിവർ ;

(iv) അന്തർദ്ദേശീയ നിലവാരത്തിൽ സ്പോർട്സിൽ നേട്ടം കൈവരിച്ചിട്ടുള്ള വിദഗ്ദ്ധരായ രണ്ടുപേർ — അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്.

(4) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിലും ആ കൗൺസിലിലെ അംഗങ്ങളുടെ ഇടയിൽ നിന്നും നിർണ്ണയിക്കപ്പെട്ട പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡന്റും വൈസ് പ്രസിഡന്റും ഉണ്ടായിരിക്കുന്നതാണ്.

(5) ജില്ലാ സ്പോർട്സ് കൗൺസിൽ അഞ്ച് വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കേണ്ടതാണ്.

(6) ജില്ലാ സ്പോർട്സ് കൗൺസിലിലെ എക്സ്-ഒഫിഷ്യോ അംഗമല്ലാത്ത ഓരോ അംഗവും ഈ ആക്ടിലെ വ്യവസ്ഥകൾക്കും ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അടുത്ത പുനഃസംഘടനവരെ അംഗത്വം വഹിക്കേണ്ടതാണ് :

എന്നാൽ, നാമനിർദ്ദേശം ചെയ്യപ്പെടുന്ന വിദ്യാർത്ഥിയുടെയും വിദ്യാർത്ഥിനിയുടെയും ഉദ്യോഗ കാലാവധി നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ ഒരു വർഷം ആയിരിക്കുന്നതാണ്.

(7) യാതൊരാളും തുടർച്ചയായി രണ്ടു തവണകളിൽ കൂടുതൽ അംഗമായി തെരഞ്ഞെടുക്കപ്പെടുവാൻ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

10. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.— (1) സംസ്ഥാന സ്പോർട്സ് കൗൺസിൽ ജില്ലാ സ്പോർട്സ് കൗൺസിലിന് അതതു സമയം ഏൽപ്പിച്ചുകൊടുക്കുന്ന അതിന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടത് ഓരോ ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും കർത്തവ്യമാണ്.

(2) ജില്ലാ സ്പോർട്സ് കൗൺസിലിന്, (1) -ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ചുമതലകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്, അതായത് :—

(എ) കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ, ബ്ലോക്ക് സ്പോർട്സ് കൗൺസിൽ, ഗ്രാമസ്പോർട്സ് കൗൺസിൽ, ജില്ലയിലെ മറ്റു രജിസ്റ്റർ ചെയ്തിട്ടുള്ള സ്പോർട്സ് സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക ;

(ബി) ജില്ലയ്ക്കകത്ത് കായികമേളകളോ മൽസരങ്ങളോ ടൂർണമെന്റുകളോ സംഘടിപ്പിക്കുക ;

(സി) സംസ്ഥാന സ്പോർട്സ് കൗൺസിൽ, റഗുലേഷനുകൾ വഴി നിശ്ചയിക്കാവുന്ന മറ്റ് ചുമതലകൾ നിർവഹിക്കുക.

(3) ജില്ലാ സ്പോർട്സ് കൗൺസിൽ, അതിന്റെ ചുമതലകളുടെ നിർവ്വഹണത്തിൽ, സ്പോർട്സിലും ഗെയിംസിലും ഏർപ്പെട്ടിരിക്കുന്ന മറ്റ് സർക്കാർ ഏജൻസികൾ, സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു സംഘടനകൾ എന്നിവയുമായി യുക്തമായ രീതിയിൽ യോജിച്ച് പ്രവർത്തിക്കുകയും സംസ്ഥാന ഗവൺമെന്റ് അതിന് രേഖാമൂലം നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പ്രവർത്തിക്കേണ്ടതുമാണ്.

11. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.— (1) ജില്ലാ സ്പോർട്സ് കൗൺസിൽ, അതിന്റെ പ്രസിഡന്റും വൈസ്-പ്രസിഡന്റും, സെക്രട്ടറിയും, ജില്ലാ സ്പോർട്സ് കൗൺസിൽ അതിന്റെ അംഗങ്ങൾക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും — അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ് — ഉൾപ്പെടുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

(2) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ദൈനംദിന പ്രവർത്തനങ്ങളും ജില്ലാ സ്പോർട്സ് കൗൺസിൽ കാലാകാലങ്ങളിൽ ഏൽപ്പിച്ചുകൊടുക്കുന്ന മറ്റ് കർത്തവ്യങ്ങളുടെ നിർവ്വഹണവും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലയായിരിക്കുന്നതാണ്.

(3) എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മീറ്റിംഗിന്റെ നടപടിക്രമങ്ങളും കോറവും നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

12. ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ യോഗം. — (1) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലും, പ്രസിഡന്റ് നിശ്ചയിക്കുന്ന തീയതികളിൽ, കുറഞ്ഞത് വർഷത്തിൽ രണ്ടുപ്രാവശ്യമെങ്കിലും യോഗം ചേരേണ്ടതും അങ്ങനെയുള്ള യോഗങ്ങളിൽ ഒന്ന് വാർഷിക യോഗം ആയിരിക്കേണ്ടതുമാണ്.

(2) പ്രസിഡന്റിന് യുക്തമെന്ന് തോന്നുന്ന അവസരങ്ങളിൽ അടിയന്തിരമായി നടത്തേണ്ട കാര്യങ്ങളുടെ നടത്തിപ്പിനായി ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രത്യേക യോഗം വിളിച്ചുകൂട്ടാവുന്നതാണ്.

(3) നിർണ്ണയിക്കപ്പെടുന്ന നിബന്ധനകൾക്ക് വിധേയമായി, അടിയന്തിര പ്രാധാന്യമുള്ള സംഗതികൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ സ്പോർട്സ് കൗൺസിലിന്റെ മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഒരു പ്രത്യേക യോഗം അപ്രകാരം ആവശ്യപ്പെട്ട് പതിനഞ്ച് ദിവസത്തിനകം അതിന്റെ പ്രസിഡന്റ് വിളിച്ചുകൂട്ടേണ്ടതാണ്.

(4) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഒരു യോഗത്തിന്റെ കോറം അതിന്റെ ആകെ അംഗസംഖ്യയുടെ മൂന്നിൽ ഒന്ന് ആയിരിക്കുന്നതാണ്.

(5) ജില്ലാ സ്പോർട്സ് കൗൺസിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള നടപടിക്രമം അനുസരിച്ചും പാസാക്കുന്ന പ്രമേയങ്ങൾ വഴി അതിന്റെ ചുമതലകൾ നിർവഹിക്കേണ്ടതാണ്.

(6) ഓരോ പ്രമേയത്തിന്റെയും പകർപ്പ്, അത് പാസാക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം, സംസ്ഥാന സ്പോർട്സ് കൗൺസിലിന് അയച്ചുകൊടുക്കേണ്ടതാണ്.

13. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റിന്റെയും വൈസ് പ്രസിഡറിന്റെയും അധികാരങ്ങളും ചുമതലകളും.— (1) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് അതിന്റെ യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവഹിക്കുകയും ചെയ്യേണ്ടതാണ്.

(2) പ്രസിഡന്റിന്റെ അസാന്നിധ്യത്തിൽ വൈസ്പ്രസിഡന്റ് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതും പ്രസിഡന്റ് അതതു സമയം ഏൽപ്പിച്ചുകൊടുക്കുന്ന അദ്ദേഹത്തിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവഹിക്കുകയും ചെയ്യേണ്ടതുമാണ്.

14. ജില്ലാസ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി.— (1) സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി, സർക്കാർ സർവ്വീസിൽ ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെ, ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിയായി ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് നിയമിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി സെക്രട്ടറി, —

(i) ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും അതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും പ്രമേയങ്ങൾ നടപ്പിൽവരുത്തേണ്ടതും ;

(ii) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നിധിയുടെ സുരക്ഷിതമായ സൂക്ഷിപ്പിന് ഉത്തരവാദിയായിരിക്കുന്നതും ;

(iii) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ വരവുചെലവ് കണക്കുകൾ വച്ച് പോരുകയും സൂക്ഷിക്കുകയും ചെയ്യേണ്ടതും ;

(iv) കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെയും മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെയും ടൗൺ സ്പോർട്സ് കൗൺസിലിന്റെയും ബ്ലോക്ക് സ്പോർട്സ് കൗൺസിലിന്റെയും ഗ്രാമ സ്പോർട്സ് കൗൺസിലിന്റെയും കണക്കുകളും അക്കൗണ്ടുകളും പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യിക്കേണ്ടതും ;

(v) സർക്കാരോ ഏതെങ്കിലും ആഡിറ്റ് അധികാരിയോ ആവശ്യപ്പെടുമ്പോൾ റിട്ടേണുകളും അക്കൗണ്ടുകളും സ്റ്റേറ്റുമെന്റും മറ്റ് വിവരങ്ങളും നൽകേണ്ടതും ;

ആണ്.

(3) ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് നൽകുകയും ചുമത്തുകയും ചെയ്യുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

അദ്ധ്യായം IV

കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും, മുനിസിപ്പൽ സ്പോർട്സ്കൗൺസിലും, ടൗൺ സ്പോർട്സ് കൗൺസിലും, ബ്ലോക്ക് സ്പോർട്സ് കൗൺസിലും, ഗ്രാമ സ്പോർട്സ് കൗൺസിലും

15. കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ മുതലായവയുടെ രൂപീകരണം.— ഗ്രാമപ്രദേശങ്ങളിലെയും നഗര പ്രദേശങ്ങളിലെയും സ്പോർട്സും ഗെയിംസും സംബന്ധിച്ച് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിനായി സംസ്ഥാന സ്പോർട്സ് കൗൺസിലിന്, ജില്ലാ സ്പോർട്സ് കൗൺസിലുകളുമായും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും കൂടിയാലോചിച്ച്, വിജ്ഞാപനം വഴി, അതിൽ പറയുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി,—

(എ) ഓരോ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനും ഒരു കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ മുനിസിപ്പൽ കൗൺസിൽ പ്രദേശത്തിനും ഒരു മുനിസിപ്പൽ സ്പോർട്സ് കൗൺസിലും ;

(സി) ഓരോ ടൗൺ പഞ്ചായത്ത് പ്രദേശത്തിനും ഒരു ടൗൺ സ്പോർട്സ് കൗൺസിലും ;

(ഡി) ഓരോ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനും ഒരു ബ്ലോക്ക് സ്പോർട്സ് കൗൺസിലും ;

(ഇ) ഓരോ ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനും ഒരു ഗ്രാമ സ്പോർട്സ് കൗൺസിലും ;

രൂപീകരിക്കാവുന്നതാണ്.

16 കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെ ഘടന.— (1) ഓരോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

എക്സ്-ഒഫിഷ്യോ അംഗങ്ങൾ

(എ) മുനിസിപ്പൽ കോർപ്പറേഷൻ മേയർ, അദ്ദേഹം കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ് ;

(ബി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള പോലീസ് കമ്മീഷണർ ;

(സി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിടങ്ങളും റോഡുകളും) ;

(ഡി) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള, മുനിസിപ്പാലിറ്റികളുടെ റീജിയണൽ ജോയിന്റ് ഡയറക്ടർ ;

(ഇ) മുനിസിപ്പൽ കോർപ്പറേഷന്റെ സെക്രട്ടറി, അദ്ദേഹം കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ് ;

(എഫ്) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ;

(ജി) ജില്ലാ വിദ്യാഭ്യാസ ഓഫീസർ ;

(എച്ച്) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് അധികാരിതയുള്ള തഹസീൽദാർ.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ട് പേർ — അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനകത്തുള്ളതും സ്പോർട്സ് മത്സരങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചതുമായ ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും ;

(സി) മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തിനകത്തുള്ള ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഒരു കായികാദ്ധ്യാപകനും ;

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) മുനിസിപ്പൽ കോർപ്പറേഷനിലെ കൗൺസിലർമാർ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ ; അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളുമായിരിക്കേണ്ടതാണ് ;

(ബി) കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്ട്സ് സംഘടനകളുടെയും ക്ലബ്ബുകളുടെയും ഭാരവാഹികൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന അഞ്ചുപേർ ; അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ആളും ആയിരിക്കേണ്ടതാണ്.

(2) കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതും വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുക്കുന്ന ചുമതലകൾ നിർവഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

17 കോർപ്പറേഷൻ സ്പോർടസ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.— (1) ഓരോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിനും അതിന്റെ ദൈനംദിന ഭരണ നിർവഹണ കാര്യങ്ങൾക്കായി, അതിന്റെ പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, സെക്രട്ടറി എന്നിവരും കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്, ഉൾപ്പെട്ട ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

18. മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിന്റെ ഘടന.— (1) ഓരോ മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

എക്സ് ഒഫിഷ്യോ അംഗങ്ങൾ

(എ) മുനിസിപ്പൽ കൗൺസിലിന്റെ ചെയർപേഴ്സൺ, അദ്ദേഹം മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ് ;

(ബി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ :

LIBRARY ARCHIVES Kerala Legislative Assembly

(സി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിടങ്ങളും റോഡുകളും) ;

(ഡി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള മുനിസിപ്പാലിറ്റികളുടെ റീജിയണൽ ജോയിന്റ് ഡയറക്ടർ ;

(ഇ) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള ജില്ലാ വിദ്യാഭ്യാസ ഓഫീസർ ;

(എഫ്) മുനിസിപ്പൽ കൗൺസിലിന്റെ സെക്രട്ടറി, അദ്ദേഹം മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ് ;

(ജി) മുനിസിപ്പൽ കൗൺസിൽ പ്രദേശത്ത് അധികാരിതയുള്ള തഹസിൽദാർ ;

(എച്ച്) മുനിസിപ്പൽ കൗൺസിൽ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) മുനിസിപ്പൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്ട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ടുപേർ—അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ് ;

(ബി) മുനിസിപ്പൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും ;

(സി) മുനിസിപ്പൽ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഒരു കായിക അദ്ധ്യാപകനും.

തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) മുനിസിപ്പൽ കൗൺസിലർമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ; അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട ആളും ആയിരിക്കേണ്ടതാണ് ;

(ബി) മുനിസിപ്പൽ സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെ ഔദ്യോഗിക ഭാരവാഹികൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടുപേർ ;

(2) മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതും വൈസ് പ്രസിഡന്റ്, പ്രസിഡന്റ്, അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുക്കുന്ന ചുമതലകൾ നിർവഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ യോഗങ്ങളിൽ അദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

19. മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.—(1) ഓരോ മുനിസിപ്പൽ സ്പോർട്സ് കൗൺസിലും അതിന്റെ ദൈനംദിന ഭരണ നിർവഹണ കാര്യങ്ങൾക്കായി, അതിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്,

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറി എന്നിവരും, അതിലെ അംഗങ്ങൾ അവരുടെയിടയിൽനിന്നും തെരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്, ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

20. ടൗൺ സ്പോർട്സ് കൗൺസിലിന്റെ ഘടന.— (1) ഓരോ ടൗൺ സ്പോർട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

എക്സ് - ഒഫിഷ്യോ അംഗങ്ങൾ

(എ) ടൗൺ പഞ്ചായത്തിന്റെ ചെയർപേഴ്സൺ, അദ്ദേഹം അതിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ് ;

(ബി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് ;

(സി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിടങ്ങളും റോഡുകളും) ;

(ഡി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള, ജില്ലാ മുനിസിപ്പാലിറ്റികളുടെ റീജിയണൽ ജോയിന്റ് ഡയറക്ടർ ;

(ഇ) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള, ജില്ലാ വിദ്യാഭ്യാസ ഡയറക്ടർ ;

(എഫ്) ടൗൺ പഞ്ചായത്തിന്റെ സെക്രട്ടറി, അദ്ദേഹം ടൗൺ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ് ;

(ജി) ടൗൺ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള തഹസിൽദാർ ;

(എച്ച്) ടൗൺ പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന നിയമസഭാംഗം.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(എ) ടൗൺ പഞ്ചായത്തിന്റെ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ടുപേർ — അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ് ;

(ബി) ടൗൺ പഞ്ചായത്തിന്റെ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച ഒരു വിദ്യാർത്ഥിയും ഒരു വിദ്യാർത്ഥിനിയും ;

(സി) ടൗൺ പഞ്ചായത്തിന്റെ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന, ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറും ഒരു കായിക അദ്ധ്യാപകനും.

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) ടൗൺ പഞ്ചായത്തിലെ കൗൺസിലർമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നംഗങ്ങൾ ; അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളുമായിരിക്കേണ്ടതാണ് ;

(ബി) ടൗൺ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെയും ക്ലബ്ബുകളുടെയും ഔദ്യോഗിക ഭാരവാഹികൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടുപേർ ;

(2) ടൗൺ സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതും, വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചുകൊടുക്കുന്ന ചുമതലകൾ നിർവഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ ടൗൺ സ്പോർട്സ് കൗൺസിൽ യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

21 ടൗൺ സ്പോർട്ട് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.— (1) ഓരോ ടൗൺ സ്പോർട്സ് കൗൺസിലിനും അതിന്റെ ദൈനംദിന ഭരണ നിർവഹണ കാര്യങ്ങൾക്കായി അതിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും, അതിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്, ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

22. ബ്ലോക്ക് സ്പോർട്സ് കൗൺസിലിന്റെ ഘടന.— (1) ഓരോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

എക്സ് ഒഫിഷ്യോ അംഗങ്ങൾ

(എ) ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസിഡന്റ്, അദ്ദേഹം ബ്ലോക്ക് സ്പോർട്സ് കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ് ;

(ബി) ബ്ലോക്ക് പഞ്ചായത്തിന്റെ സെക്രട്ടറി, അദ്ദേഹം ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ് ;

(സി) ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിന്റെ ആസ്ഥാനത്ത് അധികാരിതയുള്ള പോലീസ് സർക്കിൾ ഇൻസ്പെക്ടർ ;

(ഡി) ബ്ലോക്ക് സ്പോർട്സ് കൗൺസിലിൽ ആസ്ഥാനത്ത് അധികാരിതയുള്ള പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിടങ്ങളും റോഡുകളും) ;

(ഇ) ബ്ലോക്ക് സ്പോർട്സ് കൗൺസിൽ ആസ്ഥാനത്ത് അധികാരിതയുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സീനിയർ മെഡിക്കൽ ഓഫീസർ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബ്ലോക്ക് സ്പോർട്ട്സ് കൗൺസിൽ ആസ്ഥാനത്ത് അധികാരിതയുള്ള അസിസ്റ്റന്റ് എഡ്യുക്കേഷൻ ഓഫീസർ

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

** ** ** ** ** ** **

(എ) ബ്ലോക്ക് പഞ്ചായത്ത് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫിസിക്കൽ എഡ്യുക്കേഷൻ അദ്ധ്യാപകർ ;

(ബി) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകളുടെ ഔദ്യോഗിക ഭാരവാഹികളിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ ;

(സി) ബ്ലോക്ക് പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ട് പേർ-അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) ബ്ലോക്ക് പഞ്ചായത്തിലെ അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നുപേർ ; അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളുമായിരിക്കേണ്ടതാണ് ;

(ബി) ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെയും ക്ലബ്ബുകളുടെയും പ്രസിഡന്റുമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടുപേർ ;

(2) ബ്ലോക്ക് സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതാണ്.

(3) വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾ നിർവഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ, ബ്ലോക്ക് സ്പോർട്ട്സ് കൗൺസിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

23. ബ്ലോക്ക് സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി.— (1) ഓരോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിനും അതിന്റെ ദൈനംദിന ഭരണ നിർവ്വഹണ കാര്യങ്ങൾക്കായി, അതിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും അതിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്— ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

24. ഗ്രാമ സ്പോർട്ട്സ് കൗൺസിലിന്റെ ഘടന.—(1) ഓരോ ഗ്രാമ സ്പോർട്സ് കൗൺസിലിലും താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

LIBRARY ARCHIVES Kerala Legislative Assembly

എക്സ്- ഒഫിഷ്യോ അംഗങ്ങൾ

(എ) ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ്, അദ്ദേഹം ഗ്രാമ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് ആയിരിക്കുന്നതാണ് ;

(ബി) ഗ്രാമ പഞ്ചായത്തിന്റെ സെക്രട്ടറി, അദ്ദേഹം ഗ്രാമ സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ് ;

(സി) ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള പോലീസ് സർക്കിൾ ഇൻസ്പെക്ടർ ;

(ഡി) ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിടങ്ങളും റോഡുകളും)

(ഇ) ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള മെഡിക്കൽ ഓഫീസർ ;

(എഫ്) ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് അധികാരിതയുള്ള വില്ലേജ് ഓഫീസർ.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

** ** ** ** ** ** **

(എ) ഗ്രാമ പഞ്ചായത്ത് ** ** നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്സിൽ നേട്ടങ്ങൾ കൈവരിച്ച രണ്ടുപേർ — അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ് ;

(ബി) ഗ്രാമ പഞ്ചായത്ത് ** ** ** ** ** നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർ ;

(സി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-രക്ഷകർത്തൃ സംഘടനകളുടെ പ്രസിഡന്റുമാരിൽ നിന്നും ഗ്രാമപഞ്ചായത്ത് ** ** ** നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

(എ) ഗ്രാമ പഞ്ചായത്തിലെ അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന മൂന്നുപേർ, അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളുമായിരിക്കേണ്ടതാണ് ;

(ബി) ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനയുടെയും ക്ലബ്ബുകളുടെയും പ്രസിഡന്റുമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ടുപേർ.

(2) ഗ്രാമ സ്പോർട്സ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) വൈസ് പ്രസിഡന്റ്, പ്രസിഡന്റ് അദ്ദേഹത്തിന് ഏൽപ്പിച്ചു കൊടുക്കുന്ന ചുമതലകൾ നിർവഹിക്കേണ്ടതും പ്രസിഡന്റിന്റെ അഭാവത്തിൽ, ഗ്രാമ-സ്പോർട്സ് കൗൺസിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

25. ഗ്രാമ സ്പോർട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി.— (1) ഓരോ ഗ്രാമ സ്പോർട്സ് കൗൺസിലിനും അതിന്റെ ദൈനംദിന ഭരണ നിർവഹണ കാര്യങ്ങൾക്കായി, അതിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരും അതിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ആറ് അംഗങ്ങളും - അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്, ഉൾക്കൊള്ളുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

26. കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ മുതലായവയുടെ ചുമതലകൾ- കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും മുനിസിപ്പൽ സ്പോർട്സ് കൗൺസിലും ടൗൺ സ്പോർട്സ് കൗൺസിലും ബ്ലോക്ക് സ്പോർട്സ് കൗൺസിലും ഗ്രാമ സ്പോർട്സ് കൗൺസിലും താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്, അതായത് :—

(എ) സ്പോർട്സ് കൗൺസിലിന് അധികാരിതയുള്ള പ്രദേശത്തെ, രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക ;

(ബി) തങ്ങളുടെ അധികാരിതയിലുള്ള പ്രദേശങ്ങളിൽ കായിക മേളകളോ മത്സരങ്ങളോ ടൂർണമെന്റുകളോ സംഘടിപ്പിക്കുക ;

(സി) ജില്ലാ സ്പോർട്സ് കൗൺസിൽ എൽപ്പിക്കുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക.

27. കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിൽ മുതലായവയിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.— (1) എക്സ്-ഒഫിഷ്യോ അംഗങ്ങൾ അല്ലാത്ത, കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിലെയും മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലെയും ടൗൺ സ്പോർട്സ് കൗൺസിലിലെയും ബ്ലോക്ക് സ്പോർട്സ് കൗൺസിലിലെയും ഗ്രാമ സ്പോർട്സ് കൗൺസിലിലെയും ഓരോ അംഗവും *** നാമനിർദ്ദേശം ചെയ്ത തീയതി മുതൽ അഞ്ചു വർഷ കാലയളവുവരെ അംഗമായിരിക്കാവുന്നതാണ് :

എന്നാൽ, കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ എന്നിവയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന വിദ്യാർത്ഥി പ്രതിനിധികളുടെ ***കാലാവധി അവരുടെ നാമനിർദ്ദേശ തീയതി മുതൽ ഒരു വർഷം ആയിരിക്കുന്നതാണ്.

(2) യാതൊരാളും, തുടർച്ചയായി രണ്ട് തവണകളിൽ കൂടുതൽ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെടുവാൻ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

28. കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ മുതലായവയുടെ യോഗം.— (1) ഓരോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും മുനിസിപ്പൽ സ്പോർട്സ് കൗൺസിലും ടൗൺ സ്പോർട്സ് കൗൺസിലും ബ്ലോക്ക് സ്പോർട്സ് കൗൺസിലും ഗ്രാമ സ്പോർട്സ് കൗൺസിലും വർഷത്തിൽ രണ്ട് തവണയെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ഒരു യോഗത്തിന്റെ കോറം അതിന്റെ ആകെ അംഗസംഖ്യയുടെ മൂന്നിലൊന്ന് ആയിരിക്കേണ്ടതാണ്.

29. കൗൺസിലുകളും സ്പോർട്ട്സ് താരങ്ങളും സ്പോർട്സ് സംഘടനകളും തമ്മിലുള്ള തർക്കങ്ങൾ തീർപ്പാക്കൽ.— (1) ഒരു ജില്ലയിലെ രണ്ടോ അതിലധികമോ സ്പോർട്സ് കൗൺസിലുകൾ തമ്മിലോ അല്ലെങ്കിൽ സ്പോർട്സ് കൗൺസിലും സ്പോർട്സ് താരങ്ങളും തമ്മിലോ അല്ലെങ്കിൽ രണ്ടോ അതിലധികമോ സ്പോർട്സ് താരങ്ങൾ തമ്മിലോ അല്ലെങ്കിൽ രണ്ടോ അതിലധികമോ സ്പോർട്സ് സംഘടനകൾ തമ്മിലോ അല്ലെങ്കിൽ സ്പോർട്സ് സംഘടനയും സ്പോർട്സ് താരങ്ങൾ തമ്മിലോ അല്ലെങ്കിൽ സ്പോർട്ട്സ് സംഘടനയും ജില്ലയ്ക്കകത്തുള്ള ഏതെങ്കിലും സ്പോർട്സ് കൗൺസിൽ തമ്മിലോ ഈ ആക്റ്റിലേയോ അതിൻ കീഴിലുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരമുണ്ടാകുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ച് ഒരു തർക്കം ഉത്ഭവിക്കുന്ന പക്ഷം അങ്ങനെയുള്ള തർക്കം തീർപ്പാക്കുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) ഒരു ജില്ലാ സ്പോർട്സ് കൗൺസിൽ ഈ ആക്റ്റോ അതിൻകീഴിലുള്ള ചട്ടങ്ങൾ പ്രകാരമോ എടുക്കുന്ന ഏതെങ്കിലും ഒരു തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും സംഘടനയ്ക്കും കൗൺസിലിനും നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും അതിന്മേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

അദ്ധ്യായം V

സ്പോർട്ട്സ് സംഘടനകളുടെയും സ്പോർട്ട്സ് താരങ്ങളുടെയും രജിസ്ട്രേഷൻ

30. സ്പോർട്ട്സ് സംഘടനകളുടെ രജിസ്ട്രേഷൻ.— (1) സംസ്ഥാന തലത്തിലോ ജില്ലാ തലത്തിലോ പ്രവർത്തനം നടത്തുന്ന ഏതൊരു സ്പോർട്സ് സംഘടനയും ഈ ആക്റ്റിൻ കീഴിൽ ഒരു അംഗീകൃത സംഘടനയായി സംസ്ഥാന സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്യാവുന്നതും, അപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതൊരു അപേക്ഷയും അതിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജില്ലാസ്പോർട്സ് കൗൺസിലിന്, നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും, സമർപ്പിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) ജില്ലാ സ്പോർട്സ് കൗൺസിൽ അപേക്ഷ പരിഗണിക്കേണ്ടതും അംഗീകാരം നൽകുന്നതിനാവശ്യമായ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് അതിന് ബോദ്ധ്യമാകുന്നപക്ഷം ആ അപേക്ഷ, അപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ശുപാർശയുമായി, അറുപത് ദിവസത്തിനകം സംസ്ഥാന സ്പോർട്സ് കൗൺസിലിന് സമർപ്പിക്കേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരമുള്ള കാലാവധിക്കുള്ളിൽ അപ്രകാരം ശുപാർശ സഹിതം അപേക്ഷ സംസ്ഥാന സ്പോർട്സ് കൗൺസിലിന് അയയ്ക്കാതിരിക്കുകയോ അപേക്ഷ നിരസിക്കുകയോ ചെയ്താൽ അപേക്ഷ ലഭിച്ച് എഴുപത്തിയഞ്ച് ദിവസത്തിനകം ജില്ലാ സ്പോർട്സ് കൗൺസിൽ വിവരം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അറിയിപ്പ് കിട്ടിയാൽ മുപ്പതു ദിവസത്തിനകം അപേക്ഷകന് അപ്രകാരമുള്ള അപേക്ഷ നേരിട്ട് സംസ്ഥാന സ്പോർട്സ് കൗൺസിലിന് സമർപ്പിക്കാവുന്നതാണ്.

(5) (2)-ാം ഉപവകുപ്പുപ്രകാരമോ (4)-ാം ഉപവകുപ്പു പ്രകാരമോ ലഭിക്കുന്ന അപേക്ഷ സംസ്ഥാന സ്പോർടസ് കൗൺസിൽ പരിഗണിക്കേണ്ടതും, രജിസ്ട്രേഷൻ നൽകേണ്ടതാണെന്ന് അതിന് ബോദ്ധ്യപ്പെടുന്ന പക്ഷം, പ്രസ്തുത സ്പോർട്സ് സംഘടനയെ അതതുസംഗതിപോലെ, അംഗീകൃത സംസ്ഥാന സ്പോർട്സ് സംഘടനയായോ അംഗീകൃത ജില്ലാ സ്പോർട്സ് സംഘടനയായോ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

(6) ഒരു സ്പോർട്സ് സംഘടന രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് അതതുസംഗതിപോലെ, ജില്ലാ സ്പോർട്സ് കൗൺസിലിന്റെയോ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയോ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അങ്ങനെയുള്ള രീതിയിലും, അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ ബോധിപ്പിക്കാവുന്നതും അതിന്മേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(7) ഏതെങ്കിലും മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ടൗൺ പഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ പ്രദേശത്ത് മാത്രം പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകൾക്ക്, അതതുസംഗതിപോലെ ബന്ധപ്പെട്ട കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലോ മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലോ ടൗൺ സ്പോർട്സ് കൗൺസിലിലോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിലോ ഗ്രാമ സ്പോർട്സ് കൗൺസിലിലോ ഒരു സ്പോർട്സ് ക്ലബ് ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്.

(8) (7)-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതൊരു അപേക്ഷയും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും അങ്ങനെയുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും ബന്ധപ്പെട്ട സ്പോർട്സ് കൗൺസിലിന് സമർപ്പിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(9) (8)-ാം ഉപവകുപ്പ്പ്രകാരം ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട സ്പോർട്സ് കൗൺസിൽ പരിഗണിക്കേണ്ടതും രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് അതിന് ബോദ്ധ്യമാകുന്ന പക്ഷം, പ്രസ്തുത സ്പോർട്സ് ക്ലബ് രജിസ്റ്റർ ചെയ്യേണ്ടതും അല്ലാത്തപക്ഷം, അപേക്ഷ നിരസിച്ചുകൊണ്ടുള്ള വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

(10) (9)-ാം ഉപവകുപ്പുപ്രകാരം എടുത്ത ഒരു തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും, അങ്ങനെയുള്ള രീതിയിലും, ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലിന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(11) സ്പോർട്സ് സംഘടനയുടെ രജിസ്ട്രേഷനെ സംബന്ധിച്ചും അങ്ങനെയുള്ള രജിസ്ട്രേഷൻ പിൻവലിക്കുന്നതു സംബന്ധിച്ചും ഉള്ള വ്യവസ്ഥകളും നിബന്ധനകളും, അപ്രകാരം രജിസ്ട്രേഷൻ നൽകുന്നതിനായി ജില്ലാ സ്പോർട്സ് കൗൺസിലും സംസ്ഥാന സ്പോർട്സ് കൗൺസിലും പാലിക്കേണ്ട നടപടിക്രമവും അപ്രകാരം രജിസ്റ്റർ ചെയ്ത സ്പോർട്സ് സംഘടനകൾക്കുള്ള പ്രത്യേകാനുകൂല്യങ്ങളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

31. സ്പോർട്സ് താരങ്ങളുടെ രജിസ്ട്രേഷൻ.— (1) ഏതൊരു സ്പോർട്സ് താരത്തിനും ജില്ലാ സ്പോർട്ട്സ് കൗൺസിലിൽ ഒരു സ്പോർട്സ് താരമായി രജിസ്റ്റർ ചെയ്യാവുന്നതും അപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഏതൊരപേക്ഷയും, നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും അങ്ങനെയുള്ള രീതിയിലും ജില്ലാ സ്പോർട്സ് കൗൺസിലിന് സമർപ്പിക്കേണ്ടതുമാണ്.

(2) സ്പോർട്സ് താരമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും, അതിലേക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ പാലിക്കേണ്ട നടപടിക്രമവും അത്തരം സ്പോർട്സ് താരത്തിനുള്ള ആനുകൂല്യങ്ങളും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) സ്പോർട്സ് താരങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച്, ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഏതെങ്കിലും തീരുമാനത്തിൻ മേൽ സങ്കടമനുഭവിക്കുന്ന ഏതൊരു വ്യക്തിക്കും അപ്പലേറ്റ് ട്രൈബ്യൂണൽ മുൻപാകെ, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിലും അപ്രകാരമുള്ള രീതിയിലും അപ്പീൽ ബോധിപ്പിക്കാവുന്നതും അതിന്മേൽ അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

അദ്ധ്യായം VI

നിലവിലുള്ള സ്പോർട്ട്സ് കൗൺസിൽ പിരിച്ചുവിടൽ

32. നിലവിലുള്ള സ്പോർട്ട്സ് കൗൺസിൽ പിരിച്ചുവിടലും അതിന്റെ ആസ്തികളും ബാദ്ധ്യതകളും കൈമാറ്റം ചെയ്യലും.— (1) 1955-ലെ തിരുവിതാംകൂർ - കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ

LIBRARY ARCHIVES Kerala Legislative Assembly

ആക്റ്റിൽ (1955-ലെ XII-ാം ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റ് പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന സ്പോർട്സ് കൗൺസിൽ നിലവിൽ വരുന്ന തീയതിയിലും അന്നുമുതലും നിലവിലുള്ള സ്പോർട്സ് കൗൺസിൽ പിരിച്ചുവിട്ടതായി കരുതപ്പെടുന്നതാണ്.

(2) നിലവിലുള്ള സ്പോർട്സ് കൗൺസിലിന്റെ ഉപയോഗത്തിലും അനുഭവത്തിലും കൈവശത്തിലുമുള്ള എല്ലാ വസ്തുവകകളും ഏതുതരം അവകാശങ്ങളും അതിൽ സ്വന്തം നിലയിലുള്ളതോ അതിൽ നിക്ഷിപ്തമായതോ കൈവശം വച്ചിരുന്നതോ ആയ എല്ലാത്തരം അവകാശങ്ങളും അതിനെതിരായി നിയമപരമായി നിലവിലുള്ള എല്ലാ ബാദ്ധ്യതകളും (1)-ാം ഉപവകുപ്പിൽ പറയുന്ന തീയതിയിലും അന്നുമുതൽക്കും പ്രാബല്യത്തോടുകൂടിയും സർക്കാർ ഇതിനായി പുറപ്പെടുവിച്ചേക്കാവുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായും സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിക്ഷിപ്തമാകുന്നതാണ്.

(3) ഈ ആക്റ്റ് പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നതിൽ നിലവിലുള്ള സ്പോർട്സ് കൗൺസിലിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട് നിയമിച്ചിരുന്ന ഒരു ഉദ്യോഗസ്ഥനോ അഥവാ മറ്റു ജീവനക്കാരനോ, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഒരു ഉദ്യോഗസ്ഥനോ മറ്റു ജീവനക്കാരനോ ആയിത്തീരുന്നതും, ഈ വകുപ്പ് ഉണ്ടാക്കിയിട്ടില്ലായിരുന്നെങ്കിൽ അയാൾ നിലവിലുള്ള സ്പോർട്സ് കൗൺസിലിൽ ഉദ്യോഗത്തിൽ തുടരുമായിരുന്ന അത്രയും കാലത്തേക്കും അയാൾക്കു ലഭിക്കുമായിരുന്ന അതേ വേതനത്തോടു കൂടിയും, അതേ നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റു കാര്യങ്ങളും സംബന്ധിച്ച അതേ അവകാശങ്ങളോടും അനുകൂല്യങ്ങളോടും കൂടിയും, തുടർന്നും ഉദ്യോഗം വഹിക്കുന്നതും, സംസ്ഥാന സ്പോർട്സ് കൗൺസിൽ നിയമാനുസരണം സംസ്ഥാന സ്പോർട്സ് കൗൺസിലിലെ അയാളുടെ ജോലി അവസാനിപ്പിക്കുന്നതുവരേയും അല്ലെങ്കിൽ അയാളുടെ വേതനവും നിബന്ധനകളും വ്യവസ്ഥകളും യഥാവിധി വ്യത്യാസപ്പെടുത്തുന്നതുവരേയോ അപ്രകാരം തുടരുന്നതുമാണ്.

(4) (3)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നിലവിലുള്ള സ്പോർട്സ് കൗൺസിലിന്റെ കാര്യങ്ങളുമായി ബന്ധപ്പെട്ട ജോലിക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളതും ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുൻപ് അപ്രകാരം നിയമനത്തിലുള്ളതുമായ ഏതൊരു സർക്കാർ ഉദ്യോഗസ്ഥനും സർക്കാർ സർവ്വീസിലേക്ക് തിരിച്ചെടുക്കപ്പെടുന്നതാണ്.

അദ്ധ്യായം VII

ധനകാര്യവും കണക്കുകളും ആഡിറ്റും

33. സംസ്ഥാന സർക്കാരിൽ നിന്നുള്ള ഗ്രാന്റുകൾ.— ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേരള സർക്കാർ, അതിന് ഉചിതമെന്നു തോന്നുന്ന അത്രയും തുക ഇതിലേക്കായി സംസ്ഥാന നിയമസഭ ഉണ്ടാക്കിയ നിയമംമൂലം യഥാവിധി വകയിരുത്തിയശേഷം സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് ഗ്രാന്റായി നല്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

34. സംസ്ഥാന സ്പോർട്സ് കൗൺസിൽ നിധി.— (1) സംസ്ഥാന സ്പോർട്സ് കൗൺസിൽ, "സംസ്ഥാന സ്പോർട്സ് കൗൺസിൽ നിധി" എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതും, അതിലേക്ക് താഴെപ്പറയുന്നവ വരവുവയ്ക്കേണ്ടതുമാണ്.—

(എ) 33-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാർ നല്കുന്ന എല്ലാ തുകകളും ;

(ബി) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി മറ്റേതെങ്കിലും വ്യക്തി സംസ്ഥാന സ്പോർട്സ് കൗൺസിലിന് നൽകുന്ന ഏതെങ്കിലും ഗ്രാന്റുകളും സംഭാവനകളും ;

(സി) സംസ്ഥാന സ്പോർട്സ് കൗൺസിലിന് മറ്റേതെങ്കിലും മാർഗ്ഗത്തിൽ ലഭിക്കുന്ന ഏത് തുകയും.-

(2) സംസ്ഥാന സ്പോർട്സ് കൗൺസിൽ നിധി,—

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ ചെലവിനും ;

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിൽ വഹിക്കേണ്ടതായ മറ്റ് ഏതെങ്കിലും ചെലവുകൾ നേരിടുന്നതിനും,

വേണ്ടി വിനിയോഗിക്കേണ്ടതാണ്.

35. ജില്ല സ്പോർട്സ് കൗൺസിൽ നിധി.— (1) ഓരോ ജില്ലാ സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിൽ നിധി എന്ന പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതും അതിലേക്ക് താഴെ പറയുന്നവ വരവുവയ്ക്കേണ്ടതുമാണ് :—

(എ) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സംസ്ഥാന സ്പോർട്സ് കൗൺസിൽ ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകുന്ന എല്ലാ തുകകളും അഥവാ ഏതെങ്കിലും ഗ്രാന്റുകളും ;

(ബി) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ***** ഏതെങ്കിലും വ്യക്തിയോ, തദ്ദേശസ്വയംഭരണ സ്ഥാപനമോ മറ്റു സംഘടനകളോ ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകുന്ന ഏതെങ്കിലും ഗ്രാന്റുകളും അഥവാ സംഭാവനകളും ;

(സി) ജില്ലാ സ്പോർട്സ് കൗൺസിലിന് മറ്റേതെങ്കിലും മാർഗ്ഗത്തിൽ ലഭിക്കുന്ന മറ്റേതെങ്കിലും തുക.

(2) ജില്ലാ സ്പോർട്ട്സ് കൗൺസിൽ നിധി,—

(എ) ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ ചെലവുകളും ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെയും മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെയും ടൗൺ സ്പോർട്സ് കൗൺസിലിന്റെയും ബ്ലോക്ക് സ്പോർട്സ് കൗൺസിലിന്റെയും ഗ്രാമ സ്പോർട്സ് കൗൺസിലിന്റെയും പ്രവർത്തനങ്ങളുടെ ചെലവുകളും ;

(സി) ജില്ലാ സ്പോർട്സ് കൗൺസിൽ വഹിക്കേണ്ടതായ മറ്റേതെങ്കിലും ചിലവുകളും ;

നേരിടുന്നതിനുവേണ്ടി വിനിയോഗിക്കേണ്ടതാണ്.

36. കോർപ്പറേഷൻ സ്പോർട്സ് കൗൺസിൽ, മുനിസിപ്പൽ സ്പോർട്സ് കൗൺസിൽ, ടൗൺ സ്പോർട്സ് കൗൺസിൽ മുതലായവയ്ക്കുവേണ്ടി നിധികളുടെ രൂപീകരണം.— (1) ഓരോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും മുനിസിപ്പൽ സ്പോർട്സ് കൗൺസിലും, ടൗൺ സ്പോർട്സ് കൗൺസിലും, ബ്ലോക്ക് സ്പോർട്സ് കൗൺസിലും ഗ്രാമ സ്പോർട്സ് കൗൺസിലും അതത് സംഗതിപോലെ, അതിന്റെ പേരിൽ ഒരു നിധി രൂപീകരിക്കേണ്ടതും അതിലേക്ക് ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്ന് ലഭിക്കുന്ന തുകയ്ക്ക് പുറമെ ഏതെങ്കിലും പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി ലഭിക്കുന്ന തുകയും വരവ് വയ്ക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കുന്ന ഒരു നിധി നിർണ്ണയിക്കാപ്പെടാവുന്നവിധം സൂക്ഷിക്കേണ്ടതും വിനിയോഗിക്കേണ്ടതും ആഡിറ്റ്ചെയ്യേണ്ടതുമാണ്.

37. ബഡ്ജറ്റ്.— (1) ഓരോ കോർപ്പറേഷൻ സ്പോർട്സ് കൗൺസിലും മുനിസിപ്പൽ സ്പോർട്സ് കൗൺസിലും, ടൗൺ സ്പോർട്സ് കൗൺസിലും, ബ്ലോക്ക് സ്പോർട്സ് കൗൺസിലും, ഗ്രാമ സ്പോർട്സ് കൗൺസിലും ഓരോ വർഷവും, അടുത്ത സാമ്പത്തികവർഷത്തേയ്ക്ക് കണക്കാക്കുന്ന വരവ് ചെലവുകളുടെ, പ്രസ്തുത വർഷത്തേയ്ക്കുള്ള ഒരു ബഡ്ജറ്റ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള സമയത്തും, തയ്യാറാക്കേണ്ടതും, അതിന്റെ പകർപ്പ് ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ പരിഗണിച്ചുകൊണ്ട് ജില്ലാ സ്പോർട്സ് കൗൺസിൽ അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന വരവ് ചെലവുകളുടെ പ്രസ്തുത വർഷത്തേയ്ക്കുള്ള ഒരു ബഡ്ജറ്റ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള സമയത്തും തയ്യാറാക്കേണ്ടതും, അതിന്റെ പകർപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിലിന് അയച്ചുകൊടുക്കേണ്ടതുമാണ്.

(3) ജില്ലാ സ്പോർട്സ് കൗൺസിലുകളിൽനിന്നും ലഭിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന സ്പോർട്സ് കൗൺസിൽ അതിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും, അത്, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ, സർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(4) (3)-ാം ഉപവകുപ്പുപ്രകാരം അയച്ചുകൊടുത്ത ബഡ്ജറ്റ് ലഭിച്ചാൽ സംസ്ഥാന സർക്കാർ, അത് പരിശോധിക്കേണ്ടതും, അതിന് യുക്തമെന്ന് തോന്നുന്ന മാറ്റങ്ങളോ, തിരുത്തലുകളോ രൂപഭേദങ്ങളോ നിർദ്ദേശിക്കേണ്ടതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പരിഗണനയ്ക്കായി അയച്ചു കൊടുക്കേണ്ടതുമാണ്.

(5) (4)-ാം ഉപവകുപ്പുപ്രകാരം സർക്കാർ നല്കുന്ന നിർദ്ദേശം ഏതെങ്കിലും ഉണ്ടെങ്കിൽ അതിനനുസൃതമായി, സംസ്ഥാന സ്പോർട്സ് കൗൺസിൽ, അതിന്റെ ബഡ്ജറ്റിലും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ബഡ്ജറ്റിലും മാറ്റങ്ങളും തിരുത്തലുകളും രൂപഭേദങ്ങളും ചേർക്കേണ്ടതും അപ്രകാരം മാറ്റം വരുത്തിയതോ തിരുത്തിയതോ രൂപഭേദപ്പെടുത്തിയതോ ആയ ബഡ്ജറ്റ് സംസ്ഥാന സ്പോർട്സ് കൗൺസിൽ പാസ്സാക്കേണ്ടതും ആകുന്നു.

38. കണക്കുകളും ആഡിറ്റും.— (1) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ അല്ലെങ്കിൽ ജില്ലാ സ്പോർട്സ് കൗൺസിൽ (ഈ വകുപ്പിൽ, ഇതിനുശേഷം, "കൗൺസിൽ" എന്നാണ് പരാമർശിക്കുക), അതതുസംഗതിപോലെ, ശരിയായ കണക്കുകളും മറ്റു പ്രസക്തമായ രേഖകളും സൂക്ഷിക്കേണ്ടതും, വരവു ചെലവുകൾ ഉൾപ്പെടുന്ന കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റും ബാലൻസ്ഷീറ്റും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള രീതിയിലും തയ്യാറാക്കേണ്ടതുമാണ്.

(2) കൗൺസിലുകളുടെ കണക്കുകൾ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് ഡയറക്ടർ 1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് (1994-ലെ 14)-ലെ വ്യവസ്ഥകൾക്കനുസൃതമായി പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.

** ** ** ** ** ** **

39. കടം വാങ്ങാനുള്ള അധികാരം.— സംസ്ഥാന സ്പോർട്സ് കൗൺസിലിന്, വായ്പയുടെ ഉദ്ദേശത്തേയും തുകയേയും സംബന്ധിച്ച് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും, ഈടും പലിശനിരക്കും സംബന്ധിച്ച്, സർക്കാർ നിശ്ചയിച്ചേക്കാവുന്ന വ്യവസ്ഥകൾക്ക് വിധേയമായും, ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ അഥവാ മറ്റേതെങ്കിലും ഏകാംഗീകൃത നികായത്തിൽ നിന്നോ എന്തു തുകയും കടമായി വാങ്ങാവുന്നതാണ്.

അദ്ധ്യായം VIII

അപ്പലേറ്റ് ട്രൈബ്യൂണൽ

40. അപ്പലേറ്റ് ട്രൈബ്യൂണലിന്റെ രൂപീകരണം.— (1) സർക്കാരിന്, വിജ്ഞാപനം വഴി,—

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലും ഒരു ജില്ലാ സ്പോർട്സ് കൗൺസിലും തമ്മിലും ;

(ബി) സംസ്ഥാന സ്പോർട്ട്സ് കൗൺസിലും ഒരു ജില്ലാ സ്പോർട്സ് താരവും തമ്മിലും ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സ്പോർട്സ് കൗൺസിലും സ്പോർട്സ് സംഘടനകളും തമ്മിലും ;

(ഡി) ജില്ലാ സ്പോർട്സ് കൗൺസിലുകൾ തമ്മിലും ;

** ** ** **

ഉള്ളതും ഈ ആക്റ്റുപ്രകാരം തീർപ്പാക്കേണ്ടതുമായ ഏതെങ്കിലും തർക്കമോ, പ്രശ്നമോ മറ്റേതെങ്കിലും സംഗതിയോ തീർപ്പാക്കുന്നതിനും ഈ ആക്ടുപ്രകാരം തീർപ്പാക്കേണ്ട അപ്പീലുകളിൻമേൽ തീരുമാനം എടുക്കുന്നതിനുമായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) ട്രൈബ്യൂണലിൽ.—

(എ) നിയമവകുപ്പു സെക്രട്ടറി, എക്സ് ഓഫിഷ്യോ, അദ്ദേഹം ട്രൈബ്യൂണലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള, ഒരു വ്യക്തി ;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സ്പോർട്സിൽ വിദഗ്ദ്ധനായ ഒരു വ്യക്തി ;

എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിലെ എക്സ്-ഒഫിഷ്യോ അംഗമൊഴികെയുള്ള അംഗങ്ങളുടെ ഉദ്യോഗ കാലാവധിയും മറ്റു സേവന വ്യവസ്ഥകളും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

(4) അപ്പലേറ്റ് ട്രൈബ്യൂണൽ ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതും, ഒരു വ്യവഹാരത്തിന്റെ വിചാരണ നടത്തുമ്പോഴോ അഥവാ ഒരു ഡിക്രിയോ ഉത്തരവോ നടപ്പാക്കുമ്പോഴോ, 1908-ലെ സിവിൽ നടപടി നിയമ സംഹിത (1908-ലെ 5-ാം കേന്ദ്ര ആക്ട്) പ്രകാരം ഒരു സിവിൽ കോടതിക്ക് വിനിയോഗിക്കാവുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

(5) 1908-ലെ സിവിൽ നടപടി നിയമ സംഹിതയിൽ (1908-ലെ 5-ാം കേന്ദ്ര ആക്ട്) എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പലേറ്റ് ട്രൈബ്യൂണൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമം പാലിക്കേണ്ടതാണ്.

(6) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതും, അപേക്ഷ കക്ഷികൾക്ക് ബാധകമായിരിക്കുന്നതും അതിന് ഒരു സിവിൽ കോടതി പുറപ്പെടുവിച്ച ഒരു ഡിക്രിയുടെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

(7) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം നടപ്പാക്കുന്നതിനായി ഏതു സിവിൽക്കോടതിക്കാണോ അയച്ചുകൊടുത്തിട്ടുള്ളത് ആ കോടതി, 1908-ലെ സിവിൽ നടപടി നിയമസംഹിതയിലെ (1908-ലെ 5-ാം കേന്ദ്ര ആക്ട്) വ്യവസ്ഥകൾക്ക് അനുസൃതമായി അത് നടപ്പാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

41. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.— ഈ ആക്ട് പ്രകാരമോ അതിൻകീഴിലോ, അപ്പലേറ്റ് ട്രൈബ്യൂണൽ തീർപ്പാക്കേണ്ടതായ ഏതെങ്കിലും തർക്കമോ പ്രശ്നമോ മറ്റ് സംഗതികളോ സംബന്ധിച്ച് യാതൊരു വ്യവഹാരമോ, മറ്റു നിയമ നടപടികളോ യാതൊരു സിവിൽ കോടതിയിലും നിലനിൽക്കുന്നതല്ല.

42. രജിസ്റ്റർ ചെയ്യാത്ത സ്പോർട്ട്സ് സംഘടനയ്ക്കും സ്പോർട്സ് താരങ്ങൾക്കും അവകാശസ്ഥാപനത്തിന് നിരോധനം.— തൽസമയം പ്രാബല്യത്തിലുള്ള മറ്റേതൊരു നിയമത്തിലും എന്തുതന്നെയടങ്ങിയിരുന്നാലും ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും സ്പോർട്സ് സംഘടനയോ സ്പോർട്സ് താരമോ, ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം, ഈ ആക്ട് പ്രകാരമുള്ള ഏതെങ്കിലും അവകാശം സ്ഥാപിച്ചു കിട്ടുന്നതിനായി, അതാതു സംഗതിപോലെ, അതിനു വേണ്ടിയോ അയാളോ നൽകിയ യാതൊരു കേസും, അപ്പീലും അഥവാ മറ്റു നിയമ നടപടികളും അപ്പലേറ്റ് ട്രൈബ്യൂണലോ ഏതെങ്കിലും കോടതിയോ സ്വീകരിക്കുവാനോ ആരംഭിക്കുവാനോ വാദം കേൾക്കുവാനോ, വിചാരണ ചെയ്യുവാനോ തീർപ്പാക്കുവാനോ പാടില്ലാത്തതും അങ്ങനെയുള്ള പ്രാരംഭത്തിനുശേഷം പ്രസ്തുത സ്പോർട്സ് സംഘടനയോ സ്പോർട്സ് താരമോ ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യാത്ത പക്ഷം അത്തരം യാതൊരു വ്യവഹാരമോ അപ്പീലോ, മറ്റു നിയമ നടപടിയോ തുടരുവാനോ, വാദം കേൾക്കുവാനോ വിചാരണ ചെയ്യുവാനോ തീർപ്പാക്കുവാനോ പാടില്ലാത്തതുമാണ്.

അദ്ധ്യായം IX

ഉദ്യോഗസ്ഥൻമാരും ജീവനക്കാരും

43. ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമം.— (1) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സെക്രട്ടറിക്ക് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച് ഈ ആക്ടിൻകീഴിലുള്ള എല്ലാ കൗൺസിലുകളുടെയും അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് സഹായമാകുംവിധം, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, അത് അനുവദിച്ചിട്ടുള്ള അത്രയും തസ്തികകളിലേക്കാവശ്യമായ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും കൗൺസിലുകൾക്കുവേണ്ടി നിയമിക്കാവുന്നതാണ് :

എന്നാൽ നേരിട്ട് നടത്തേണ്ട എല്ലാ നിയമനങ്ങളിലും, നിർണ്ണയിക്കപ്പെടാവുന്നത്ര ശതമാനം തസ്തികകൾ സ്പോർട്സ് താരങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) സംസ്ഥാന സ്പോർട്സ് കൺസിലിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, സംസ്ഥാന സർക്കാരിന്റെ ഒരു ജീവനക്കാരനെ, അതിനു യുക്തമെന്നു തോന്നുന്ന നിബന്ധനകളിന്മേലും ഉപാധികളിന്മേലും, സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയോ ജില്ലാ സ്പോർട്സ് കൗൺസിലിന്റെയോ ഒരു ജീവനക്കാരനായി ഡപ്യൂട്ടേഷനിൽ നിയമിക്കാവുന്നതാണ്.

(3) ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, സംസ്ഥാന സ്പോർട്സ് കൗൺസിലിലേയും ജില്ലാ സ്പോർട്സ് കൗൺസിലിലേയും ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമനവും സേവന വ്യവസ്ഥകളും, നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

അദ്ധ്യായം X

പലവക

44. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.— (1) സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, മുൻകാല പ്രാബല്യത്തോടെയോ പിൽക്കാല പ്രാബല്യത്തോടെയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിലേക്കോ ജില്ലാ സ്പോർട്സ് കൗൺസിലിലേക്കോ ഉള്ള അംഗങ്ങളെ തെരഞ്ഞെടുക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ സംഗതികളും ;

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലും കണക്കുകൾ സൂക്ഷിക്കുന്നതും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റും ആഡിറ്റർമാരുടെ റിപ്പോർട്ടും പ്രസിദ്ധീകരിക്കുന്നതും ;

(സി) സംസ്ഥാന സ്പോർട്സ് കൗൺസിലോ ജില്ലാ സ്പോർട്സ് കൗൺസിലോ കരാറുകളിൽ ഏർപ്പെടുന്നതിനോ വസ്തുക്കൾ കൈവശം വയ്ക്കുകയോ കൈയൊഴിയുകയോ ചെയ്യുന്നതിനോ ഉള്ള നിയന്ത്രണങ്ങളും ഉപാധികളും ;

(ഡി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ ;

(ഇ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും സെക്രട്ടറിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അധികാരങ്ങൾ, കർത്തവ്യങ്ങൾ, ചുമതലകൾ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ ആക്റ്റുപ്രകാരം രൂപീകരിക്കപ്പെടുന്ന സ്പോർട്സ്, കൗൺസിലുകൾ ബജറ്റ് തയ്യാറാക്കുകയും, അതതു സംഗതിപോലെ, ജില്ലാ സ്പോർട്സ് കൗൺസിലിനോ സംസ്ഥാന സ്പോർട്സ് കൗൺസിലിനോ സർക്കാരിനോ സമർപ്പിക്കുകയും ചെയ്യേണ്ട രീതിയും സമയപരിധിയും ;

(ജി) 38-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം അപ്പലേറ്റ് ട്രൈബ്യൂണൽ അനുവർത്തിക്കേണ്ട നടപടിക്രമം ;

(എച്ച്) ഈ ആക്റ്റുപ്രകാരം നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതെങ്കിലും സംഗതി.

(3) ഈ ആക്റ്റുപ്രകാരം ഉണ്ടാകുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം നിയമസഭ മുൻപാകെ, അത് സമ്മേളനത്തിലായിരിക്കുമ്പോൾ, ഒരു സമ്മേളനങ്ങളിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക്, വയ്ക്കേണ്ടതും, അത് അപ്രകാരം വച്ച സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ്, ചട്ടത്തിൽ നിയമസഭ എന്തെങ്കിലും ഭേദഗതി വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാണ് ; എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്ത ഏതെങ്കിലും കാര്യത്തിന്റെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

45. റഗുലേഷനുകൾ ഉണ്ടാക്കാൻ സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള അധികാരം.— (1) സംസ്ഥാന സ്പോർട്സ് കൗൺസിലിന് ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായും, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും, വിജ്ഞാപനം വഴി, പൊതുവായി ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള റഗുലേഷനുകളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക്, വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(എ) സ്പോർട്സ് ക്ലബ്ബുകളുടെ അഫിലിയേഷനുള്ള വ്യവസ്ഥകളും ക്രമങ്ങളും ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെങ്കിലും സ്പോർട്സോ, ഗെയിമോ, ടൂർണമെന്റോ നടത്തുകയോ സംഘടിപ്പിക്കുയോ ചെയ്യുന്നതിനുള്ള നിലവാരവും യോഗ്യതകളും, വ്യവസ്ഥകളും നിർണ്ണയിക്കുക ;

(സി) സ്പോർട്സ് സംഘടനകളുടെ സ്ഥാപനവും കളിസ്ഥലങ്ങളുടെ സംരക്ഷണവും ;

(ഡി) ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും, കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിന്റെയും മുനിസിപ്പൽ സ്പോർട്സ് കൗൺസിലിന്റെയും ടൗൺ സ്പോർട്സ് കൗൺസിലിന്റെയും ബ്ലോക്ക് സ്പോർട്ട്സ് കൗൺസിലിന്റെയും ഗ്രാമ സ്പോർട്ട്സ് കൗൺസിലിന്റെയും ചുമതലകളും അധികാരങ്ങളും ;

(ഇ) സംഭാവനകളും എൻഡോവ്മെന്റുകളും സ്വീകരിക്കലും അവയുടെ നടത്തിപ്പും ;

(എഫ്) ഈ ആക്ടിൻ കീഴിൽ റഗുലേഷനുകൾ മുഖാന്തിരം വ്യവസ്ഥ ചെയ്യേണ്ടതോ ചെയ്യാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

46. ആദ്യ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ആദ്യ ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെയും നാമനിർദ്ദേശം.— ഈ ആക്ടിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ആദ്യത്തെ സംസ്ഥാന സ്പോർട്സ് കൗൺസിലും ആദ്യത്തെ ജില്ലാ സ്പോർട്സ് കൗൺസിലും, സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അപ്രകാരം നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ രണ്ടു വർഷക്കാലത്തേയ്ക്കോ അഥവാ ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ, തുടരാവുന്നതുമാണ്.

47. കൗൺസിലെ അംഗങ്ങളും ജീവനക്കാർ മുതലായവരും പബ്ലിക് സർവെന്റുമാരായിരിക്കുമെന്ന്.— കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലേയോ ജില്ലാ സ്പോർട്സ് കൗൺസിലിലേയോ, കോർപ്പറേഷൻ സ്പോർട്സ് കൗൺസിലിലേയോ, മുനിസിപ്പൽ സ്പോർട്സ് കൗൺസിലിലേയോ ടൗൺ സ്പോർട്സ് കൗൺസിലിലേയോ ബ്ലോക്ക് സ്പോർട്സ് കൗൺസിലിലേയോ ഗ്രാമ സ്പോർട്സ് കൗൺസിലിലേയോ ഓരോ അംഗവും ഈ ആക്റ്റ് അനുസരിച്ച് നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ഇൻഡ്യൻ ശിക്ഷാ നിയമം (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവെന്റായി കണക്കാക്കപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

48. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.— (1) ആദ്യ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയോ ആദ്യ ജില്ലാ സ്പോർട്സ് കൗൺസിലിന്റെയോ രൂപീകരണത്തിലോ മറ്റുതരത്തിൽ ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിലോ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന് ഉത്തരവുമൂലം, ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതും വൈഷമ്യം നീക്കുന്നതിന് ആവശ്യമാണെന്ന് അതിനു തോന്നുന്നതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും, അത് പുറപ്പെടുവിച്ചശേഷം കഴിയുന്നത്ര വേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

കെ. ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ
സെക്രട്ടറി (ഇൻ-ചാർജ്)

കേരള നിയമസഭാ സെക്രട്ടേറിയേറ്റ്,
തിരുവനന്തപുരം,
2000 ജൂൺ 26.

LIBRARY ARCHIVES Kerala Legislative Assembly